Phone No. 2972

31

# ഗ്രന്ഥാലോകം

തിരു: കൊച്ചി
ഗ്രന്ഥശാലാസംഘം പ്രസിദ്ധീകരണം.



കവിമണി മെമ്മോറിയൽ ലൈബ്രറി, തേരൂർ, ശുചീന്ദ്രം.

6-6-52-ൽ മദ്രാസ് സർവ്വകലാശാലാ പ്രിൻസിപ്പാൾ ഡാക്ടർ കെ. കനകസഭാപതിപിള്ള ഈ മന്ദിരം ഉൽഘാടനം ചെയ്തു.



ഗ്രന്ഥാലോകം

വരിസംഖ്യ

വാർഷികവരി മുൻകൂർ രൂ. 6.

ഒറ്റപ്രതി അണ 8.

# വിഷയവിവരം


| | | |
|---|---|---|
| പത്രാധിപവീഥി | | |
| അമേരിക്കയിൽനിന്ന് ഒരു കത്ത് (സ്വാമി വിവേകാനന്ദൻ) | — | സി. കെ. നാരായണക്കുറുപ്പ് എം. എ. |
| ജനകീയഗ്രന്ഥശാലകൾ | — | പാറയിൽ ഷംസുദ്ദീൻ ബി. എ, ബി. എൽ. |
| കർമ്മംമുമ്പ്! (കവിത) | — | വിദ്വാൻ വട്ടോളി കൊച്ചുകൃഷ്ണൻനായർ |
| വയോജനവിദ്യാഭ്യാസം | — | ഏ. ഡി. രാജഗോപാൽ |
| സുഭാഷിതവീഥി | | |
| കുട്ടിഗ്രന്ഥശാലകൾ | — | സെക്രട്ടറി, പി. കെ. മെമ്മോറിയൽ ഗ്രന്ഥശാല |
| ഉല്ക്കകൾ | — | എസ്സ്. പരമേശ്വരൻ ബി. എ. (ആണേഴ്സ്) |
| ആ സംഭവം (ചെറുകഥ) | — | ജി. ഉണ്ണിക്കൃഷ്ണക്കുറുപ്പ് |
| "ജീവിതത്തെ നോക്കിക്കണ്ട്" | — | സി. ജെ തോമസ് ബി. എ. ബി. എൽ. |
| ചിന്താലോകത്തിൽ | | |
| ഗ്രന്ഥനിരീക്ഷണം | | |
| ഗ്രന്ഥശാലാവാർത്തകൾ | | |


*

# ലേഖകന്മാരോട്

ഗ്രന്ഥശാലാപ്രസ്ഥാനം, കല, ശാസ്ത്രം, ദേശചരിത്രം, സാമൂഹ്യപുരോഗതി, സംസ്കാരം, വിശ്വസാഹിത്യത്തിലെ വിശിഷ്ടഗ്രന്ഥങ്ങൾ മുതലായ വിഷയങ്ങളെ അധികരിച്ചുള്ള നല്ലനല്ല ലേഖനങ്ങളെ ഞങ്ങൾ സഹർഷം സ്വാഗതംചെയ്യുന്നതാണ്. രസകരങ്ങളും സദ്വികാരപോഷകങ്ങളുമായ ചെറുകഥകൾക്കും കവിതകൾക്കും ഗ്രന്ഥലോകത്തിൽ സമുചിതമായ സ്ഥാനം അനുവദിക്കാനും ഒരുക്കമാണ്.

ഈ ഉദ്ദേശം സഫലീകരിക്കാൻ സഹായിക്കണമെന്ന് എല്ലാ ലേഖകസുഹൃത്തുക്കളോടും അപേക്ഷിക്കുന്നു. (ഗ്ര. പ.)

# ഗ്രന്ഥാലോകം

പത്രാധിപർ — സി. നാരായണപിള്ള ബി. ഏ. ബി. എൽ.

വാല്യം 4 | ആഗസ്റ്റ് — സെപ്റ്റംബർ 1952 | ലക്കം 8 & 9

# പത്രാധിപവീഥി

## വായിക്കുവാനുള്ള സ്വാതന്ത്ര്യം

ഭയത്തിൽനിന്നു സ്വാതന്ത്ര്യം, പട്ടിണിയിൽനിന്നു സ്വാതന്ത്ര്യം, അഭിപ്രായസ്വാതന്ത്ര്യം എന്നിങ്ങനെ പ്രസിഡൻറ് റൂസ്‌വെൽട്ട് നിർവ്വചിച്ചിട്ടുള്ള മനുഷ്യാവകാശങ്ങളോടൊപ്പം വായിക്കുവാനുള്ള സ്വാതന്ത്ര്യം എന്നൊരവകാശംകൂടി അനുബന്ധിക്കേണ്ടതാവശ്യമാണെന്ന് വിചാരിക്കുവാൻ മതിയായ കാരണങ്ങൾ ഉത്ഭവിച്ചുതുടങ്ങിയിട്ടുണ്ട്. ഇൻഡ്യൻഭരണഘടനയിലെ മൗലികാവകാശപ്രഖ്യാപനത്തിലും ഇങ്ങനെയൊരു വ്യവസ്ഥ പ്രത്യേകം എഴുതിച്ചേർക്കേണ്ടി വരികയില്ലേ എന്നു ഞങ്ങൾ സംശയിക്കുന്നു. മതഭ്രാന്തന്മാരും പുരോഗതിയുടെ ശത്രുക്കളും അക്ഷരവിദ്വേഷികളുമായ ഭരണകർത്താക്കൾ ഈ രാജ്യത്തും മററുവിടെയുമെന്നപോലെ ഉണ്ടാകുമെന്നു തന്നെ വിശ്വസിക്കണം. അവർക്കു ദുർവ്യാഖ്യാനം ചെയ്യുവാൻ കഴിയാത്തവണ്ണം മനുഷ്യാവകാശങ്ങൾക്കു നിയമസാധുത്വം നല്കുന്നതു് അവിഹിതമായിരിക്കയില്ല. മുതലാളിത്തതാല്പര്യങ്ങളുടെ പ്രവാചകന്മാരെന്നും കമ്മ്യൂണിസത്തിൻെറ ആജന്മശത്രുക്കളെന്നും ലോകപ്രസിദ്ധിനേടിയിട്ടുള്ള അമേരിക്കൻ ഐക്യരാജ്യങ്ങളിലെ ജനങ്ങൾപോലും വായിക്കുവാനുള്ള സ്വാതന്ത്ര്യത്തിനു കല്പിച്ചിട്ടുള്ള മൂല്യം എത്ര വലുതാണെന്നു മനസ്സിലാക്കിയാൽ കമ്മ്യൂണിസ്റ്റ്സാഹിത്യം ബഹിഷ്കരിക്കുവാനുള്ള നമ്മുടെ ഗവമ്മെൻറിൻെറ ശ്രമങ്ങളിലന്തർഭവിക്കുന്ന ബാലിശത്വം കൂടുതൽ വ്യക്തമാകുന്നതാണു്. ന്യൂയാക്കിലെ കൂപ്പർയൂണിയൻ ലൈബ്രേറിയനായ ഡേവിഡ് കെ. ബർണിംഗ്ഹാസൻ നേഷൻ എന്ന പത്രത്തിൽ വായിക്കുവാനുള്ള സ്വാതന്ത്ര്യത്തെപ്പററി എഴുതിയിട്ടുള്ള ഒരു ലേഖനത്തിലെ വിജ്ഞേയമായ ചില ഭാഗങ്ങൾ ഞങ്ങളുടെ വായനക്കാരുടെ അറിവിനുവേണ്ടി താഴെ സംഗ്രഹിക്കുന്നു:—

റഷ്യയിലേയും നാസിജമ്മനിയിലേയുമെന്നപോലെ അമേരിക്കയിലെ ഗ്രന്ഥശാലകളും ചില ആശയങ്ങൾക്കും അഭിപ്രായപ്രകടനങ്ങൾക്കും സ്ഥലമനുവദിക്കാതെയുള്ള ചില സ്വാധീനശക്തിയുള്ള പ്രതിലോമവാദികളുടെ അഭിപ്രായങ്ങളെ 21000 ലൈബ്രേറിയന്മാരുടെ സംഘടനയായ അമേരിക്കൻലൈബ്രേറിഅസോസിയേഷൻ നിര

സിക്കയും എതിരഭിപ്രായം സ്വീകരിക്കയും ചെയ്തു. ഔദ്യോഗികമായിത്തന്നെ കഴിഞ്ഞ ജൂൺ 28-ം 29-ം തീയതികളിൽ പ്രസ്തുത അസോസിയേഷന്റെ ഒരു കമ്മിററി "സെൻസർഷിപ്പ്" പ്രശ്നങ്ങളെപ്പററി ആലോചിക്കുവാൻ ന്യൂയാക്ക് ബാർ അസോസിയേഷനിൽ ഒരു സാംസ്കാരിക സമ്മേളനം വിളിച്ചുകൂട്ടി. വില്യംഡിക്സ് ആയിരുന്നു ഈ കമ്മററിയുടെ അദ്ധ്യക്ഷൻ. പ്രിൻസ് ടൗൺ യൂണിവേഴ്സിററിയിലെ ലൈബ്രേറിയൻ ഡാ. ജൂലിയൻബായിഡ് വാഷിംഗ്ടൺപോസ്റ്റിന്റെ പത്രാധിപരായ അലയൻബാത്ത്, കാലിഫോർണിയാ യൂണിവേഴ്സിററിയിലെ ജാൺഈസ്മിത്ത്, റാൻഡംഹൗസിലെ ക്ലാപ്പ്ഫർ എന്നിങ്ങനെ പ്രശസ്തരായ പല വിദ്യാഭ്യാസവിദഗ്ദ്ധന്മാരും ഗ്രന്ഥശാലാപ്രവർത്തകരും ഈ സമ്മേളനത്തിൽ സന്ധിക്കയും വാദപ്രതിവാദങ്ങളിൽ പങ്കെടുക്കുകയും ചെയ്തു.

എല്ലാ പ്രശ്നങ്ങളുടേയും നാനാമുഖമായ വശങ്ങളെപ്പററി വിജ്ഞാനം വിതരണംചെയ്യുകയാണ് ഒരു ലൈബ്രേറിയന്റെ തൊഴിൽപരമായ കർത്തവ്യമെന്ന് കമ്മിററിയുടെ അദ്ധ്യക്ഷനായ ഡിക്സ് യുക്തിയുക്തം സമർത്ഥിച്ചു. എന്നാൽ കമ്മ്യൂണിസ്റ്റുകാർക്കുവേണ്ടിയോ റിപ്പബ്ലിക്കൻസിനുവേണ്ടിയോ ഡെമോക്രാററിനുവേണ്ടിയോ അല്ലെങ്കിൽ മറേറതെങ്കിലും കക്ഷിക്കുവേണ്ടിയോ പ്രചരണം നടത്തുകയെന്നുള്ളതു് ലൈബ്രറികളുടെ ധർമ്മമല്ല. ലൈബ്രേറിയന്മാർ അതിലേക്കുള്ള ഉപകരണങ്ങളാകയുമരുതു്. ആശയങ്ങളുടെ കമ്പോളങ്ങളിലെ വ്യാജച്ചരക്കുകളുടെ ചെമ്പു തെളിയിക്കുവാൻ സത്യത്തിന് എപ്പോഴും പരിപൂർണ്ണസ്വാതന്ത്ര്യം ഉണ്ടായിരിക്കണം. 1937-ൽ പാസാക്കിയതും 1948-ൽ വീണ്ടും അംഗീകരിച്ചതും ആയ ലൈബ്രറി അവകാശനിയമത്തിൽ ഈ വിഷയത്തെപ്പററിയുള്ള വ്യവസ്ഥകൾ ഇങ്ങിനെ സംഗ്രഹിക്കാം:—

സമുദായത്തിന്റെ മാനസികവികാസം വിജ്ഞാനം, രസം എന്നിവയെ അടിസ്ഥാനമാക്കിയായിരിക്കണം ഗ്രന്ഥങ്ങളും വായിക്കുവാനുള്ള മററു പ്രസിദ്ധീകരണങ്ങളും തെരഞ്ഞെടുക്കേണ്ടതു്. ഒരു ഗ്രന്ഥകർത്താവിന്റെ വർഗ്ഗത്തേയോ വംശത്തേയോ മതപരവും രാഷ്ട്രീയവും ആയ അഭിപ്രായങ്ങളേയോ അടിസ്ഥാനമാക്കി ഒരൊററ ഗ്രന്ഥം പോലും തിരസ്കരിക്കുവാൻ പാടുള്ളതല്ല. ആനുകാലികമായ പ്രശ്നങ്ങളെക്കുറിച്ചുള്ള പ്രാദേശികവും ദേശീയവും അന്തർദ്ദേശീയവുമായ എല്ലാ വീക്ഷണകോടികളും കഴിയുന്നിടത്തോളം പൂർണ്ണമായി പ്രദർശിപ്പിക്കേണ്ടതും കക്ഷിപരമോ സിദ്ധാന്തപരമോ ആയ കാരണങ്ങൾകൊണ്ടു് ഒരിക്കലും പുസ്തകങ്ങളോ അധികൃതങ്ങളായ വസ്തുതാവിവരണങ്ങളോ ലൈബ്രറിഅലമാരകളിൽനിന്നു നീക്കംചെയ്യുവാൻ പാടില്ലാത്തതുമാണ്. ലൈബ്രറികൾ അച്ചടിമാർഗ്ഗമായുള്ള വിജ്ഞാനവിതരണത്തിന് അവയിൽ നിക്ഷിപ്തമായിട്ടുള്ള കർത്തവ്യങ്ങളുടെ അനിയന്ത്രിതമായ നിർവ്വഹണത്തിനുവേണ്ടി സന്മാർഗ്ഗപ്രചരണം കുത്തകാവകാശമായി ഏററിട്ടുള്ളവരും രാഷ്ട്രീയകക്ഷികളും സംഘടനകളും മർദ്ദനംമൂലം നടപ്പിൽവരുത്തുവാൻ ശ്രമം ചെയ്യുന്ന എല്ലാ നിരോധനങ്ങളേയും വെല്ലുവിളിക്കേണ്ടതാണ്.

സെൻസർഷിപ്പു ചുമത്തണമെന്നു വാദിക്കുന്നവർ യഥാർത്ഥത്തിൽ അമേരിക്കയുടെ അഭിപ്രായങ്ങളെ പ്രതിബിംബിപ്പിക്കുന്നില്ലെന്നാണ് ജൂലിയൻബായിഡ് പറഞ്ഞതു്. അവരാണ് ഇന്നു വിദ്ധ്വംസകപ്രവർത്തനങ്ങളിലേർപ്പെട്ടിരിക്കുന്നതു്. നാമിന്നു റഷ്യയിലുള്ള ഉരുക്കുമറകളെപ്പററി

ആക്ഷേപം പുറപ്പെടുവിക്കാറുണ്ട്. എന്നാൽ ഈ നിരോധനവാദികൾ ഇപ്പോൾ ഈ ഉരുക്കുമറയുടെ മാഹാത്മ്യം മനസ്സിലാക്കി അതിനെ അനുകരിക്കണമെന്നു തിരക്കുകൂട്ടുന്നു. ഹിററ്ലരുടേയും സ്റ്റാലിന്റേയും സ്തുതിപാഠകന്മാരായിത്തീരുകയാണ് അവർ ചെയ്തിട്ടുള്ളതു്. ബുദ്ധിപൂർവ്വമോ ആശാസ്യമോ ആയ സെൻസർഷിപ്പ് ആവശ്യമാണെന്നു ചിലർ പറയുന്നു. ബുദ്ധിപൂർവ്വമോ ആശാസ്യമോ ആയ സെൻസർഷിപ്പ് എന്നൊന്നു ലോകത്തിലില്ല. അതൊരു വിരോധാഭാസമാണ്. ചില ആഭാസവിനോദങ്ങളും പുരോഗമനമെന്നു പറഞ്ഞുവരുന്ന ചില ഓടസാഹിത്യകൃതികളും ചില വായനക്കാരുടെ രസവാസനകളെ ദുഷിപ്പിക്കുമെന്നും അവ സമുദായത്തിനു തന്നെ ദോഷം ചെയ്യുമെന്നും വേണമെങ്കിൽ സമ്മതിക്കാം. എന്നാൽ സെൻസർഷിപ്പാകുന്ന നിരോധനം ഔദ്യോഗികമായാലും അനൗദ്യോഗികമായാലും അതു മനുഷ്യരെ മുഴുവൻതന്നെ വളരെ വേഗത്തിൽ ദുഷിപ്പിക്കുമെന്നുള്ളതിൽ യാതൊരു സംശയത്തിനും വകയില്ല. അന്വേഷണത്തിനും ഗവേഷണത്തിനുമുള്ള മൗലികമായ സ്വാതന്ത്ര്യം ഏതൊരാൾക്കുമുണ്ട്. അതു സംരക്ഷിക്കയെന്നുള്ളതു് പ്രസിദ്ധീകരണശാലകളുടേയും ഗ്രന്ഥകാരന്മാരുടേയും ലൈബ്രറികളുടേയും കർത്തവ്യമാണ്. സ്വാതന്ത്ര്യം യഥാർത്ഥത്തിൽ വിപല്ക്കരമാണ്. ഏതൊരാളുടേയും ആശയങ്ങൾക്ക് അനിയന്ത്രിതമായ പ്രചാരം നൽകുന്നതു് പല ദുർഘടങ്ങൾക്കും ഇടവരുത്തിയേക്കാം. എന്നാൽ ആശയങ്ങൾ അടിച്ചമർത്തുന്നതുകൊണ്ട് നമ്മുടെ ജീവിതത്തിൽ നാം പ്രിയതരമായി പരിഗണിക്കുന്ന എല്ലാ കാര്യങ്ങൾക്കും എത്രയോ കൂടുതൽ വിപത്തുകളുണ്ടാകുമെന്ന കാര്യം അവിതർക്കിതമാണ്. വായിക്കുവാനും സ്വാഭിപ്രായം രൂപവൽക്കരിക്കാനും ഉള്ള പരമ്പരാസിദ്ധമായ അവകാശങ്ങളെ സംരക്ഷിക്കുന്നവിഷയത്തിൽ അമേരിക്കൻഗ്രന്ഥശാലകൾ എപ്പോഴും ഉണർന്നുപ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ലൈബ്രറികളേയും ലൈബ്രേറിയന്മാരേയും ആരുടേയും ക്രോധത്തിൽനിന്നും സംരക്ഷിക്കുകയല്ലാ, പിന്നെയോ ഏതൊരു പൗരനും അവനു ഹിതകരമായ ഗ്രന്ഥങ്ങൾ വായിക്കുവാനുള്ള അവകാശങ്ങളെ ഉയർത്തിപ്പിടിക്കുകയാണ് അമേരിക്കൻഗ്രന്ഥശാലയുടെ കർത്തവ്യമെന്നു് ആ സമ്മേളനം പ്രഖ്യാപിക്കയുണ്ടായി.

വായനക്കാരുടെ അഭിപ്രായങ്ങളെ ആദ്യനോട്ടത്തിൽതന്നെ കലുഷപ്പെടുത്തുമാറ് ഗ്രന്ഥവിഭാഗങ്ങളെ വേർതിരിക്കുന്നതു തെററാണെന്നും സമ്മേളനം അഭിപ്രായപ്പെട്ടു. സർവ്വാധിപത്യരാഷ്ട്രങ്ങളിൽ വിധ്വംസകസാഹിത്യം, ബൂർഷ്വാസാഹിത്യം, കമ്മ്യൂണിസ്റ്റ് സാഹിത്യം എന്നൊക്കെ ഗ്രന്ഥവിഭാഗങ്ങളെ വേർതിരിച്ച് 'ലേബലു'കൾ ഒട്ടിക്കാറുണ്ടെങ്കിലും അങ്ങിനെയുള്ള ദുഷിച്ച വിഭജനം, അനീതിയും അജ്ഞതയുമല്ലാതെ നീതിബോധവും വിജ്ഞാനവും പ്രചരിപ്പിക്കുവാൻ സഹായിച്ചിട്ടില്ല. ഒരു ജനായത്തരാഷ്ട്രം അങ്ങിനെയുള്ള വിഭജനത്തെ സർവ്വശക്തികളും പ്രയോഗിച്ചെതിർക്കേണ്ടതാണ്. ഗ്രന്ഥശാലകൾ അവ ശേഖരിച്ചുവച്ചിട്ടുള്ള ഗ്രന്ഥങ്ങളിലെ അഭിപ്രായങ്ങൾ എല്ലാം ശരിയെന്നു വാദിക്കുന്ന വക്കീലന്മാരല്ല. ഗ്രന്ഥശാലകൾ ശേഖരിക്കുന്ന ഏതെങ്കിലും മാസികയിലേയോ പത്രത്തിലേയോ അഭിപ്രായങ്ങളോടും ഉള്ളടക്കങ്ങളോടും അവ യോജിക്കുന്നുവെന്നും അർത്ഥമില്ല. കമ്മ്യൂണിസ്റ്റ്സാഹിത്യത്തെ വിധ്വംസകസാഹിത്യമെന്ന 'ലേബൽ' ഒട്ടിച്ചു പ്രദർശിപ്പിക്കുന്ന ഗ്രന്ഥശാലകൾ മററു സാഹിത്യ

ങ്ങൾക്കു് അവച്ഛിന്നരൂപമായ ഭേദബാധ്യകൾ ഒഴിക്കാതിരിക്കുന്നതിൽ ഒരു നീതീകരണവുമില്ല. റഷ്യയെപ്പോലുള്ള സർവ്വാധിപത്യ രാഷ്ട്രങ്ങൾ ആശയങ്ങളെ അടിച്ചമർത്തുന്നതുകൊണ്ടും വ്യക്തികളെ അവരുടെ അഭിപ്രായങ്ങൾ കാരണമാക്കി ദണ്ഡിപ്പിക്കുന്നതുകൊണ്ടും ജനായത്ത രാഷ്ട്രങ്ങളും അവയെ അനുകരിക്കണമെന്നുള്ള വാദം നിരർത്ഥകമാണു്. നേരമറിച്ചു് സർവ്വാധിപതികൾ ആശയങ്ങളുടെ പ്രചരണം നിയന്ത്രിക്കുന്നതുകൊണ്ടുതന്നെയാണു് ജനായത്ത രാഷ്ട്രങ്ങൾ അതിൽ നിന്നു് കടകവിരുദ്ധമായ ഒരു നയം സ്വീകരിക്കേണ്ടതായിട്ടുള്ളതു്.

കമ്മ്യൂണിസ്റ്റ് സാഹിത്യത്തോടു് യുദ്ധപ്രഖ്യാപനം ചെയ്തിട്ടുള്ള സംസ്ഥാനഗവൺമെൻറിനു് അമേരിക്കൻ ഗ്രന്ഥശാലാസംഘത്തിൻെറ ഈ അഭിപ്രായങ്ങൾ വെളിച്ചം നൽകുമെന്നും ഈ രാജ്യത്തെ ഗ്രന്ഥശാലകൾക്കു് അവ മാർഗ്ഗദർശകങ്ങളായിരിക്കുമെന്നും ഞങ്ങൾ വിശ്വസിക്കുന്നു.

# അമേരിക്കയിൽ നിന്നു് ഒരു കത്തു്

## സ്വാമി വിവേകാനന്ദൻ

[വിവർത്തകൻ, സി. കെ. നാരായണക്കുറുപ്പ് എം. എ.]

ചിക്കാഗോ
19 th മാർച്ച് 1894

പ്രിയസുഹൃത്തേ,

ഇവിടെ വന്നുചേർന്നശേഷം നിങ്ങൾക്കു ആദ്യമായി എഴുതുകയാണു്. ഹരിദാസ് ഭായിയുടെ എഴുത്തിൽനിന്നു വിവരങ്ങൾ എല്ലാം അറിഞ്ഞു. നിങ്ങൾ എല്ലാവരും തന്നെ—ഗിരീശചന്ദ്രഘോഷ് —ഉൾപ്പെടെ അദ്ദേഹത്തെ വേണ്ടവണ്ണം സ്വീകരിച്ചു എന്നറിയുന്നതിൽ സന്തോഷമുണ്ടു്.

എനിക്കു് ഈ രാജ്യത്തു് ഒന്നിനും ബുദ്ധിമുട്ടില്ല. ഭിക്ഷാംദേഹിയായ ഒരു ജീവിതം ഇവിടെ സ്വീകാര്യമല്ല. ഞാൻ പ്രവൃത്തിയെടുക്കുന്നു. അതായതു് പലേടത്തും നടന്നു പ്രസംഗിക്കുന്നു. ഇവിടെ തണുപ്പും ചൂടും ഒന്നുപോലെ കഠിനമാണു്. വേനൽക്കാലത്തിന്റെ തീക്ഷ്ണത കല്ക്കത്തയിലെക്കാൾ ഒട്ടും കുറവല്ല. ശിശിരത്തുവിലെ തണുപ്പിനെപ്പററി എന്താണു പറയുക? മൂന്നും നാലും അടി പൊക്കത്തിൽ—ചിലേടത്തു് ആറും ഏഴും അടിവരെ—മഞ്ഞുകട്ടികൾകൊണ്ടു മൂടപ്പെടുന്നു. പക്ഷെ അതിനെ ഒരു ഗൗരവബുദ്ധിയോടുകൂടി ഇവിടെ ആരും കരുതാറില്ല.

* * * *

മഞ്ഞു വീഴുന്നതു് ഏററവും കൂടുതൽ തണുപ്പുള്ളപ്പോൾ ആണെന്നാണു് ഞാൻ ധരിച്ചിരുന്നതു്. പക്ഷേ അതങ്ങനെയല്ല. താരതമ്യേന തണുപ്പു കുറയുന്ന ദിവസങ്ങളിലാണു് മഞ്ഞു പൊഴിയുക. വലിയ തണുപ്പു് തലയ്ക്കു് ഒരുമാതിരി മത്തുപിടിപ്പിക്കാറുണ്ടു്. അക്കാലങ്ങളിൽ വണ്ടികൾ ഓടാറില്ല. ചക്രങ്ങളില്ലാത്ത ഒരുതരം ഉന്തുവണ്ടികൾ (സ്ലെഡ്ജ്) ആണു് ഉപയോഗിക്കുന്നതു്. എല്ലാം മരവിച്ചു് കട്ടിയാകുന്നു. ആറുകളിലും തടാകങ്ങളിലുംകൂടി ആനകൾക്കും നടന്നുപോകാം. വലിയ ഊക്കോടുകൂടി പ്രവഹിക്കുന്ന 'നയാഗ്രാ' വെള്ളച്ചാട്ടം ഒരു മാർബിൾക്കല്ലായി മരവിച്ചുപോകുന്നു. എന്നാൽ എനിക്കു ശരീരാസ്വാസ്ഥ്യമൊന്നുമില്ല. ആദ്യമാദ്യം കുറച്ചു ഭയമുണ്ടായിരുന്നു. എന്നാൽ ആവശ്യങ്ങളുടെ തിരക്കു് എന്നെ കാനഡായിലും അടുത്ത ദിവസം തെക്കേ അമേരിക്കയിലും എത്തി പ്രസംഗങ്ങൾ ചെയ്യുന്നതിനു നിർബദ്ധനാക്കുന്നു. ആവിക്കുഴലുകൾകൊണ്ടു തീവണ്ടികളിലെ മുറികൾ എപ്പോഴും ചൂടാക്കപ്പെട്ടിരിക്കും. ചുററുപാടും ഒരു കരിമ്പൊട്ടുപോലും പററാത്ത മഞ്ഞുകട്ടികൾ നിരന്നുകിടക്കുന്ന ആ കാഴ്ച എന്തൊരു ഭംഗിയാണു്!

എന്റെ ചെവിയും മൂക്കും മുറിഞ്ഞുപോകുമെന്നുതന്നെ ഞാൻ ഭയപ്പെട്ടു. പക്ഷേ അവ ഇപ്പോഴും അവയുടെ സ്ഥാനത്തുണ്ടു്. ഏതായാലും പുറത്തിറങ്ങുന്നതു് ഒരു കെട്ടു് കമ്പിളിക്കോട്ടുകളും കമ്പിളി പൊതിഞ്ഞ

പാദരക്ഷകളും മററും ധരിച്ചുകൊണ്ടാണ്. നാം ഉച്ഛ്വസിക്കുന്ന വായു മരവിച്ച് മീശയിൽ തടഞ്ഞുനില്ക്കുന്നു. കഥ ഇങ്ങനെയൊക്കെയാണെങ്കിലും വീട്ടിനകത്തു വച്ച് ഒരു ക്ഷണം മഞ്ഞുകട്ടി ചേക്കാതെ അമേരിക്കക്കാരൻ വെള്ളം കുടിക്കാറില്ല. ഇതിൻെറ കാരണം വീട്ടിനകം അത്ര ചൂടാക്കി സൂക്ഷിക്കുന്നു എന്നുള്ളതാണ്. ഓരോ മുറിയും കോണിപ്പടികളും ആവിക്കുഴലുകൾ കൊണ്ടു ചൂടാക്കപ്പെട്ടുകൊണ്ടിരിക്കുന്നു. ഉപകരണങ്ങളുടേയു കലാസാമഗ്രികളുടേയും സമൃദ്ധിയിൽ, ആഡംബരത്തിൻേറയും ആനന്ദത്തിൻേറയും അനുഭവത്തിൽ, പണം ഉണ്ടാക്കുന്നതിലും അതു ചെലവഴിക്കുന്നതിലും അമേരിക്കർ ഏററവും മുന്നണിയിലാണ്. ഒരു വേലക്കാരൻെറ ശമ്പളം ദിവസം 6 ക. യാണ്. 3 ക. യിൽ കുറഞ്ഞു ഒരു വണ്ടി വാടകയ്ക്കു കിട്ടുകയില്ല. ഒരു സിഗാറിൻെറ വില 4 ണ. യാണ്. ഒരു നല്ലജോഡി ചെരുപ്പിന് 24 ക. വിലയുണ്ട്. ഒരു സൂട്ടിന് 500 ക. യും. സമ്പാദിക്കുന്നതുപോലെതന്നെ ധാരാളമായി അവർ ചെലവഴിക്കുന്നു. ഒരു പ്രസംഗത്തിന് 200 മുതൽ 3000വരെ ക. പ്രതിഫലം കിട്ടാം. എനിക്കുതന്നെ 500 ക. വരെ കിട്ടിയിട്ടുണ്ട്. എനിക്ക് ഇപ്പോൾ ഐശ്വര്യത്തിൻെറ കൊയ്ത്തുകാലമാണെന്നു തോന്നുന്നു. ഈ നാട്ടുകാർക്ക് എന്നെ ഇഷ്ടമാണ്. എൻെറ പ്രസംഗം കേൾക്കുന്നതിന് ആയിരക്കണക്കിന് ആളുകൾ തിങ്ങിക്കൂടുന്നു.

ഈശ്വരാനുകൂല്യംകൊണ്ടു മിസ്റ്റർ——നെ എനിക്കു കണ്ടെത്താൻ കഴിഞ്ഞു. ആദ്യം എന്നോടു വളരെ ഉപചാരപൂർവം പെരുമാറി. എന്നാൽ എൻെറ പ്രസംഗം കേൾക്കുന്നതിനു ചിക്കാഗോവിലെ ജനങ്ങൾ ഒന്നടങ്കം തടിച്ചുകൂടുന്നതു കണ്ടപ്പോൾ അദ്ദേഹത്തിൻെറ മനസ്സിൽ ഒരു വല്ലായ്മ ഉണ്ടായി എന്നു തോന്നുന്നു.

* * *

എന്നെ താഴ്ത്തുന്നതിന് പുരോഹിതന്മാർ അവർക്കു കഴിയുന്നതൊക്കെ ചെയ്തു. എന്നാൽ ഗുരുദേവൻ എന്നോടുകൂടിയുണ്ട്. എന്നെ ആർക്ക് എന്തു ചെയ്യാൻ കഴിയും? അമേരിക്കൻജനത മുഴുവൻ എന്നെ സ്നേഹിക്കയും ബഹുമാനിക്കയും ചെയ്യുന്നു. അവർ എൻെറ ചെലവു നടത്തുന്നു. എന്നെ ഒരാചാര്യനായി കരുതുന്നു. നിങ്ങളുടെ പുരോഹിതവർഗ്ഗത്തിന് എനിക്കെതിരായി ഒന്നും ചെയ്യാൻ കഴിഞ്ഞില്ല. അമേരിക്കർ ഒരു പണ്ഡിതജനസമുദായമാണ്. ഞങ്ങൾ വിധവകളെ വിവാഹംചെയ്യുന്നു; വിഗ്രഹങ്ങളെ ആരാധിക്കുന്നില്ല; എന്നിങ്ങനെയൊക്കെ പറഞ്ഞതുകൊണ്ടു ഒന്നുമാകയില്ല. അവർ ആവശ്യപ്പെടുന്നതു തത്ത്വചിന്ത, അവഗാഢമായ പാണ്ഡിത്യം ഇവയാണ്. വെറും പൊള്ളവാക്യങ്ങൾകൊണ്ടു നില്ക്കുക സാദ്ധ്യമല്ല.

* * *

സോദരാ, ഞാൻ യാഥാർത്ഥ്യബോധത്തിൽ എത്തിയിരിക്കുന്നു. "യേ നിഘ്നന്തി പരഹിതം നിരർത്ഥകം തേ കേ ന ജാനീമഹേ" (മററുള്ളവരുടെ നന്മയെ നിരർത്ഥകമായി തടഞ്ഞുനില്ക്കുന്നവർ എന്തൊരു ക്രൂരരാണ്!) നമുക്കു മറെറല്ലാത്തിനേയും ജയിക്കാൻ കഴിയുന്നു. പക്ഷേ നശിച്ച അസൂയാബുദ്ധി — ഇതാണു നമ്മുടെ ദേശീയമായ മാലിന്യം. അന്യരെ കുററം പറയുക; അന്യരുടെ മേന്മയിൽ മനസ്സു നീറുക; മേന്മ എൻേറതു മാത്രമാണ്. അതിലേയ്ക്കു മററാരും ഉയർന്നുകൂടാ.

ലോകത്തിന്റെ മറ്റൊരു ഭാഗത്തും ഇവിടത്തെപ്പോലുള്ള സ്ത്രീകളെ കാണുകയില്ല. എന്തൊരു പരിശുദ്ധി! എന്തൊരു സ്വാതന്ത്ര്യം! എന്തു സ്വാശ്രയബുദ്ധി! എന്തു ദയാവായ്പ്! ഈ രാജ്യത്തിന്റെ ഉടലും ഉയിരും സ്ത്രീകളാണ്. പഠിപ്പും സംസ്കാരവും അവരെ ചുററി നിലകൊള്ളുന്നു. "സുകൃതികളുടെ ഗൃഹങ്ങളിൽ സ്ത്രീ ഐശ്വര്യദേവതയാണ്" എന്ന വാക്യം ഈ രാജ്യത്തെസംബന്ധിച്ചേടത്തോളം അന്വർത്ഥമാണ്. പാപികളുടെ വീടുകളിൽ സ്ത്രീ അലക്ഷ്മിയാണ് എന്നുള്ളതു് നമ്മെക്കുറിച്ചും. ഇതിനെപ്പററി ഗാഢമായി ചിന്തിക്കുക. അമേരിക്കൻവനിതയെ കാണുമ്പോൾ ഞാൻ ആശ്ചര്യസ്തബ്ധനായിപ്പോകുന്നു. ഈ രാജ്യത്തെ മഞ്ഞുകട്ടികളെപ്പോലെതന്നെ അവദാതമായ ഹൃദയത്തോടുകൂടിയ അനേകായിരം സ്ത്രീകൾ ഇവിടെയുണ്ട്. നമ്മുടെ പെൺകുട്ടികൾ കുട്ടിപ്രായത്തിൽത്തന്നെ അമ്മമാരായിത്തീരുന്നു! എന്റെ ഈശ്വരാ! ഞാൻ അതെല്ലാം ഇപ്പോൾ അറിയുന്നു. "യത്ര നാര്യസ്തു പൂജ്യന്തേ രമന്തേ തത്ര ദേവതാഃ" (എവിടെ സ്ത്രീകൾ പൂജിക്കപ്പെടുന്നു, അവിടെ ദേവതകൾ രമിക്കുന്നു) എന്നാണ് പുരാതനനായ മനു പറഞ്ഞിട്ടുള്ളതു്. നാം മഹാപാപികളാണ്. നരകദ്വാരമെന്നും നികൃഷ്ടജീവികളെന്നും സ്ത്രീകളെ കരുതിയതിന്റെ ഫലമാണ് നമ്മുടെ ഈ അധഃപതനം. എന്റെ ഭഗവാനേ! സ്വർഗ്ഗവും നരകവും തമ്മിലുള്ള വ്യത്യാസമാണു ഞാൻ കാണുന്നതു്. നാം വിതയ്ക്കുന്നതു നാം കൊയ്യുന്നു. വെറും വാക്കുകൾകൊണ്ടു് ഈശ്വരശക്തിയെ മറച്ചുവെയ്ക്കാമെന്നോ? ബാലനും ബാലികയും എല്ലാം അദ്ദേഹം തന്നെയാണ്. അതിനു പകരം നാം അവരെ അടിച്ചോടിക്കുന്നു.!

ദക്ഷിണഭാരതത്തിൽ ഞാൻ എന്തെല്ലാമാണു കണ്ടതു്! മേലാളർ താണജാതിക്കാരെ ഏതെല്ലാം തരത്തിലാണു കഷ്ടപ്പെടുത്തുന്നതു്! അമ്പലങ്ങൾക്കകത്തുപോലും എന്തെല്ലാം ഉച്ചനീചത്വങ്ങളാണ്? ദരിദ്രന്റെ ക്ലേശത്തിനറുതിവരുത്താനും മനുഷ്യനെ ദേവനാക്കാനും കഴിയുന്നില്ലെങ്കിൽ പിന്നെ എന്തു മതമാണ്? നമ്മുടെ മതം ആ പേരർഹിക്കുന്നുണ്ടോ? എന്നെ തൊടരുതു് എന്നുള്ളതല്ലേ അതിന്റെ പ്രധാനതത്വം. എന്റെ ശിവനേ! കഴിഞ്ഞ രണ്ടായിരം കൊല്ലക്കാലം നമ്മുടെ ജനനായകന്മാരെല്ലാം, ഇടതുകൈകൊണ്ടോ വലതുകൈകൊണ്ടോ ആഹാരം കഴിക്കേണ്ടതു്; വെള്ളം വലത്തുനിന്നോ ഇടത്തുനിന്നോ എടുക്കേണ്ടതു് എന്നുള്ള കാര്യങ്ങളെപ്പററി ഗംഭീരമായി ചർച്ചചെയ്തിട്ടുണ്ട്. അങ്ങനെയുള്ള ഒരു രാജ്യം എങ്ങനെ നശിക്കാതിരിക്കും? "മററുള്ളവരെല്ലാം ഉറങ്ങുമ്പോൾ കാലം ഉണന്നിരിക്കുന്നു, അതു് (കാലം) അജയ്യമാണ്." ഇതെല്ലാം ഒരാൾക്കറിയാം. അദ്ദേഹത്തിന്റെ കണ്ണിൽ മണ്ണിടാൻ ആക്കും കഴിയുകയില്ല. അനേകലക്ഷം ആളുകൾ ദരിദ്രരായി ജീവിക്കുമ്പോൾ ലക്ഷക്കണക്കിനു സന്ന്യാസിമാർ യാതൊരു ചിന്തയുമില്ലാതെ പ്രവൃത്തിരഹിതരായി കഴിഞ്ഞുകൂടുന്നു. ഇതൊരു രാജ്യമോ നരകമോ? ഇതൊരു മതമോ പിശാചനൃത്തമോ? എന്റെ സോദരാ, ഇവിടെ നിങ്ങൾ മനസ്സിലാക്കേണ്ടതായി ഒന്നുണ്ട്. ഞാൻ ഇന്ത്യ മുഴുവൻ സഞ്ചരിച്ചു. ഈ രാജ്യവും മുഴുവൻ കണ്ടുകഴിഞ്ഞു. കാരണമില്ലാതെ ഒരു കാര്യം എങ്ങനെ ഉണ്ടാകും? തെററുകൂടാതെ ശിക്ഷയുണ്ടാകുമോ? "അഷ്ടദശപുരാണത്താൽ വ്യാസൻ ചൊന്നതു രണ്ടുതാൻ; പരോപകാരമേ പുണ്യം പാപമേ പരപീഡനം"—ഇതൊരു പരമാർത്ഥമല്ലേ?

ഇതെല്ലാം ആലോചിക്കുമ്പോൾ, ദാരിദ്ര്യവും അജ്ഞാനവും പടർന്നുപിടിച്ചിരിക്കുന്നതിനെപ്പററി ചിന്തിക്കുമ്പോൾ, എനിക്കുറങ്ങാൻ കഴിയുന്നില്ല. കന്യാകുമാരിയിൽ മാതൃദേവിയുടെ സന്നിധാനത്തിൽ ഭാരതത്തിന്റെ അവസാനത്തെ പാറക്കല്ലിൽ ഇരുന്നപ്പോൾ എനിക്കു് ഒന്നു തോന്നി. ജനങ്ങളെ തത്വചിന്ത ശീലിപ്പിച്ചുകൊണ്ടു നമ്മെപ്പോലെ എത്ര സന്യാസിമാരാണു് അലഞ്ഞുതിരിയുന്നതു്. ഇതു് വെറും ഭ്രാന്തല്ലേ? ഗുരുദേവൻ എന്താണു പറഞ്ഞിട്ടുള്ളതു്? വിശന്നുവലയുന്ന വയററിനു മതം ഒരു നന്മയും ചെയ്യാൻപോകുന്നില്ല. ഈ ദരിദ്രലക്ഷങ്ങൾ മൃഗീയമായ ജീവിതം നയിക്കുന്നെങ്കിൽ അതു് അവരുടെ അജ്ഞതകൊണ്ടാണു്. യുഗയുഗാന്തരങ്ങളായി നാം അവരുടെ രക്തം ഉറിഞ്ചിക്കുടിക്കുന്നു. അവരെ ചവുട്ടിമെതിക്കുന്നു.

നന്മചെയ്യുന്നതിൽ ആഗ്രഹമുള്ള നിരീഹന്മാരായ സന്യാസിമാർ ഗ്രാമങ്ങൾതോറും നടന്നു് ജനങ്ങളെ വിദ്യാഭ്യാസം ചെയ്യിക്കുന്നതിനും അവരുടെ സ്ഥിതി നന്നാക്കുന്നതിനും തയ്യാറായെങ്കിൽ! ഭൂപടങ്ങളും ഛായാപേടകങ്ങളും മററു് ഉപകരണങ്ങളുമായി നടന്നു് ഈ സാധുക്കളെ പഠിപ്പിക്കുന്നപക്ഷം അതു് ഒരു സൽപ്രവൃത്തിയായിരിക്കയില്ലേ? ഇതിനെപ്പററിയെല്ലാം ഈ എഴുത്തിൽ എഴുതുക സാദ്ധ്യമല്ല. ചുരുക്കിപ്പറഞ്ഞാൽ "മല മഹമ്മദിന്റെ അടുത്തു വന്നില്ലെങ്കിൽ മഹമ്മദു് അങ്ങോട്ടു പോവുകതന്നെ" വേണം. പള്ളിക്കൂടങ്ങളിലേക്കു വരുന്നതിനു പോലും നിവൃത്തിയില്ലാത്തവണ്ണം അത്ര ദരിദ്രരാണു് നമ്മുടെ ആളുകൾ. എന്നുമാത്രമല്ല, സാഹിത്യം പഠിച്ചതുകൊണ്ടു് അവക്കൊന്നും സിദ്ധിക്കാനും പോകുന്നില്ല. ഒരു ജനത എന്ന നിലയ്ക്കുള്ള നമ്മുടെ വ്യക്തിത്വം നമുക്കു നഷ്ടമായി. ഇതാണു് ഇന്ത്യയിലെ എല്ലാ കുഴപ്പങ്ങൾക്കും കാരണം. നഷ്ടപ്പെട്ട ഈ വ്യക്തിത്വം വീണ്ടെടുക്കുക. ദരിദ്രലക്ഷത്തെ ഉദ്ധരിക്കുക. അതാണു നമ്മുടെ കർത്തവ്യം. ഹിന്ദുവും മുസൽമാനും ക്രിസ്ത്യാനിയും ഈ സാധുക്കളെ ചവുട്ടിത്തേയ്ക്കുന്നു. അവരെ ഉയർത്തുന്നതിനുള്ള ശക്തി ഉള്ളിൽനിന്നു തന്നെ ഉണ്ടാകേണ്ടതാണു്. ഏതൊരു രാജ്യത്തും കഷ്ടതകൾ നിലനില്ക്കുന്നതു മതത്തിനോടനുബന്ധിച്ചല്ല. മതത്തിനേയും എതിർത്തുകൊണ്ടാണു്. അതിനാൽ മതത്തിനെയല്ല മനുഷ്യനെയാണു് കുററപ്പെടുത്തേണ്ടതു്.

ഇതിലേക്കു് ആദ്യമായി വേണ്ടതു് ആളുകളെയാണു്. രണ്ടാമതു പണവും. ഓരോ പട്ടണത്തിലും പത്തുപതിനഞ്ചുപേരെ കണ്ടുപിടിക്കാൻ കഴിയുമെന്നു ഞാൻ പ്രത്യാശിക്കുന്നു. പണത്തിനുവേണ്ടി നാടുമുഴുവൻ ഞാൻ സഞ്ചരിച്ചു. പക്ഷേ നമ്മുടെ ആളുകൾ ഇക്കാര്യത്തിനു പണം ചെലവാക്കുകയെന്നോ? അവർ സ്വാർത്ഥതയുടെ മൂർത്തീകരണമാണു്. അതുകൊണ്ടു പണമുണ്ടാക്കുന്നതിനായി അമേരിക്കയിലേക്കു ഞാൻ പോന്നു. തിരിച്ചു സ്വദേശത്തെത്തി എന്റെ ജീവിതാവശേഷം ഈ ഉദ്ദേശസാദ്ധ്യത്തിനായി ചെലവഴിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു.

നമ്മുടെ രാജ്യം സാമുദായികസൽഗുണങ്ങളിൽ ദരിദ്രമായിരിക്കുന്നതുപോലെ ഈ രാജ്യം ആദ്ധ്യാത്മികതയിലും ദരിദ്രമാണു്. ഞാൻ ഈ നാട്ടുകാർക്കു് ആദ്ധ്യാത്മികതയെ പ്രദാനംചെയ്യുന്നു. അവർ എനിക്കു പണവും. എന്റെ ആഗ്രഹങ്ങൾ സാധിതമാകുന്നതിനു് എത്രകാലം വേണ്ടിവരുമെന്നു് എനിക്കു നിശ്ചയമില്ല. ഇവിടെയുള്ള ആളുകൾ ആട്ടിൻതോലിട്ട ചെന്നായ്ക്കൾ

അല്ല. അവക്ക് അസൂയയും കുറവാണ്. ഹിന്ദുസ്ഥാനത്തിൽ ആരെയും ഞാൻ ആശ്രയിക്കാൻപോകുന്നില്ല. എൻെറ ശക്തിക്കനുസരണമായി എനിക്കു വേണ്ടതെല്ലാം ഞാൻതന്നെ സമ്പാദിക്കാൻ ശ്രമിക്കും. അല്ലെങ്കിൽ ആ പ്രയത്നത്തിൽ ഞാൻ മരിക്കും. മരണം തീർച്ചയായിരിക്കെ, ഒരു നല്ലകാര്യത്തിനുവേണ്ടി ആവട്ടെ.

ഇതെല്ലാം ഒരു ഗന്ധർവ്വലോകത്തിലെ അസംബന്ധങ്ങളാണെന്നു നിങ്ങൾ വിചാരിച്ചേയ്ക്കാം. എൻെറ ഉള്ളിൽ എന്താണെന്നു നിങ്ങൾ വേണ്ടവണ്ണമറിയുന്നില്ല. എൻെറ പ്രവർത്തനങ്ങളിൽ നിങ്ങൾ ആരെങ്കിലും സഹായിക്കുന്നെങ്കിൽ അങ്ങനെ. അല്ലെങ്കിൽ ഗുരുദേവൻ എനിക്കൊരു മാർഗ്ഗം കാട്ടിത്തരും. അസൂയ കൈവെടിഞ്ഞ് ഒരുമിച്ചുകൂടാൻ നമുക്കു സാദ്ധ്യമല്ല. അസൂയ നമ്മുടെ ദേശീയപാതകമാണ്. ഈ രാജ്യത്ത് അങ്ങനെയൊന്നു കാണാൻ കിട്ടുകയില്ല. അതുതന്നെയാണ് അമേരിക്കരുടെ വിജയം.

നമ്മെപ്പോലെയുള്ള കൂപമണ്ഡൂകങ്ങളെ ഞാൻ ലോകത്തൊരിടത്തും കണ്ടിട്ടില്ല. വിദേശങ്ങളിൽനിന്നു കിട്ടുന്ന ഏതു നവ്യപ്രചോദനത്തെയും സ്വീകരിക്കുന്നതിന് അമേരിക്ക സന്നദ്ധമാണ്. നാമോ? ആര്യരക്തം പ്രവഹിക്കുന്നു എന്ന് അഭിമാനിക്കുന്ന നമ്മെപ്പോലെ മററാരുംതന്നെ ഇക്കാര്യത്തിൽ ഉദാസീനരല്ല. ഈ പാരമ്പര്യം നമ്മിൽ എവിടെയാണു നില്ക്കുന്നതെന്ന് എനിക്കു കാണാൻ കഴിയുന്നില്ല. എങ്കിലും നാം ആര്യന്മാരുടെ അനന്തരഗാമികളാണുപോലും.!

എന്ന്, ഭവദീയൻ,

വിവേകാനന്ദൻ.

---


# വായനശാലകളോട്

## കൊറിയൻസമരഭീകരത എത്രമാത്രമുണ്ട് ?

ഫുട്ട്പാത്ത്, അതിൻെറ ജീവിതകഥ—യാഥാർത്ഥ്യത്തിൻെറ നഗ്നചിത്രം—
നിങ്ങളോടു വിവരിക്കുന്നു— അതിൻെറ സ്വാരസ്യം എത്രകണ്ടുണ്ട്?

ഉത്തരം "ഡേഞ്ചർ ലൈററ്" തരും

By K. V. മണലിക്കര    വില 12 ണ.

വായനശാലകൾക്ക് 25% കമ്മീഷൻ

അപേക്ഷിക്കുക— **K. V. Press & Publishing House**
*Manalikara, Thackalai.*

# ജനകീയഗ്രന്ഥശാലകൾ

പാറയിൽ ഷംസുദ്ദീൻ

ഗ്രന്ഥശാലാവിഷയകമായി പുതിയൊരു ഉത്സാഹവും ഉണർവ്വും കേരളത്തിൽ ഇപ്പോൾ കാണ്മാനുണ്ടു്. ഇതു് ശുഭോദക്കംതന്നെ. സാംസ്കാരികമായ അഭിവൃദ്ധിയാണല്ലോ ഒരു ജനസമുദായത്തിന്റെ പുരോഗതിയെ കാണിക്കുന്ന ചൂണ്ടുപലക. ഈ പുരോഗതി കൈവരുത്തുന്നതിൽ ഗ്രന്ഥശാലകൾക്കു് എത്രകണ്ടു് കഴിവുണ്ടെന്നുള്ളതിനെപ്പററി ഇന്നൊരു ചച്ച നടത്തേണ്ട ആവശ്യമില്ല. അത്ര കണ്ടു് അതു് എല്ലാപേക്കുമറിയാം. തിരു-കൊച്ചി ഗ്രന്ഥശാലാസംഘം തദ്വിഷയകമായി ചെയ്തുകൊണ്ടിരിക്കുന്ന സ്തുത്യർഹമായ സേവനം നമുക്കിവിടെ അനുസ്മരിക്കുക.

രാഷ്ട്രീയമായി നാമിന്നൊരു പരിവത്തനദശയിലാണു്. സ്വാതന്ത്ര്യം കിട്ടിക്കഴിഞ്ഞിട്ടേയുള്ളു. ജനകീയഗവർമ്മെന്റിന്റെ പ്രവത്തനത്തിൽ നമുക്കുള്ള പരിജ്ഞാനം പരിമിതമാണു്. ഭാവി കരുപ്പിടിക്കേണ്ട ചുമതലയും ഇന്നു നമുക്കുണ്ടു്. അലസമായിരിക്കുവാനോ, ഉള്ള അറിവുകൊണ്ടു് തൃപ്തിപ്പെടുവാനോ ഇന്നു നമുക്കാവില്ല. ലോകത്തു് മാന്യമായ ഒരു സ്ഥാനം നമുക്കും നേടണം. ലോകപൌരരായിത്തീരുവാനാണു് നാം ശ്രമിക്കേണ്ടതു്. ഈ ശ്രമങ്ങളിൽ ഗ്രന്ഥശാലകൾക്കുള്ള പങ്കു് വളരെ വിലപ്പെട്ടതാണു്. മറുനാട്ടിലെ മാതൃകകൾ നല്ല കാര്യങ്ങളിലെല്ലാംതന്നെ നമുക്കു സ്വീകരിക്കുന്നതിൽ തെററില്ല. അവർ ഇന്നാർജ്ജിച്ചിരിക്കുന്ന ഉന്നതമായ പദവി നമ്മുടെ കാര്യത്തിലും ഒരു യാഥാത്ഥ്യമായിത്തീരുവാൻ നാം പരിശ്രമിക്കേണ്ടതല്ലേ? ഇംഗ്ലീഷുകാരുടെ സാമുദായികജീവിതത്തിൽ കാണുന്ന സ്വാച്ഛതയും ആരോഗ്യകരമായ വളച്ചയും അവിടത്തെ ഗ്രന്ഥശാലകളുമായി വലിയ ബന്ധമുണ്ടു്. സംസ്കാരങ്ങളും നാഗരികതകളും പരസ്പരം അറിയുവാൻ സമത്ഥമായ ഗ്രന്ഥശാലാപ്രസ്ഥാനംപോലെ പററുന്ന മറെറാരുപാധിയില്ല. മറുനാട്ടിലെ പ്രവത്തനമാഗ്ഗങ്ങൾ അറിയുന്നതു് നമ്മുടെ പ്രവത്തനങ്ങൾക്കു് നല്ലൊരു പ്രേരണ നല്കുവാൻ പ്രയോജനപ്പെടുമെങ്കിൽ നല്ലതല്ലേ?

കഴിഞ്ഞ കാൽശതാബ്ദകാലത്തിനുള്ളിൽ ബ്രിട്ടനിൽ ഗ്രന്ഥശാലാപ്രസ്ഥാനത്തിനു് വമ്പിച്ച പുരോഗമനം ഉണ്ടായിട്ടുണ്ടു്. നഗരങ്ങളിലെയും ഗ്രാമങ്ങളിലെയും ഗ്രന്ഥശാലകൾക്കു് വന്നുകൂടിയ അഭിവൃദ്ധി അത്ഭുതകരമാണു്. ചർച്ചും, സിനിമാശാലയുമെന്നപോലെതന്നെ, ഗ്രന്ഥശാലകളും അവിടത്തെ ദേശീയജീവിതത്തിന്റെ ഒരു വിഭാഗമായിത്തീന്നിരിക്കുന്നു.

1850 മുതൽക്കാണു് ഗ്രന്ഥശാലകളുടെ ഈ “നല്ലകാലം” ആരംഭിക്കുന്നതു്. അന്നാണു് ഗ്രന്ഥശാലാപ്രസ്ഥാനത്തിനു് വേണ്ടി ഒരു ചെറിയ നികുതി പിരിച്ചെടുക്കുവാനുള്ള അവകാശം തദ്ദേശസ്ഥാപനങ്ങൾക്കു് നല്കിക്കൊള്ളുന്ന പബ്ലിക്കു് ലൈബ്രറി ആക്ടു് പുറത്തുവന്നതു്. പ്രായഭേദമെന്യേ എല്ലാവരുടെയും പ്രയോജനത്തെ കരുതി ഈ ഗ്രന്ഥശാലകൾ സമാ

രംഭിക്കപ്പെട്ട കുട്ടികൾക്കു് "പ്രത്യേക കോണുകൾ" നല്കാത്ത ഗ്രന്ഥശാലകൾ ഇന്നു് ബ്രിട്ടനിൽ തുലോം ചുരുക്കമാണു്. ഇതെന്താണെന്നു് മനസ്സിലാക്കാൻതന്നെ നമുക്കു വിഷമം തോന്നുന്നു. നമുക്കിതിൽ പരിചയമില്ലാത്തതുതന്നെ കാരണമെന്നു സലജ്ജം സമ്മതിക്കാം.

ഗ്രന്ഥശാലകൾ പൊതുജനങ്ങൾക്കുവേണ്ടിയാണല്ലോ. അതിനാൽ ജനങ്ങൾ തന്നെയാണു് അതിന്റെ പ്രവർത്തനങ്ങൾ നടത്തുന്നതും. പ്രാദേശികക്കമ്മിററികൾ ഇതിനായി സംഘടിപ്പിച്ചിട്ടുണ്ടു്. ഗ്രന്ഥശാലകളുടെ നയവും പ്രവർത്തനമാർഗ്ഗങ്ങളും പ്രചരണരീതികളും നയിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നതു് ഇവർതന്നെ. ഇവർ നിയമിക്കുന്ന ലൈബ്രേറിയൻ കമ്മിററിയോടു് ഉത്തരവാദപ്പെട്ടിരിക്കും.

ഈ ഗ്രന്ഥശാലകളിൽ അംഗമായി ചേരുന്നതിനു് പ്രവേശനഫീസ്സായി ഒന്നും കൊടുക്കേണ്ടതില്ല. ഔപചാരികമായി വളരെയൊക്കെ ചെയ്യേണ്ട ആവശ്യവുമില്ല. പുസ്തകം ആവശ്യമുള്ളവർ ഒരു നിശ്ചിതഫാറത്തിൽ പേരും മേൽവിലാസവും എഴുതിക്കൊടുക്കണം. അത്രമാത്രം.

ഭൂരിപക്ഷം പട്ടണങ്ങളിലും ആണ്ടേയ്ക്കു് ആളൊന്നിനു് രണ്ടരഷില്ലിംഗോളംവരുന്ന ഒരു തുക മുനിസിപ്പൽ ഗ്രന്ഥശാലകൾക്കായി ചെലവു ചെയ്യുന്നുണ്ടു്. പ്രാദേശിക നികുതിയിൽനിന്നാണു് ഈ തുക എടുക്കുന്നതു്. ഗ്രന്ഥശാലകൾ ആംഗല സാമുദായികജീവിതത്തിൽ അനുഷ്ഠിക്കുന്ന മഹത്തായ സേവനങ്ങൾക്കു നൽകുന്ന നിസ്സാരമായ ഒരു പ്രതിഫലം.

ഒരംഗത്തിനു് ഏതൊരു പുസ്തകവും ആവശ്യപ്പെടാനുള്ള സ്വാതന്ത്ര്യമുണ്ടു്. പുസ്തകം തല്ക്കാലം ഗ്രന്ഥശാലയിൽ ഇല്ലെങ്കിൽ അതുടനെ കിട്ടാൻ ലൈബ്രേറിയൻ ശ്രമിക്കുന്നതാണു്. ഇതിൽ അയാൾക്കു് അപൂർവ്വമായിട്ടു മാത്രമേ തോൽവി പററാറുള്ളു.

ഏതൊരു ഗ്രന്ഥവും ലഭിക്കുവാൻ സാധിക്കുന്നതു് 1928-ൽ ഉണ്ടായ ഗ്രന്ഥശാലാപരസ്പരസഹായപദ്ധതിമൂലമാണു്. ഇതനുസരിച്ചു് ഒരു ഗ്രന്ഥശാലയിലെ പുസ്തകങ്ങൾ, ആ പ്രദേശത്തെ ഇതരഗ്രന്ഥശാലകൾക്കും കിട്ടുവാൻ സാധിക്കുന്നു.

കൂടാതെ, ദേശീയ കേന്ദ്ര ഗ്രന്ഥശാലയുണ്ടു്. പ്രാദേശികഗ്രന്ഥശാലകൾ ഈ കേന്ദ്രഗ്രന്ഥശാലയോടു് ബന്ധപ്പെട്ടിരിക്കുന്നു; ഏറിയകൂറും വിദ്യാർത്ഥികളുടെ ആവശ്യങ്ങളാണു് ഈ ഗ്രന്ഥശാല നിർവ്വഹിക്കുന്നതു്. പ്രാദേശിക ഗ്രന്ഥശാലകളിൽ കാണാത്ത പുസ്തകം കേന്ദ്രഗ്രന്ഥശാലയിൽനിന്നു ലഭിക്കുന്നതുകൂടാതെ, വിദ്യാർത്ഥികളുടെ സൗകര്യാനുസരണം പ്രദേശിക ഗ്രന്ഥശാലകൾക്കു് വേണ്ട ഉത്തരവുകളും അവർ നല്കുന്നു.

ഒരു ഗ്രന്ഥം അനായാസമായി എടുക്കാൻ സാധിച്ചാലേ ഗ്രന്ഥശാലകൊണ്ടു പ്രയോജനമുള്ളു. പലപ്പോഴും നാം ഗ്രന്ഥശാലകളിലേക്കു് കേറുവാൻ മടിക്കുന്നതു് ആവശ്യമുള്ള പുസ്തകങ്ങൾ തേടിപ്പിടിക്കാനുള്ള വൈഷമ്യം ഓർമ്മിച്ചിട്ടാണു്. എന്തൊരു മുഷിപ്പൻ ജോലിയാണതു്! യാതൊരു ചിട്ടയുമില്ലാതെ നിരത്തിവച്ചിരിക്കുന്ന ഗ്രന്ഥങ്ങളുടെ നടുവിൽചെന്നു മലച്ചുനിൽക്കുക. നമ്മുടെ ഗ്രന്ഥശാലകളിൽനിന്നും ഈ മാതിരി അനുഭവങ്ങൾ നമുക്കു വേണ്ടുവോളമുണ്ടു്.

ക്രമീകൃതമായിഒരുക്കിയിട്ടില്ലാത്ത ഒരു ഗ്രന്ഥശാലയിൽ അന്വേഷണം നടത്തുക.

ഒരു നൂറായിരം ഗ്രന്ഥങ്ങൾ കടന്നിട്ടു വേണം ആവശ്യമുള്ള ഒരെണ്ണത്തിൽ കൈ വെയ്ക്കുവാൻ. ഇംഗ്ലണ്ടിൽ ഈ ക്ലേശമില്ല. ശാസ്ത്രീയമായ വിധത്തിലാണ് അവിടത്തെ ഗ്രന്ഥശാലാസംവിധാനം. പുസ്തകങ്ങളെ തരം തിരിക്കുന്നതിൽ Dewey decimal system എന്നു പറയുന്ന പദ്ധതിയാണ് പല സ്ഥലങ്ങളിലും അംഗീകരിച്ചിരിക്കുന്നതു്. ഈ പദ്ധതി അനുസരിച്ച് വിജ്ഞാനഭണ്ഡാഗാരം പത്തായി വിഭജിക്കപ്പെട്ടിരിക്കുന്നു. പിന്നെ ഓരോ ഭാഗത്തിനും ഉപവിഭാഗങ്ങൾ ഉണ്ടു്.

കാല്പനികസാഹിത്യവിഭാഗം തൽകർത്താക്കളുടെ പേരിന്റെ അക്ഷരമാലാക്രമത്തിനാണ് അടുക്കിവെച്ചിട്ടുള്ളതു്. കാല്പനികേതരവിഷയങ്ങൾ ഒരു വിവരപ്പട്ടികയിൽ ചേർത്തിരിക്കുന്നു. ഗ്രന്ഥകാരന്റെയും ആ ഗ്രന്ഥം ഉൾപ്പെടുന്ന വിഷയത്തിന്റെയും പേരും നമ്പരും പട്ടികയിലുള്ള ഒരു കാർഡിൽ കാണിച്ചിട്ടുണ്ടു്. അതു നോക്കിയാലറിയാം അലമാരയിൽ എവിടെയാണ് പുസ്തകം ഇരിക്കുന്നതെന്ന്. രണ്ടു പെൻസു കൊടുത്താൽ മറെറാരവസരത്തിലേക്ക് സംവരണം ചെയ്യാം. ഗ്രന്ഥം അവിടെ ഇല്ലെങ്കിൽ, ഒരെണ്ണം പുതിയതു് വാങ്ങുവാനോ, മററു ഗ്രന്ഥശാലകളിൽ നിന്ന് കടമെടുക്കുവാനോ ഗ്രന്ഥശാലാധികൃതർ ശ്രമിക്കുന്നതാണ്.

ഈ പദ്ധതിമൂലം എന്തൊരു പ്രയോജനമാണെന്നോ? ഏററവും ചെറിയ ഗ്രാമീണഗ്രന്ഥശാലയിൽ പോയാൽ മതി ബ്രിട്ടനിൽ പ്രസിദ്ധപ്പെടുത്തുന്ന എല്ലാ ഗ്രന്ഥങ്ങളെയുംപററി ഒരറിവു കിട്ടാൻ. പ്രാദേശികഗ്രന്ഥശാലകളിൽനിന്നും ലഭിച്ച പുസ്തകങ്ങൾകൊണ്ടുമാത്രം പഠിച്ച് കലാശാലാബിരുദം നേടിയിട്ടുള്ള പലരും അവിടെയുണ്ടു്. വീട്ടിലിരുന്ന് വിശ്രമാവസരം ഉപയോഗിച്ച് ഈ ഗ്രന്ഥശാലകളിൽ നിന്നും കിട്ടുന്ന പുസ്തകങ്ങൾ പാരായണം ചെയ്ത് വിശ്വസാഹിത്യത്തിൽ ഒരളിനിവേശം നേടിയവരും ധാരാളമാണ്.

പബ്ളിക്കു ലൈബ്രറികളിൽ ഇംഗ്ലീഷിനു പുറമെ ഫ്രഞ്ച്, സ്പാനിഷ്, ജർമ്മൻ, ഇററാലിയൻ, ഗ്രീക്ക്, ലാററിൻ എന്നീ ഭാഷകളിലുള്ള ഗ്രന്ഥങ്ങളും ഉണ്ടായിരിക്കും. ചില മുനിസിപ്പൽ ലൈബ്രറികളിൽ നിന്നും സംഗീതപാഠങ്ങൾ അടങ്ങിയ ഗ്രന്ഥങ്ങളും കിട്ടുന്നതാണ്. ചില സ്ഥലങ്ങളിൽ ലോകത്തിലെ ഉത്തമസംഗീതമാതൃകകളുടെ ഗ്രാമഫോൺ റിക്കാർഡുകൾക്കായി ഒരു പ്രത്യേകവിഭാഗം കാണും. ആവശ്യമുള്ള റിക്കാർഡുകൾ എടുത്തുകൊണ്ടുപോയി സംഗീതസുഖം അനുഭവിക്കാം. ഗ്രന്ഥശാലകൾ ചെയ്യുന്ന സഹായങ്ങൾ!

പരാമർശനഗ്രന്ഥവിഭാഗം (Reference section) ഗ്രന്ഥശാലകളിലെ പ്രധാനപ്പെട്ട ഒരു ഭാഗമാണ്. ഇവിടെനിന്നും വേണ്ട അറിവു വേഗം ലഭിക്കും. നമുക്കു വേണ്ട സഹായങ്ങൾ നല്കാൻ ആ വിഷയങ്ങളിൽ പാണ്ഡിത്യമുള്ള അസിസ്റ്റൻറ് ലൈബ്രേറിയൻ ഇവിടെ സേവനസന്നദ്ധതയോടെ നമ്മെ സ്വാഗതം ചെയ്യും.

സംശയനിവാരണത്തിന് ഉള്ള വകുപ്പിൽ എല്ലാ പ്രാമാണികഗ്രന്ഥങ്ങളും ഉൾപ്പെടും. മോട്ടാർ വാഹനങ്ങൾ, വ്യോമയാനങ്ങൾ, വസ്ത്രങ്ങൾ, നൃത്തം, സ്ഥലകാര്യങ്ങൾ, ആളുകൾ, ആരോഹണവൃത്താന്തങ്ങൾ, അത്ഭുതസംഭവങ്ങൾ — എല്ലാം അവിടെനിന്നും അറിയാം. അതുപോലെ തന്നെ പ്രാദേശികമായി ചരിത്രഭൂമിശാസ്ത്ര

സംബന്ധമായ വിശേഷങ്ങളും. വിദേശീയരായ സന്ദർശകക്ക് ബ്രിട്ടനിലെ ഏതൊരു സ്ഥലത്തെയുംപററി ഏററവും സൂക്ഷ്മമായ വിവരങ്ങൾ അറിയുവാൻ അവിടത്തെ പ്രാദേശികഗ്രന്ഥശാലയിലേക്ക് പ്രവേശിക്കുകയേ വേണ്ടു. അറിവ് അവിടെ അവരെയും പ്രതീക്ഷിച്ച് ഇരിക്കുന്നുണ്ടാവും.

ഭൂരിപക്ഷം ഗ്രന്ഥശാലകളിലും വായനശാലകൾ കൂടെ ഉണ്ടായിരിക്കും. പ്രായഭേദംകൂടാതെ എല്ലാപേരുംതന്നെ ദിവസം കുറഞ്ഞതു ഒരു പ്രാവശ്യമെങ്കിലും ഈ വായനശാലകൾ സന്ദർശിക്കമെന്നുള്ളതു അവരുടെ ദൈനംദിനപരിപാടിയിൽ ഉൾപ്പെട്ടതാണ്. ഇതവരുടെ ഒരു ജീവിതാവശ്യമായിട്ടാണ കരുതുക. വിവിധജോലികളിൽ വ്യാപൃതരായിരിക്കുന്നവരെല്ലാം ആത്മദാഹം ശമിപ്പിക്കുവാനായി അനുദിനം ഒരു പ്രാവശ്യമെങ്കിലും ഗ്രന്ഥശാലകളിൽ എത്തിച്ചേരുന്നു. അവിടത്തെ സാമാന്യജനങ്ങളുടെ കാര്യമാണ് ഈ പറഞ്ഞതു്. ഗ്രന്ഥശാലാവളപ്പിനുള്ളിൽപ്പോലും കാലുകുത്തിയിട്ടില്ലാത്ത അഭ്യസ്തവിദ്യരെ പരിചയമുള്ള നമുക്കു ഇതൊക്കെ കേൾക്കുമ്പോൾ ഒരു വല്ലാത്ത വിസ്മയം—അല്ലേ? ഈ വായനശാലകളിൽ ദേശീയവും പ്രാദേശികവുമായ പത്രങ്ങൾക്കു പുറമെ അനവധി മാസികകളും മററു ആനുകാലികപ്രസിദ്ധീകരണങ്ങളും ഉണ്ടായിരിക്കും. ഇതിന്റെ ശരിയായ പ്രയോജനം അവർ നേടുന്നുമുണ്ട്.

എന്താ, അമ്പരപ്പിക്കുന്ന അറിവുകൾ—അല്ലേ? വിശ്വസിക്കൂ—എല്ലാം പരമാർത്ഥമാണ്.

---


# ശബ്ദതാരാവലി
## മലയാളനിഘണ്ടു
(പരിഷ്കരിച്ച നാലാം പതിപ്പ്)

ഭാഷാനിഘണ്ടുക്കളിൽവച്ച് പ്രഥമസ്ഥാനം അർഹിക്കുന്നതും കുലങ്കഷമായ ഭാഷാപരിചയത്തിനു പര്യാപ്തമായതെന്ന് പണ്ഡിതന്മാർ പരക്കെ സമ്മതിച്ചിട്ടുള്ളതുമായ ഈ കോശഗ്രന്ഥത്തിന്റെ ഒന്നും രണ്ടും വാല്യം തയാർ. ക്രൗൺ ¼ ൽ 2000-ൽ പരം വശങ്ങളുള്ള രണ്ടു വാല്യങ്ങൾക്കുംകൂടി 25 ക. മാത്രം.

കെ. മാത്യു ലൈബ്രേറിയൻ
ശ്രീ ചിത്തിരതിരുനാൾ ഗ്രന്ഥശാല, തിരുവനന്തപുരം.

# കർമ്മം മുമ്പ്!

## വട്ടോളി കൊച്ചുകൃഷ്ണൻനായർ

വാനത്തിൻ പൂമുഖെ, തന്നം പ്രകൃത്യംബ
സാനന്ദം വെള്ളിവിളക്കുവച്ചു;
പാരാ, വെളിച്ചത്തിൻ മൂടുപടമിട്ട
ഘോരതിമിരമായെ മാറി.

അങ്ങിങ്ങുണന്നു, പൂങ്കോഴികൾ കൂകുന്ന
തുംഗനിനാദത്തിൽ ദീർഘദീർഘം;
ഭദ്രമക്കാഹളം കേട്ടുണന്നൊട്ടുപേർ
നിദ്രതൻ മെത്തയിൽനിന്നെണീററു.

പിന്നെയും മൂടിക്കിടക്കുന്നാമർത്ത്യരെ-
നിന്ദിച്ചോ, നായ്ക്കൾ കുരച്ചിടുന്നു!
അർക്കോദയത്തിലെ നിദ്രയെ, ഭർത്സിച്ചോ,
മുക്കാക്കളൊട്ടുമൊത്താർത്തിടുന്നു!

സമ്പത്തു ദാരിദ്ര്യശീർഷത്തിൽ,തത്തുന്ന
ചാമ്പരാൻ ഗ്രാമത്തിൻ സുപ്രഭാതം!

* * *

ചേണെഴും ചാമ്പരാൻ ഗ്രാമം സമഗ്രമായ്
കാണായിതവ്യക്തം പ്രത്യൂഷസ്സിൽ
നന്മണൽക്കാടതിൻമദ്ധ്യഭാഗത്തൊരു
കന്മതിൽ കെട്ടാത്തകാസാരവും;

അച്ചാരുസരസ്തീരത്തു പുൽമേഞ്ഞ
കൊച്ചുകുടിലുകളൊട്ടനേകം.
വേലക്കാർ, തീണ്ടലുള്ളോർ, നിസ്വരധഃകൃതർ
മേലാളർ കൊട്ടുംപോൽ തുള്ളിടുന്നോർ

ആ വാപീജീവനംകൊണ്ടു ജീവിക്കുന്ന
പാവങ്ങളക്കുടിൽക്കുള്ളിൽ വാഴ്വൂ!

* * *

നിത്യവുമെന്നപോലന്നുമാമേലാള-
രെത്തിയാ വാപിതൻ തീരം നോക്കി;
തോട്ടിപ്പണിയെടുത്ത,തളർത്ത,മങ്ങാരോ
തൊട്ടിയും തൂമ്പയുമായി നിൽപ്പൂ.
ഒട്ടുപേർ ദൂരത്തുനിന്നു സംവീക്ഷിച്ചു
പൊട്ടിച്ചിരിച്ചു കൈകൊട്ടിയാർത്തു........

"ഭ്രാന്തനൊരുഭ്രാന്തൻ!"—കല്ലുമായ്
പാഞ്ഞെത്തി
ശാന്തനാമർത്ത്യൻെറ ചാരത്തവർ;
കല്ലെറിയാൻലാക്കുനോക്കവേശീർഷത്തിൽ-
ത്തല്ലേററപോലവർ സ്തബ്ധരായി!
സേവനഭ്രാന്തനാം, തോട്ടി, ഹരിജന-
പാവനമിത്രമാം, കർമ്മചന്ദ്രൻ!........

* * *

ആ നമ്രശീർഷരായ് കൈക്കൂപ്പിനിൽക്കുമാ-
മാനവരോടു മഹാത്മാവോതി:—
"മേലാളരെന്നുള്ള മർത്ത്യർ മൃഗങ്ങളെ-
പ്പോലെ, യിവരെഗ്ഗണിപ്പൂ നിങ്ങൾ;
താണവരാകിലും, തീണ്ടലുള്ളോരാകിലും
നാണവും മാനവുമുള്ളോൻ മർത്ത്യൻ!

ദാരിദ്ര്യഭൂതം കരണ്ടതിന്നുമിവ-
ർക്കാരോഗ്യഹാനിക്കീക്കർമ്മം പോരും
പാചകം ചെയ്യുതീവെള്ളമാം, പാവങ്ങ-
ളാചമിക്കുന്നതുമീവെള്ളംതാൻ.

മിണ്ടാൻ കഴിവററ പ്രാണികളെന്നോർത്തു
"കണ്ടതും കേട്ടതും" കാണിക്കാമോ?

* * *

"മാപ്പേകു!"—വന്ദിച്ചുരച്ചിതാമേലാളർ
"മാപ്പേകു, ബാപ്പുജി, ഞങ്ങളജ്ഞർ!
പാതകകർമ്മാപശാന്ത്യർത്ഥം, ഞങ്ങൾ
യാതനയെന്തും വരിച്ചുകൊള്ളാം

കല്പിച്ചാൽ തോട്ടിപ്പണിചെയ്യു,മീഞങ്ങൾ
തൃപ്പാദമെന്തിനിതാചരിച്ചു?" .......
ഓതി മഹാത്മജി:—പശ്ചാത്താപംതന്നെ
പാതകത്തിന്നു, പരിഹാരമാം.

തോട്ടിപ്പണിയും, പുരോഹിതവൃത്തിയു-
മൊട്ടുമേ, ഭേദമില്ലെല്ലാം കർമ്മം!
ഉദ്ദേശശുദ്ധിയും, സേവനബുദ്ധിയും
ഏദ്ദേശത്തുണ്ടാകിലെല്ലാം ധർമ്മം!

ശർമ്മമുളവാക്കാൻ കർമ്മം മുമ്പാകണം
ധർമ്മോപദേശംപിൻപെന്നെൻമതം!"

# വയോജനവിദ്യാഭ്യാസം

എ. ഡി. രാജഗോപാൽ

ഭാരതം സ്വതന്ത്രമായി. പരിവർത്തനങ്ങൾ പലതും ജന്മമെടുത്തു. പൊൻകിരീടങ്ങളിൽ നിന്നും ഭരണഭാരം ജനഹസ്തങ്ങളിൽ പകർന്നു. പട്ടിണിപ്രാകാരങ്ങൾ പൊളിച്ചെറിയുവാൻ പ്രായോഗികപദ്ധതികൾ പലതും രൂപം കൊണ്ടു തുടങ്ങി. അങ്ങനെ പരിഷ്കാരത്തിന്റെ പുതുവിത്തു പലതും മുളച്ചു തുടങ്ങിയിട്ടുണ്ട്.

എങ്കിലും ഭാരതം ഇന്നും അന്ധതയിൽ തപ്പിത്തടയുകയാണെന്നു പറയാതെ തരമില്ല. ഇതര രാഷ്ട്രങ്ങളെ അപേക്ഷിച്ച് വിദ്യാഭ്യാസത്തിൽ ഇൻഡ്യയുടെ നില തുലോം പരിതാപകരമാണ്.

ഇവിടെ സാക്ഷരത്വമുള്ളവർ നൂറിനു പതിനഞ്ചു പേരേയുള്ളു എന്ന പരമാർത്ഥം, ചരിത്രത്തിന്റെ ഏടുകൾ മറിച്ചു കാണിക്കുമ്പോൾ ആരും അതിൽ അത്ഭുതപ്പെടും. ഇൻഡ്യയിൽ മററു ഭാഗങ്ങളെ അപേക്ഷിച്ച്, നമ്മുടെ ഐക്യ സംസ്ഥാനത്തിന്റെ നില ഏറെക്കുറെ തൃപ്തികരമാണെങ്കിലും നൂററിനു അമ്പതുപേരും നിരക്ഷരകുക്ഷികളാണെന്നു ചരിത്രം രേഖപ്പെടുത്തുന്നു. അതുകൊണ്ട് പുരോഗതിയുടെ പുതിയ അദ്ധ്യായങ്ങൾ പലതും തുറന്നു നോക്കി പ്രവർത്തിക്കേണ്ട അവസരം അതിക്രമിച്ചിരിക്കയാണ്.

ഇന്ന് ഈ നാട്ടിൽ നടമാടുന്ന അന്ധതയേയും സാമ്പത്തികാധഃപതനത്തേയും ആട്ടിപ്പായിക്കണമെങ്കിൽ, "വയോജന വിദ്യാഭ്യാസ"ത്തിന്റെ വജ്രായുധം കൈവരുത്തുകയല്ലാതെ വേറെ പോംവഴിയില്ല.

"വിദ്യാഭ്യാസം സാമ്പത്തികപുരോഗതിക്ക് ഒരവിഭാജ്യഘടകമാണെന്ന തത്വത്തിൽ നിന്നു നോക്കുമ്പോൾ, വയോജനവിദ്യാഭ്യാസത്തിനു മാത്രമേ ആ സുസ്ഥിതി അതിവേഗം കൈവരുത്തുവാൻ സാധിക്കുകയുള്ളു വെന്നുള്ളത് സംശയമററ പരമാർത്ഥമാണ്.

വയോജനവിദ്യാഭ്യാസംകൊണ്ട് വിവക്ഷിക്കുന്നത് വെറും അക്ഷരജ്ഞാനം, വൃദ്ധന്മാർക്കുവേണ്ടി, എന്നു മാത്രമല്ല. ജീവിതോൽകർഷത്തിനുതകുന്ന ഏതും അതിന്റെ അഭേദ്യഘടകമാണ്. കായികം, രാഷ്ട്രീയം, മാനസികം, ആത്മീയം, സാമൂഹികം; സർവ്വോപരി, സാമ്പത്തികം എന്നീ വിവിധ നിലകളിലാണ് വയോജനവിദ്യാഭ്യാസം മനുഷ്യസമുദായത്തെ ഉയർത്തുന്നത്. അതിൽക്കൂടി മാത്രമേ ഗ്രാമോദ്ധാരണം സംപൂർണ്ണഫലപ്രാപ്തി കൈവരുത്തുവാൻ പോകുന്നുള്ളു.

ഇന്ന് അമേരിക്കയും ഡെന്മാർക്കും സാമ്പത്തികമായും, സാംസ്കാരികമായും വളരെയേറെ പുരോഗമിക്കുവാനുള്ള മുഖ്യകാരണവും ഇതുതന്നെയാണ്. പ്രസ്തുത രാജ്യങ്ങളിൽ നൂറിന് തൊണ്ണൂറെറട്ടുപേരും സാക്ഷരത്വം സിദ്ധിച്ചിട്ടുള്ളവരാണ്.

ഇന്നത്തെ ലോകത്തിൽ ഏതുനിലയിലും പുരോഗമിച്ചിരിക്കുന്നു എന്നു വിശ്വസിക്കുന്ന റഷ്യയിൽ, ഒന്നാം ലോകമഹായുദ്ധകാലത്ത് നൂറിനു ഇരുപതുപേരു മാത്രമേ സാക്ഷരന്മാരായിരുന്നിട്ടുള്ളു എന്നുള്ളതിനു ചരിത്രം സാക്ഷ്യം വഹിക്കുന്നു. എന്നാൽ

1918-ൽ ഉണ്ടായ വിപ്ളവത്തിന്റെ ഫലമായി രൂപം പ്രാപിച്ച "ബോൾഷേവിക്ക്" ഭരണത്തിന്റെ ആവിർഭാവത്തോടുകൂടി ഭരണഭാരം കൈയേററ ഗവൎമ്മെൻറ് പുരോഗമനപരങ്ങളായ വിവിധ പദ്ധതികൾ രൂപീകരിച്ച കൂട്ടത്തിൽ വയോജനവിദ്യാഭ്യാസത്തിന് മുൻഗണന നൽകിയിരിക്കുന്നതായിക്കാണുന്നുണ്ട്. തുടൎന്നുള്ള അക്ഷീണപരിശ്രമത്തിന്റെ പരിണതഫലമായി നൂററിനു എൺപതുപേരും സാക്ഷരത്വമുള്ളവരാണെന്നവർ അവകാശപ്പെടുന്നു— അഭിമാനം കൊള്ളുന്നു.

യൂറോപ്യൻ രാജ്യങ്ങളിൽ മനുഷ്യസമുദായത്തിനാകെ ഉത്കർഷോന്മുഖമായ ജീവിതം നയിക്കാൻ പര്യാപ്തമാക്കിത്തീർത്ത ഇത്തരം പദ്ധതികൾ നടപ്പിൽ വരുത്തിയതു് സഹകരണസംഘങ്ങളാണെന്ന വസ്തുത മറക്കാവുന്നതും മറയ്ക്കാവുന്നതുമല്ല.

ഈ വയോജനവിദ്യാഭ്യാസപദ്ധതി അക്ഷരജ്ഞാനമില്ലാത്ത പത്തുവയസ്സിനു മേലുള്ള എല്ലാവരേയും തൃപ്തിപ്പെടുത്തുവാൻ പര്യാപ്തമാണ്. ഇത്തരം ആളുകളുടെ സൗകര്യത്തെമുൻനിറുത്തി വ്യക്തികളായും, സംഘങ്ങളായും തിരിച്ച് നിശാപാഠശാലകൾ നടത്തി സാക്ഷരത്വത്തിലേക്ക് അവരെ നയിക്കാവുന്നതാണ്.

ഇത്ര പ്രയോജനപ്രദമായ—ജീവിതത്തിൽ പൂർണ്ണത്വം ചേർക്കുന്ന— അന്ധതയെ ദൂരീകരിക്കുന്ന— ജനകീയഭരണത്തെ അതിന്റെ വിജയസോപാനത്തിൽ എത്തിച്ചേർക്കുന്ന ഇത്തരം പ്രസ്ഥാനങ്ങൾക്ക് സർവ്വതോമുഖമായ പ്രോത്സാഹനം നൽകേണ്ടതു് ഇന്നാട്ടിലെ ഓരോരുത്തരുടേയും കടമയാണ്. വിശേഷിച്ചും പ്രസരിപ്പും സേവനതല്പരതയുമുള്ള യുവാക്കന്മാരുടേയും സഹകരണസംഘങ്ങളുടേയും ചിന്താഗതിയും പ്രവൎത്തനമനോഭാവവും ഇതിലേക്കു തിരിഞ്ഞു കണ്ടാൽ അതു അഭിലഷണീയമായിരിക്കും.

ഇന്നു തിരുവനന്തപുരത്തു് ഐക്യസംസ്ഥാന ഗ്രന്ഥശാലാ സംഘത്തിന്റെ ആഭിമുഖ്യത്തിൽ ഒരു വയോജനവിദ്യാഭ്യാസ പരിശീലന കോഴ്സ് വിജയപൂർവ്വം നടന്നുവരുന്നുണ്ട്. രാജ്യത്തിന്റെ പുരോഗതിക്ക് വെൺപാത വെട്ടിത്തുറക്കുന്ന ഈ പരിപാടി പ്രയോഗത്തിൽ കൊണ്ടുവരുവാൻ മുന്നോട്ടിറങ്ങിയ ഗ്രന്ഥശാലാസംഘത്തിന്റെ ഭാരവാഹികളുടെ ഉദ്യമം സർവ്വഥാ പ്രശംസനീയം തന്നെയാണ്.

അവരെ പ്രോത്സാഹിപ്പിക്കുന്നതിനു ഇന്നത്തെ "ജനകീയ" ഗവൎമ്മെൻറ് വേണ്ടതു ചെയ്യുമെന്ന് നമുക്കു ന്യായമായി പ്രതീക്ഷിക്കാവുന്നതാണ്. അങ്ങനെ ഗവൎമ്മെൻറിന്റെ വമ്പിച്ച പിന്തുണയോടുകൂടി ഈ പ്രസ്ഥാനം മുന്നോട്ടു കുതിച്ച് അതിന്റെ ഉദ്ദേശം നിൎവ്വഹിച്ച് വിജയം കൈവരിക്കുമാറാകട്ടെ. അങ്ങനെ ഈ നാട്ടിന്റെ അജ്ഞാനാന്ധകാരം അകലട്ടെ. ആ അനതിദൂരഭാവിയെ ആശയും പ്രതീക്ഷയും നിറഞ്ഞ ഹൃദയത്തോടുകൂടി കാത്തുനിൽക്കാം.

# സുഭാഷിതവീഥി

(ഭർത്തൃഹരിയിൽനിന്ന്)

1

ശശീ ദിവസധൂസരോ ഗളിതയൌവനാകാമിനീ
സരോ വിഗതവാരിജം മുഖമനക്ഷരം സ്വാകൃതേഃ
പ്രഭുർദ്ധനപരായണസ്സതതദുർഗ്ഗതിസ്സജ്ജനോ
നൃപാങ്കണഗതഃ ഖലോമനസിസപ്തശല്യാനിമേ.

അന്വയം.

ദിവസധൂസരഃ ശശീ ഗളിതയൌവനാകാമിനീ
വിഗതവാരിജം സരഃ സ്വാകൃതേഃ അനക്ഷരം മുഖം
ധനപരായണഃ പ്രഭുഃ സതതദുർഗ്ഗതിഃ സജ്ജനഃ
നൃപാങ്കണഗതഃ ഖലഃ സപ്തഃ മേമനസി ശല്യാനി (ഭവന്തി)

സാരം.

പകൽ തേജസ്സില്ലാതെയിരിക്കുന്ന ചന്ദ്രൻ, യൌവനം പൊയ്പ്പോയ സ്ത്രീ, താമരകൾ ഇല്ലാതെയായ പൊയ്ക, സുന്ദരപുരുഷന്റെ വിദ്യാഭ്യാസരഹിതമായ മുഖം, ധനമോഹിയായ പ്രഭു, എന്നും ദരിദ്രനായിരിക്കുന്ന സജ്ജനം, രാജഭവനത്തെ പ്രാപിച്ച ദുഷ്ടൻ ഇവ ഏഴും എന്റെ മനസ്സിനെ ശല്യപ്പെടുത്തുന്നവയാകുന്നു.

2

പ്രീണാതിയസ്സുചരിതൈഃ പിതരൌ സ പുത്രോ
യദ്ഭർത്തുരേവഹിതമിച്ഛതി തൽകളത്രം
യന്മിത്രമാപദിസുഖേ ച സമക്രിയം ത —
ദേതത്ത്രയം ജഗതി പുണ്യകൃതോ ലഭന്തേ.

അന്വയം.

യഃ പിതരൌ സുചരിതൈഃ പ്രീണാതി സപുത്രഃ
യൽഭർത്തുഃ ഹിതം ഏവ ഇച്ഛതി തൽകളത്രം
യൽ ആപദി സുഖേ ച സമക്രിയം തൽമിത്രം
ജഗതി പുണ്യകൃതഃ ഏതൽത്രയം ലഭന്തേ.

സാരം.

ഏതൊരാൾ, മാതാപിതാക്കന്മാരെ, നല്ല നടത്തകളെക്കൊണ്ടു സന്തോഷിപ്പിക്കുന്നുവോ അവൻ പുത്രനാകുന്നു. ഏതൊരുവൾ ഭർത്തൃഹിതത്തെ ആഗ്രഹി

ക്കുന്നുവോ അവൾ ഭാര്യയാകുന്നു. ഏതൊരാൾ ആപത്തിലും സമ്പത്തിലും ഒന്നുപോലെ സ്നേഹത്തോടുകൂടി പെരുമാറുന്നുവോ അവൻ ബന്ധുവാകുന്നു. ലോകത്തിൽ പുണ്യവാന്മാർ ഈ മൂന്നിനേയും പ്രാപിക്കുന്നു.

3

യഥാ കന്ദുകപാതേനോ-
ല്പതത്യാര്യഃ പതന്നപി
തഥാത്വനാര്യഃ പതതി
മൃത്പിണ്ഡപതനം യഥാ.

അന്വയം.

ആര്യഃ പതൻ അപി കന്ദുകപാതേന യഥാ തഥാ
ഉൽപതതി; അനാര്യഃ തു (പതൻ) മൃത്പിണ്ഡ-
പതനം യഥാ (തഥാ) പതതി.

സാരം.

ഗുണവാൻ (ശ്രേഷ്ഠപുരുഷൻ) അധഃപതിച്ചാലും, താഴെ വീണ പന്തുപോലെ ഉത്തരനിമിഷത്തിൽ ഉയരുന്നു. ശ്രേഷ്ഠനല്ലാത്തവൻ മണ്ണുരുളപോലെ വീണടിയുന്നു.

4

ഗജഭുജംഗവിഹംഗമബന്ധനം
ശശിദിവാകരയോർഗ്രഹപീഡനം
മതിമതാഞ്ച സമീക്ഷ്യ ദരിദ്രതാം
വിധിരഹോ! ബലവാനിതി മേ മതിഃ

അന്വയം.

ഗജഭുജംഗവിഹംഗമബന്ധനം ശശിദിവാ-
കരയോഃ ഗ്രഹപീഡനം മതിമതാം ദരിദ്രതാം
ച സമീക്ഷ്യ വിധിഃ ബലവാൻ ഇതി മേ മതിഃ അഹോ!

സാരം.

വളരെ ബലമുള്ള ആനയും ഉഗ്രവിഷമുള്ള സർപ്പവും ഉയർന്നു പറക്കുന്ന പക്ഷിയും ബന്ധനത്തിൽ അകപ്പെടുന്നതും, തേജസ്വികളായ ആദിത്യചന്ദ്രന്മാർ ഗ്രഹണത്തിനിരയാകുന്നതും ബുദ്ധിമാന്മാർ (വിദ്വാന്മാർ) ദാരിദ്ര്യം അനുഭവിക്കുന്നതും കണ്ടിട്ട് വിധിയുടെ ശക്തിയെക്കുറിച്ച് എനിക്ക് അത്ഭുതം തോന്നുന്നു.

(തിരുക്കുറളിൽനിന്ന്)

1

ഒറുത്താർക്കൊരുനാളെയിൻപം ; പൊറുത്താർക്കു-
പ്പൊൻറുന്തുണൈയും പുകഴ്.

സാരം.

ക്ഷമിക്കാത്തവന് (പകരം വീട്ടുന്നവന്) ഒരു ദിവസത്തേക്കു സന്തോഷമുണ്ടായിരിക്കും. ക്ഷമിക്കുന്നവന് എന്നത്തേക്കും കീർത്തിയുണ്ടായിരിക്കും.

2

അഴുക്കാറുകൻറാരുമില്ലെയതില്ലാർ
പെരുക്കത്തിറ്റീർന്താരുമിൽ.

സാരം.

അസൂയപ്പെട്ടു വർദ്ധിച്ചവരുമില്ല. അസൂയപ്പെടാത്തവരിൽ വർദ്ധിക്കാത്തവരുമില്ല.

3

പീലിപെയ്ചാകാടു മച്ചിറുമപ്പണ്ട-
ഞ്ചാലമികുത്തുപ്പെയിൻ.

സാരം.

മയിൽപ്പീലി കയറ്റിയ വണ്ടിയും, പീലി കണക്കിൽ കവിഞ്ഞു കയറ്റിയാൽ, അച്ചുതണ്ടു ഒടിയും.

4

നെടുനീർ മറവിമടി തുയി നാൻകും
കെടുനീരാർ കാമക്കലൻ.

സാരം.

മടി, അമാന്തം, മറവി, ഉറക്കം ഇവനാലും, നശിക്കാനുള്ളവർ മോഹിച്ചു കയറാനുള്ള കപ്പലുകളാകുന്നു.

5

ചൊല്ലുതൽയാർക്കുമെളിയവരിയവാം-
ഞ്ചൊല്ലിയവണ്ണഞ്ചെയൽ.

സാരം.

പറയാൻ ആർക്കും എളുപ്പത്തിൽ സാധിക്കും. പറഞ്ഞതുപോലെ ചെയ്യാനാണു പ്രയാസം.

# കുട്ടിഗ്രന്ഥശാലകൾ

## (ലൈബ്രറികളിൽ കുട്ടികൾക്കുള്ള വിഭാഗം)

"കുട്ടികൾക്കുവേണ്ടി ലൈബ്രറികളിൽ പ്രത്യേകമായ ഒരു വിഭാഗം ഏർപ്പെടുത്തേണ്ടതിൻെറ ആവശ്യകതയെപ്പററി" എത്ര പറഞ്ഞാലും അതു് അധികമായിപ്പോകുന്നതല്ല. ഒരു നല്ല ലൈബ്രേറിയൻെറ ചിന്താവിഷയം എപ്പോഴും അതേപ്പററിയായിരിക്കും. അതു സംബന്ധിച്ചു് ചില കൂടുതൽ കാര്യങ്ങളാണു് ഇവിടെ കുറിക്കുന്നതു്.

1. ഒരു പുസ്തകം കയ്യിലെടുത്താൽ അതിൻെറ ആദിയും അന്തവും മനസ്സിലാകുന്ന പ്രായത്തിലുള്ള എല്ലാ കുട്ടികൾക്കും അത്തരം ലൈബ്രറികളിൽ പ്രവേശനം അനുവദിക്കണം ചിത്രങ്ങളോടുകൂടിയ അക്ഷരമാലകളും ചിത്രങ്ങളെക്കൊണ്ടു മാത്രമുള്ള ചെറുകഥകളും ആയിരിക്കണം അത്തരം പുസ്തകങ്ങളിലെ ഉള്ളടക്കം. ലിപികൾക്കു് പ്രത്യേകം പ്രാധാന്യം ആ പുസ്തകത്തിൽ കല്പിക്കേണ്ട ആവശ്യമില്ല. രണ്ടു വയസ്സുമുതൽ മൂന്നു വയസ്സുവരെയുള്ള കുട്ടികളെ ഈ വിഭാഗത്തിൽ ചേക്കാം.

2. പരിസരങ്ങളിൽ സാധാരണ സംഭവിക്കുന്ന യഥാർത്ഥ സംഭവങ്ങൾ, കഥാരൂപേണ, ഏററവും ചെറുതരം വാക്യങ്ങളിൽ രൂപീകരിച്ചിട്ടുള്ള കഥകളടങ്ങിയ പുസ്തകങ്ങൾ. 4 മുതൽ 6 വരെ പ്രായമുള്ള കുട്ടികൾക്കായി തരംതിരിക്കാം. ചിത്രം കൂടുതലും വാചകം കുറച്ചും മാത്രമായിരിക്കണം ഇതിലെ ഉള്ളടക്കം. കുട്ടികൾക്കായുള്ള പലതരം കളികളുടെ വിവരണം അതിൻെറ ചിത്രങ്ങൾ മുതലായവയും ഈ ഗ്രന്ഥത്തിൽ അടങ്ങിയിരിക്കുന്നതു് നന്നു്.

3. 6 മുതൽ 9 വരെ വയസ്സു പ്രായമുള്ളവക്കു് തന്നാട്ടിലെ കഥകളും വിദേശീയ കഥകളും അടങ്ങിയ ഗ്രന്ഥങ്ങൾ ഉപയോഗിക്കാം. അതോടുകൂടി ചെറുതരം കൃഷികളു (ചീര, വെണ്ട, വഴുതന മുതലായ സസ്യാദികൾ)ടെ വിവരണവും അതു് ഏതേതു മാസങ്ങളിൽ ഏതു രൂപത്തിൽ കൃഷിചെയ്യണമെന്നുള്ള വിവരണങ്ങളും ചിത്രത്തോടുകൂടി ഭംഗിയായി കാണിച്ചിരിക്കണം.

4. ഒൻപതു മുതൽ പന്ത്രണ്ടുവരെ പ്രായമുള്ള കുട്ടികൾക്കു് കഥകൾ, ചരിത്രകഥകൾ, ഐതിഹ്യം മുതലായവ അടങ്ങിയ ഗ്രന്ഥങ്ങൾ, അതും സചിത്രമായി ഉപയോഗിക്കാം. മഹാന്മാരായിത്തീർന്നിട്ടുള്ളവരുടെ ബാല്യകാലാനുഭവങ്ങൾ ആയിരിക്കണം അതിൽ മുഖ്യമായി അടങ്ങിയിരിക്കേണ്ടതു്. തന്നത്താൻ വേലചെയ്തു് ജീവിക്കാനുള്ള കഴിവു് ഈ പ്രായംമുതൽ സമ്പാദിക്കാനുള്ള പ്രായോഗികപരിജ്ഞാനം ഇവിടംമുതൽ സിദ്ധിക്കാൻ ഇടയാകണം. അത്തരത്തിൽ രൂപീകരിച്ചിട്ടുള്ള പുസ്തകങ്ങൾ ഈ പ്രായക്കാർക്കു് വിതരണം ചെയ്യേണ്ടതാണു്. തന്നത്താൻ വേലചെയ്തു ജീവിക്കുന്നതാണു് ഏററവും അഭിമാനമെന്നു് ഈ പ്രായക്കാർ ദൃഢമായി വിശ്വസിക്കണം. അതനുസരിച്ചായിരിക്കണം അവർ വായിക്കാനെടുക്കുന്ന പുസ്തകങ്ങളുടെ പോക്കും. ഇത്രയും ഇക്കാര്യത്തെ സംബന്ധിച്ചുള്ള എൻെറ അഭിപ്രായമാണു്.

(ലൈബ്രേറിയൻ, പി. കെ. മെമ്മോറിയൽ ഗ്രന്ഥശാല, അമ്പലപ്പുഴ)

# ഉല്ക്കകൾ

എസ്. പരമേശ്വരൻ

രാത്രികാലങ്ങളിൽ ആകാശത്തു് നക്ഷത്രങ്ങൾ ധാരാളമുണ്ടായിരിക്കുമ്പോൾ ഏതാണ്ടു് മിന്നൽക്കൊടിപോലെ പ്രകാശമാനമായ ഒരു രേഖ പെട്ടെന്നു് നമുക്കു ദൃശ്യമാകാറുണ്ടു്. വാനത്തു തിളങ്ങിക്കൊണ്ടിരിക്കുന്ന നക്ഷത്രങ്ങളിൽ ഏതായിരിക്കും നിപതിച്ചതെന്നു നാം അത്ഭുതപ്പെട്ടേയ്ക്കും. എന്നാൽ യാതൊരു നക്ഷത്രവും നിപതിക്കുന്നില്ലെന്നു ജ്യോതിശ്ശാസ്ത്രജ്ഞന്മാർ പറയുന്നു. 'വീഴ്നക്ഷത്ര'മെന്നു സാധാരണമായി പറഞ്ഞുപോരുന്ന ആ രേഖാദ്രവ്യം വാസ്തവത്തിൽ ഒളിയററതും തണുത്തതുമായ വല്ല ലോഹശകലമോ പാറക്കഷണമോ ആയിരിക്കും. അത്യുന്നതമായ താരാപഥത്തിൽക്കൂടി അനേകകാലം സഞ്ചരിച്ചതിനു ശേഷം ഭൂമിയുടെ ആകർഷണപരിധിയിൽപ്പെട്ടു നമ്മുടെ ഭൂമിയിൽപതിക്കുന്ന പാർത്ഥിവാംശങ്ങളാണവ. വായുമണ്ഡലത്തിനുള്ളിൽ പ്രവേശിക്കുന്നതുവരെ അവ നമുക്കു ദൃശ്യമാകുന്നില്ല. പദാർത്ഥങ്ങൾ തമ്മിലുരസുമ്പോൾ ചൂടും ചിലപ്പോൾ വെളിച്ചംപോലുമുണ്ടാകാറുണ്ടു്. കത്തി ചാണയ്ക്കു വയ്ക്കുമ്പോൾ അഗ്നിയുണ്ടാകുന്നതു സാധാരണമല്ലേ ? മിനിട്ടിൽ നാല്പതോ എൺപതോ മൈൽ വേഗത്തിൽ വായുവിൽക്കൂടി സഞ്ചരിക്കുകകാരണം തണുത്ത ആ ദ്രവ്യശകലങ്ങൾക്കു് ചൂടുപിടിക്കുകയും അവ ജ്വലിക്കുകയും ചെയ്യുന്നു. അതാണു് 'വീഴ്നക്ഷത്ര'മായി നമുക്കു ദൃശ്യമാവുന്നതു്. അതിനു് 'കൊള്ളിമീൻ' എന്നും 'ഉല്ക്ക' എന്നും പേരുണ്ടു്. ഭൂമിയിൽനിന്നു് ഇരുനൂറുമൈൽ അകലത്തിൽവച്ചു് അവ ജ്വലിച്ചുതുടങ്ങുമത്രേ ; മിക്കവാറുമെണ്ണം അന്തരീക്ഷത്തിൽവെച്ചുതന്നെ ഭസ്മീഭവിക്കുകയും ചെയ്യുന്നു. ഉല്ക്കകൾ ദൃശ്യമാവുമ്പോൾ, അവയുടെ പൊക്കം അറുപതു മൈലും, അപ്രത്യക്ഷമാവുമ്പോൾ നാല്പതു മുതൽ അമ്പത്തിരണ്ടു മൈൽ വരേയുമായിരിക്കുമെന്നും വെളിവാക്കപ്പെട്ടിട്ടുണ്ടു്. ഭസ്മീഭവിച്ചു പോകാത്തവ ഭൂമിയിൽ നിപതിക്കുകയായി. ഇങ്ങനെ വീഴുന്ന ദ്രവ്യങ്ങൾക്കു് ഉല്ക്കാപിണ്ഡങ്ങൾ (meteorite) എന്നു പേർ. വായു ഒരു വലിയ പുതപ്പുപോലെ ആവരണം ചെയ്തിരിക്കുന്നതെത്ര ഭാഗ്യമായിപ്പോയി! വായുമണ്ഡലമെന്നൊന്നില്ലെങ്കിൽ ഈ ഉല്ക്കകൾ മുഴുവൻ ഭൂതലത്തിൽ വീഴുകില്ലേ ? അവ നമ്മേ എന്നേ നശിപ്പിച്ചിരുന്നിരിക്കും.

ഉല്ക്കാപതനം പ്രാക്തനകാലം മുതല്ക്കുതന്നെ സംഭവിക്കുന്നുണ്ടായിരുന്നുവെങ്കിലും ക്രിസ്ത്വബ്ദം 1800-ൽ ഫ്രഞ്ചു് അക്കാഡമി ആകാശത്തിൽ നിന്നു ദ്രവ്യങ്ങൾ പതിക്കുന്നതല്ലെന്നും, അക്കഥകളെല്ലാം കെട്ടുകഥകളാണെന്നും വിധിക്കുകയുണ്ടായി. നിരീക്ഷണങ്ങളുടെ ഫലമായി പിന്നീടു് ആ വിധി പൊളിച്ചെഴുതപ്പെട്ടു. ആകാശമാർഗ്ഗത്തിൽ ഇടയ്ക്കിടെ കത്തുന്ന വായുവിശേഷങ്ങളാണു് കൊള്ളിമീനുകളായി പ്രത്യക്ഷപ്പെടുന്നതെന്ന ധാരണ പത്തൊൻപതാം ശതകത്തിന്റെ ആരംഭംവരെ നിലവിലിരുന്നു. ഹാലി(1656–1742)യെപ്പോലെ ചിലർ മാത്രം അവ പുറമേനിന്നു വരുന്ന സന്ദർശകരാണെന്നു വിശ്വസിച്ചുവന്നു. 1794-ൽ ഷ്ലാഡ്നി എന്ന ജ്യോതിശ്ശാസ്ത്രജ്ഞൻ, ആകാശത്തിലൂടെ സഞ്ചരിക്കുന്നതും, ഭൂമി

യുടെ അന്തരീക്ഷത്തിൽ പ്രവേശിക്കുന്നതോടേ പ്രകാശമാനമാകുന്നതുമായ ദ്രവ്യങ്ങളാണ് ഉല്ക്കകളെന്ന് അഭിപ്രായപ്പെടുകയുണ്ടായി. 1833ലുണ്ടായ അത്യാശ്ചര്യകരമായ ഉല്ക്കാവർഷം ശാസ്ത്രജ്ഞന്മാരുടെ ശ്രദ്ധയെ ഹഠാദാകർഷിച്ചു. അതിനുശേഷമാണ് ഉല്ക്കകളെപ്പററി ശാസ്ത്രീയമായ അന്വേഷണമാരംഭിച്ചതു്.

ധൂമകേതുക്കളുടെ ഉത്ഭവംപോലെതന്നെ ഉല്ക്കകളുടേയും ഉത്ഭവം അഭ്യൂഹങ്ങളിൽ അധിഷ്ഠിതമായി വർത്തിക്കുന്നതേയുള്ളൂ. ചന്ദ്രനിലെ വിള്ളലുകളിൽ നിന്നുണ്ടായതാണ് ഉല്ക്കകൾ എന്നൊരഭിപ്രായം നിലവിലിരുന്നു. ഉല്ക്കാപിണ്ഡങ്ങൾ സൌരയൂഥത്തിനു വെളിയിൽനിന്നു വരുന്ന പദാർത്ഥങ്ങളാണെന്ന് ഷിയാപ്പെരല്ലി എന്ന ശാസ്ത്രജ്ഞൻ വിശ്വസിച്ചിരുന്നു. ഹാഫ് മേസ്റ്ററുടെ ഗവേഷണങ്ങളും ഈ വിശ്വാസത്തിന്നനുകൂലമായ വിവരങ്ങളാണ് നല്കിയിരിക്കുന്നതു്. വ്യാഴത്തിൻെറയോ, സൂര്യൻെറയോ വളരെയടുത്തു ചെന്നതുകൊണ്ടു്, ശിഥിലീഭവിച്ച ധൂമകേതുക്കളുടെ കഷ്ണയായിരിക്കാം ഉല്ക്കകളെന്നതാണിന്നു മിക്കവാറും സ്വീകൃതമായിരിക്കുന്ന സിദ്ധാന്തത്തിൻെറ സാരം.

സ്പെയ്സിൽ ഉല്ക്കകൾ ധാരാളമുണ്ടു്. അവന്തവഘനയടിയൊന്നിന് ഒരു ഉല്ക്ക വീതമുണ്ടെന്നു പറയാമത്രേ. ഓരോ ഇരുപത്തിനാലു മണിക്കൂറിലും ഏകദേശം ഏഴരക്കോടി ഉല്ക്കകൾ ഭൂമിയുടെ അന്തരീക്ഷത്തിന്നകത്തു കടക്കുന്നുണ്ടു്. ഓംസ്റ്റെഡ്, ഓൽബേഴ്സ് എന്നീ ഗവേഷണവിദഗ്ദ്ധന്മാരുടെ പ്രവർത്തനഫലമായി, ചില പ്രത്യേകസ്ഥാനങ്ങളിൽനിന്ന് ഉല്ക്കാസമൂഹങ്ങൾ പുറപ്പെടുന്നുണ്ടെന്നു വെളിവായി. ആ സ്ഥാനങ്ങളെ 'വികീർണ്ണകേന്ദ്രങ്ങൾ' (radiant points) എന്നു വിളിച്ചുപോരുന്നു. ഈ വികീർണ്ണകേന്ദ്രങ്ങളുടെ ക്യാററലാഗുകൾ നിർമ്മിക്കപ്പെട്ടിട്ടുണ്ടു്. എൺപത്തിനാലെണ്ണത്തെക്കുറിച്ചു വിവരിക്കുന്ന ഒരു പട്ടിക 1867-ൽ ഹെസ്സും, നൂററിഎൺപത്തൊൻപതെണ്ണത്തെപ്പററി വിവരിക്കുന്ന ഒരു പട്ടിക (1871-ൽ) ഷിയാപ്പെരല്ലിയും, നാലായിരത്തി അറുനൂററിമുപ്പത്തേഴെണ്ണത്തെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒന്ന് (1899-ൽ) ഡെന്നിങ്ങും പ്രസിദ്ധം ചെയ്യുകയുണ്ടായി. വികീർണ്ണകേന്ദ്രങ്ങളുടെ എണ്ണംകുറഞ്ഞിട്ടുണ്ടെന്നും അപ്പോൾ ആയിരത്തിരുനൂറെണ്ണത്തോളമേ ഉള്ളു വെന്നും സി. പി. ഒലിവിയർ 1920-ൽ പ്രസ്താവിച്ചു കാണുന്നു.

ഉല്ക്കകളിൽ, ഒരു ധാന്യപ്രമാണം മുതൽ അനേകം മണ്ണു തൂക്കമുള്ള വലിയ കട്ടകൾ വരെ വലിപ്പമുള്ളവയുണ്ടു്. വലിപ്പമുള്ളവ അന്തരീക്ഷത്തിലൂടെ ചരിക്കുമ്പോൾ മേഘനാദംപോലെ ശബ്ദം പുറപ്പെടുവിക്കുന്നുണ്ടാവും. അവയുടെ പൊട്ടിത്തെറിക്കൽ കെട്ടിടങ്ങളെ ഉലയ്ക്കുവാൻ പോരുന്നതാണ്. 1908 ജൂൺമാസം മുപ്പതാംതീയതി പകൽസമയം ഉത്തരസൈബീരിയായിൽ, ആകാശത്തുനിന്നും എന്തോ പതിക്കുകയുണ്ടായി. ഏകദേശം മുപ്പതുമൈൽ വ്യാസം വരുന്ന വനപ്രദേശം മുഴവൻ ഇല്ലായ്മ ചെയ്വാൻ പോരുന്നശക്തിയോടുകൂടിയായിരുന്നു അതു പതിച്ചതു്. നൂററൻപതുമൈലകലെനിന്നു ഇതുകാണുവാൻകഴിഞ്ഞ ഒരുവ്യക്തി പറഞ്ഞതിങ്ങനെയാണ്:— "കണ്ണഞ്ചിക്കുന്നതും, പൊടുന്നനവേ ദൃശ്യമായതുമായ ഒരു ദീപ്തിവിശേഷം; ആരെയും സ്തബ്ധമാക്കുവാൻ പര്യാപ്തമായതും ഇടിമുഴക്കത്തെക്കാൾ നൂറിരട്ടി ശബ്ദത്തോടുകൂടിയതുമായ നിലംപതിക്കൽ—ആകാശം പൊളിഞ്ഞുവീണോ എന്നു തോന്നി; ഭയ

കരമായ ഒരു ചുഴലിക്കാററ്." അത്രയും നാശം വരുത്തിയ പദാത്ഥമെന്തെന്ന് അന്വേഷിച്ചപ്പോൾ അവിടെ പ്രത്യേകിച്ച് ഒന്നും കാണുവാൻ കഴിഞ്ഞില്ല. ഉല്ക്കകളിലൊട്ടുമുക്കാലെണ്ണവും ഭൂമണ്ഡലത്തിലെത്തുംമുമ്പ് ഭസ്മീഭവിച്ചുപോകുമെന്നു പറഞ്ഞുവല്ലോ. അല്ലാത്തവ ഭൂമിയിലെത്തുന്നു. അവയിൽ ചിലതു് അങ്ങിനെതന്നെ കിടക്കുന്നു; മററു ചിലതു് ഭൂമുഖത്തു വന്നുതട്ടുന്ന സമയം തകന്നു തരിപ്പണമാവുകയോ, ബാഷ്പാവസ്ഥയെ പ്രാപിക്കുകയോ ചെയ്യുന്നു.

ഭൂമുഖത്തു കണ്ടുപോരുന്ന ചില ഗത്തങ്ങൾ ഉല്ക്കാപതനംകൊണ്ടുണ്ടായവയാണെന്നു് വിശ്വസിക്കപ്പെടുന്നു. ആരിസോണായിൽ, വിൻസ്ലോപട്ടണത്തിനടുത്തു കാണപ്പെടുന്ന ഒരു വലിയ ഗത്തം—നാലായിരമടി വ്യാസവും അറുന്നൂറടി താഴ്ചയുമുള്ള ഒന്നു് – ചരിത്രാതീതകാലത്തു വീണ ഒരു ഉല്ക്കാപിണ്ഡത്താൽ ഉണ്ടായതാണത്രേ. അവിടം ഖനനംചെയ്തുനോക്കീട്ടു് ഒന്നും കണ്ടെത്തുവാൻ കഴിഞ്ഞില്ല. ഭൂമുഖത്തെത്തിയതോടുകൂടി ആ ഉല്ക്കാപിണ്ഡം തകന്നു തരിപ്പണമായിരുന്നിരിക്കണം. ഈ ഭീകരപദാത്ഥങ്ങൾ ഇതുവരെ ജനനിബിഡമായ സ്ഥലത്തുവീണിട്ടില്ല എന്നതു ഭാഗ്യമെന്നേ പറവാനുള്ളു. ഒരു പട്ടണത്തിൽ ഒരു ഉല്ക്കാപിണ്ഡം വീണുകൂടാ എന്നില്ല.

ഇരുമ്പ്, നിക്കൽ, കാൽഷിയം, മഗ്നീഷിയം എന്നിവ ഉല്ക്കാപിണ്ഡങ്ങളിലുള്ളതായി പരിശോധനകൾ വെളിവാക്കിയിരിക്കുന്നു.

ഉല്ക്കകളുടെ ചരപഥങ്ങളെക്കുറിച്ചുള്ള ഗവേഷണങ്ങൾ നടന്നുവരികയാണ്. 1931–33, ഈ കാലഘട്ടത്തിൽ നടന്നുവന്പിച്ച നിരീക്ഷണങ്ങളെ ആസ്പദമാക്കിക്കൊണ്ടു് ഓപ്പിക്ക് എന്ന ശാസ്ത്രജ്ഞൻ അഭിപ്രായപ്പെട്ടിരിക്കുന്നതിങ്ങനെയാകുന്നു: "എനിക്കു് ആയിരത്തിനാന്നൂറു ഉല്ക്കകളെക്കുറിച്ചുള്ള വിവരങ്ങൾ ലഭിച്ചിട്ടുണ്ട്; അവയിൽ ഉദ്ദേശം തൊള്ളായിരമെണ്ണം സൗരയൂഥത്തിനു പുറമേ നിന്നുവന്നതായിരിക്കണം. എന്തെന്നാൽ അവ സൗരയൂഥത്തിൽപെട്ടതായിരുന്നാൽ അവയ്ക്കുണ്ടായിരിക്കാവുന്ന ഗതിവേഗത്തിൽക്കൂടുതൽ ഗതിവേഗമവയ്ക്കുള്ളതായിക്കാണുന്നു. ബാക്കി അഞ്ഞൂറെണ്ണത്തോളം വരുന്ന ഉല്ക്കകൾ സൗരയൂഥത്തിൽപെട്ടവ തന്നെ" ഓപ്പിക്കിൻെറ ഈ അഭിപ്രായം സവാദരണീയമായിട്ടില്ലെന്നു മാത്രമല്ല എതിക്കപ്പെട്ടിട്ടുമുണ്ട്. 1945–ൽ പോർട്ടർ എന്ന ശാസ്ത്രജ്ഞൻ എണ്ണൂറു ഉല്ക്കകളുടെ പന്ഥാക്കൾ നിണ്ണയിക്കുകയുണ്ടായി; പുറമേനിന്നു വന്നവയാണെന്നു് അവ തെളിവു നല്കുന്നില്ലത്രേ; കൂടാതെ 1948–ൽ ഹാർവാർഡ് കലാശാലയിലെ നക്ഷത്രബംഗ്ലാവിൽനിന്നു ഫോട്ടോമൂഖേന നിണ്ണയിക്കപ്പെട്ട (നാല്പത്തഞ്ചു) ഉൽക്കാപഥങ്ങളെല്ലാം തന്നെ ഉല്ക്കകൾ സൗരയൂഥത്തിൽപ്പെട്ടതാണെന്നു് വ്യക്തമാക്കുന്നുണ്ടു്. വളരെ പ്രദീപ്തങ്ങളായ ഉല്ക്കകൾ ധൂമകേതുക്കളുടെ കൂപ്പയും, ദീപ്തി കുറഞ്ഞുള്ളവ സൗരയൂഥത്തിനു പുറമേനിന്നുവന്നവയുമായിരിക്കാമെന്നു് 1948–ൽ വിപ്പിൾ എന്ന പണ്ഡിതൻ അഭിപ്രായപ്പെട്ടു കാണുന്നു.

ഗ്രഹങ്ങളേയും, ധൂമകേതുക്കളേയും പോലെ ഉല്ക്കാസമൂഹങ്ങളും സൂര്യനെ ചുററിക്കൊണ്ടിരിക്കുന്നുണ്ടു്. ഇത്തരമൊരു സമൂഹത്തെ ഭൂമികടന്നു ചെല്ലുമ്പോഴാണ് ഉല്ക്കാച്ചൊരിച്ചിൽ ദൃശ്യമാവുന്നതു്. ചിലപ്പോൾ ഉല്ക്കകൾ തീമഴപോലെ ചൊരിയുന്നുമുണ്ടു്. കൊല്ലന്തോറും ചില പ്രത്യേക ദിവസങ്ങളിൽ ഇതു സംഭവിച്ചു

വരുന്നു. ചില നക്ഷത്രസ്തബകങ്ങൾ (Constellations) പശ്ചാത്തലമായി വരുമ്പോഴാണ് ഉല്ക്കാച്ചൊരിച്ചിലുണ്ടാകുന്നത്. ഏതൊരു നക്ഷത്രസ്തബകമാണോ ഒരു ചൊരിച്ചിലിനു പശ്ചാത്തലമായി വർത്തിക്കുന്നത്, ആ നക്ഷത്രസ്തബകത്തിന്റെ പേരോടു ചേർത്താണ് ആ ചൊരിച്ചിലിനെ വിളിച്ചുപോരുന്നത്.

സാധാരണമായി ഉല്ക്കാച്ചൊരിച്ചിൽ വെളുപ്പാൻകാലത്താണുണ്ടാവുക. ഇതിനു കാരണമുണ്ട്. വൈകുന്നേരം നാം ഭൂമിയുടെ പുറകുവശത്താണു സ്ഥിതിചെയ്യുന്നത്; അപ്പോൾ ഭൂമിയുടെ മറേറവശമാണ് സഞ്ചാരഗതിയിൽ മുന്നിട്ടു നില്ക്കുന്നത്. ഭൂമിയെ കടന്നു ചെല്ലുന്ന ഉല്ക്കകൾ മാത്രമേ നമുക്കപ്പോൾ ദൃശ്യമാകൂ. അതിരാവിലെ നാം ഭൂമിയുടെ മുൻഭാഗത്താകുന്നു; കൊള്ളിമീൻ സമൂഹങ്ങളിലേയ്ക്കു പ്രവേശിക്കുകയാണ്. അതാണ് വെളുപ്പാൻകാലത്തു കൂടുതൽ ഉല്ക്കകൾ പ്രത്യക്ഷപ്പെടുന്നത്. അതുകൊണ്ട്, ഉല്ക്കാപാതം നിരീക്ഷിക്കുവാൻ പററിയ സമയം അർദ്ധരാത്രിക്കുശേഷമാണ്.

ചില ഉല്ക്കാച്ചൊരിച്ചിലുകളെ ചില നക്ഷത്രസ്തബകങ്ങളുടെ നാമങ്ങളുമായി ഘടിപ്പിച്ചിട്ടുണ്ടെന്നു പറഞ്ഞുവല്ലോ. ആ ഉല്ക്കാച്ചൊരിച്ചിലുണ്ടാവുന്ന ദിവസം അതിരാവിലെ ആ നക്ഷത്രസ്തബകം ഉദിച്ചിരിക്കും. ഓരോ കൊല്ലവും ഇത്തരത്തിലുള്ള പന്ത്രണ്ടോളം ഉല്ക്കാച്ചൊരിച്ചിലുകളുണ്ടാവും; അവയ്ക്കു കൂടുതൽ കുറവുണ്ടായിരിക്കുമെന്നൊരു വ്യത്യാസംമാത്രം. പ്രധാനപ്പെട്ട നാലെണ്ണം ചുവടെ ചേർക്കുന്നു.

| പേര് | ദൃശ്യമാവുന്ന തീയതി |
|---|---|
| പാർസെയ്ഡ്സ് | ആഗസ്ററ 10–12 |
| ഓറിയാണിഡ്സ് | ഒക്ടോബർ 19 |
| ലിയോണിഡ്സ് | നവംബർ 14 |
| ജെമിനിഡ്സ് | ഡിസംബർ 12 |

ഉല്ക്കാസമൂഹങ്ങൾ സൂര്യനെ ചുററിക്കൊണ്ടിരിക്കുന്നതായി പറഞ്ഞുവല്ലോ. കൂടിക്കിടക്കുന്നവയും, ചിന്നിച്ചിതറിക്കിടക്കുന്നവയും എന്നിങ്ങനെ ആ സമൂഹങ്ങൾ രണ്ടുവിധത്തിൽക്കാണാവുന്നതാണ്. ചിതറിക്കിടക്കുന്ന സമൂഹങ്ങളിലെ അംഗങ്ങൾ, ആ സമൂഹത്തിന്റെ ചരപഥത്തിലെല്ലായിടത്തുമെപ്പോഴുമുണ്ടായിരിക്കും. തൽഫലമായി ഭൂമി ആ പന്ഥാവിനെ കടന്നു ചെല്ലുമ്പോഴെല്ലാം—കൊല്ലന്തോറും—ഉല്ക്കാച്ചൊരിച്ചിൽ ദൃശ്യമാവുന്നതാണ്. ഉല്ക്കാസമൂഹം കൂടിക്കിടക്കുകയാണെങ്കിൽ ഭൂമി അതിനെ സമീപിക്കുമ്പോൾ മാത്രമേ ഉല്ക്കാപൊഴിച്ചിലുണ്ടാവുകയുള്ളു. നവംബറിലെ പൊഴിച്ചിൽ രണ്ടു വിധത്തിലുമുള്ളതാണ്. ഈ ഉല്ക്കാപൊഴിച്ചിൽ വർഷന്തോറും അനുഭവപ്പെടുന്നുണ്ടെങ്കിലും മുപ്പത്തിമൂന്നുവർഷത്തിലൊരിക്കൽ വളരെയധികമായുണ്ടാകുന്നു. ഉല്ക്കാസമൂഹങ്ങൾ, ധൂമകേതുക്കളുടെ അവശിഷ്ടാംശങ്ങളാണെന്ന മതത്തിനു അനുയോജ്യമായിട്ടാണ് ഉല്ക്കകളുടെ പ്രദക്ഷിണപഥങ്ങളിരിക്കുന്നത്. ഗിയക്കോബിനി–സിന്നർധൂമകേതുവും, ബീലായുടെ ധൂമകേതുവും ഈ അഭിപ്രായത്തെ സ്ഥിരീകരിക്കുന്നുമുണ്ട്. അവ (ഉല്ക്കകൾ) സൗരയൂഥത്തിനു പുറമേ നിന്നുവന്നിട്ടുള്ള സന്ദർശകരല്ലെന്നു സ്ഥാപിച്ചാലല്ലേ ഇതു് അസന്ദിഗ്ദ്ധമാവുകയുള്ളു.

ചെറുകഥ

# ആ സംഭവം

## ജി. ഉണ്ണിക്കൃഷ്ണക്കുറുപ്പ്

ആ സംഭവം ആഫീസിലുള്ള എല്ലാവരേയും നടുക്കിക്കളഞ്ഞു. സ്വന്താകണ്ണുകൾകൊണ്ടു് കണ്ടില്ലായിരുന്നെങ്കിൽ അവർക്കു് അതു് വിശ്വസിക്കുകതന്നെ പ്രയാസമായിരുന്നു. അവരെ സംബന്ധിച്ചിടത്തോളം അതു ലോകത്തിലെ 'എട്ടാമത്തെ അത്ഭുതമാണു്. നിഗൂഢമായ മനുഷ്യസ്വഭാവത്തിന്റെ നിരവധി അത്ഭുതങ്ങളിലൊന്നു്. തികച്ചും വിശ്വാസമായിട്ടില്ലാത്ത പലരും ആഫീസിലുണ്ടു്. എങ്കിലും അതു സംഭവിക്കതന്നെ ചെയ്തു.

ആ രണ്ടു മനുഷ്യരേയുംപററി എന്തെങ്കിലും അറിയാത്തവർ ആ ആഫീസിൽ ആരും ഇല്ലായിരുന്നു. പിണങ്ങാൻതന്നെ ജനിച്ച രണ്ടു മനുഷ്യർ! അവർക്കു പൊതുവായി ഒന്നുംതന്നെയില്ലായിരുന്നു. എല്ലാം വ്യത്യസ്തമായും ഭാഗികമായും അവർ കണക്കുകൂട്ടി. ഒരേ ആഫീസുപോലും അവർക്കു രണ്ടു ലോകമായിരുന്നു. ആ ആഫീസിന്റെ പേരുകൂടി അവർ രണ്ടാക്കി. ഒരാൾ പറയുന്ന പേർ മറെറയാൾ പറയില്ല. ഇത്ര മാത്രം മൂകമായ ഒരു വൈരം ഒരിടത്തും ഉണ്ടായിക്കാണില്ല. മൂകമെന്നു പറഞ്ഞതിനർത്ഥമുണ്ടു്. അടിപിടിയ്ക്കോ ലഹളയ്ക്കോ അവർ ഒരുങ്ങിക്കണ്ടില്ല. രണ്ടുപേരും ഭയങ്കരമായ ഒരു മൂകതയിലൂടെ വെറുക്കുവാൻ ഇഷ്ടപ്പെട്ടു. അതുകൊണ്ടായിരിക്കണം, ആ വിരോധത്തിനു് അതിന്റേതായ ഒരു പ്രത്യേകതയുണ്ടായിരുന്നു. അവർ രണ്ടുപേരും ഒരേമുറിയിൽ ഇരിക്കുമ്പോൾ ആ ആഫീസിലൊരിക്കലും ഹൃദയപൂർവ്വമായ വെടിപറച്ചിലുകൾ ഉണ്ടായിട്ടില്ല. വല്ലപ്പോഴും ഉച്ചത്തിലുള്ള വല്ല ചിരിയും കേട്ടാൽ ഉടനെ മനസ്സിലാക്കാം അവരിൽ ആരോ ഒരാൾ വന്നിട്ടില്ലെന്നു്.

ഓരോ ആൾക്കും വരുന്ന നന്മ തടയുവാൻ മറെറയാൾ കിണഞ്ഞു ശ്രമിച്ചു. ആഫീസുകാര്യങ്ങളിലുള്ളതിനേക്കാൾ ശ്രദ്ധ അവർക്കു് എതിരാളിയുടെ കുററങ്ങൾ കണ്ടുപിടിക്കുന്നതിലായിരുന്നു. ഓരോ ഉരുളയും വായിലേക്കു പോകുന്നതു നോക്കിയിരിക്കുന്ന പൂച്ചയേപ്പോലെയായിരുന്നു രണ്ടുപേരും. എന്തെങ്കിലും ഒന്നു താഴെ വന്നാൽ മതി, അതിന്മേൽ ചാടിവീഴാൻ. ഓരോ ദിവസവും പുതിയ എന്തെങ്കിലും കുററം കണ്ടുപിടിച്ചില്ലെങ്കിൽ രണ്ടുപേർക്കും ഉറക്കംവരികയില്ല.

'ഡെസ്പാച്ചു്' ചെയ്യാനുള്ള എഴുത്തുകൾ ഒരാൾ പകർത്തിയതു ശിപായി ആഫീസുമുറയനുസരിച്ചു് മറെറയാളുടെ മേശപ്പുറത്തു കൊണ്ടുവന്നു വെയ്ക്കും. ഒരു ഇഴജന്തുവിനെ തൂക്കിയെടുക്കുന്ന അറപ്പോടെ അയാൾ അതെടുത്തു തുറന്നുനോക്കുന്നു. ഒരു സെക്കൻറുനേരത്തേക്കു് ഒന്നു നോക്കിയ ശേഷം അതെടുത്തു് മേശപ്പുറത്തേക്കു വലിച്ചെറിഞ്ഞിട്ടു് ശിപായിയോടെന്നപോലെ തട്ടിക്കേറുകയായി.

“എടോ! കൃഷ്ണപിള്ളേ! ഇതെഴുതുന്നതു മനുഷ്യർക്കു വായിക്കാനോ അതോ ചുരുക്കെഴുത്തു പഠിക്കാനോ? ജോലിചെയ്യാൻ അ

റിഞ്ഞുകൂടെങ്കിൽ വീട്ടിൽ പോയി കുത്തിയിരിക്കയാണു നല്ലതു്."

അന്തംവിട്ടുപോയ ശിപായി ഒരു തല ചൊറിച്ചിലോടെ ഒന്നോർമ്മിപ്പിക്കുന്നു:—

അയ്യോ! നേരെചൊവ്വേയൊള്ള എഴുത്തുപോലും എനിക്കു ശകലം വിമ്മിഷ്ടമാണേ! പിന്നാ ചുരുക്കെഴുത്തു്! അതു് അദ്യേം --ഗോവിന്ദപ്പിള്ളസ്സാറ്—ഇവിടെത്തരാൻ എറിഞ്ഞുതന്നാതാണേ.

"എടോ! തന്നോടു പറഞ്ഞിട്ടെന്തു കാര്യം? അതു് അയാൾക്കു തന്നെ തോന്നണം; അയാടെ വീട്ടിലെ കാര്യമൊന്നുമല്ല, ആഫീസുകാര്യമാ ഈ വലിച്ചെറിയുന്നാതെന്നു്. മനുഷ്യക്കു വിവരമില്ലെങ്കിൽ പിന്നെ എന്തു പറയാനാ."

ആഫീസിൻെറ മറെറാരു മൂലയിൽനിന്നു മറെറയാൾ മെല്ലെ തലയൊന്നു പൊന്തിച്ചു ആ രംഗം കാണുന്നു. ഹാസ്യഭാവത്തിൽ ഒന്നു പുഞ്ചിരിച്ചശേഷം വീണ്ടും കടലാസ്സുകളിലേക്കു കുനിയുന്നു. ലോകത്തിലുള്ള സകല പുച്ഛഭാവങ്ങളും ആ ഹാസ്യത്തിൽ കാണാം. അയാൾക്കറിയാം, ന്യൂറ വക്കാണങ്ങളെക്കാളും ലക്ഷ്യത്തിൽ തറയ്ക്കുന്നാതാണു് ആ ഹാസ്യമെന്നു്. വീണ്ടും ഭയങ്കരമായ ആ മൗനം; അതിലവർ അഭയംതേടുകയായി. ശിപായി കൃഷ്ണപിള്ള ജീവനും കൊണ്ടു് അടുത്ത മുറിയിലേക്കു് ഓടുകയും ചെയ്യും.

ഈ ഹൃദയപൂർവ്വമായ വിരോധത്തിനു് നീണ്ടൊരു ചരിത്രമുണ്ടു്. നീണ്ടതെന്നു പറഞ്ഞാൽ 24 വർഷങ്ങൾക്കപ്പുറത്താണതാരംഭിച്ചതു്. ആ ആദികാലചരിത്രങ്ങൾ ഇന്നത്തെ രീതിയിൽ വന്നു പരിണമിച്ചതോർക്കുമ്പോൾ ലോകത്തിൽ എന്താണു സംഭാവ്യമല്ലാത്തതെന്നോർത്തുപോകുന്നു. ഇക്കഴിഞ്ഞ ഇരുപത്തിനാലു വർഷങ്ങൾക്കിടയിൽ തികച്ചും വ്യത്യസ്തമായ രണ്ടു ജീവിതം അവർ ഓരോരുത്തരും നയിച്ചു. ഉത്തരധ്രുവവും ദക്ഷിണധ്രുവവും തമ്മിലുള്ള അന്തരം ഉൾക്കൊള്ളുന്ന രണ്ടു ജീവിതം! മനുഷ്യമനസ്സു് അവരുടെ ഇടയിൽ ഒരു സ്വർഗ്ഗവും നരകവും സൃഷ്ടിച്ചു.

സൗഹൃദത്തിൻെറ സ്വർഗ്ഗത്തിൽ അവർ ഒരുകാലം ജീവിച്ചു. ഇന്നു് ഉഗ്രമായ വെറുപ്പിൻെറ നരകത്തിലും. ഈ പരിവർത്തനത്തിൻെറ കാരണം എന്താണെന്നല്ലേ? പറയാം.

കഷണ്ടികയറിയ ശിരസ്സും അകത്തോട്ടു വളഞ്ഞ ശരീരത്തെ പൊതിഞ്ഞു് അലക്ഷ്യമായിട്ടിരിക്കുന്ന ജൂബയുമായി ആഫീസ് മുറിയുടെ നാലു ചുവരുകൾക്കുള്ളിൽ കടലാസുകെട്ടുമായി സല്ലപിക്കുന്ന മനുഷ്യയന്ത്രങ്ങളായിരുന്നില്ലാ അവരന്നു്. അതേ; ഇരുപത്തിനാലു വർഷങ്ങൾക്കു മുമ്പുള്ള കഥയാണെന്നുപറഞ്ഞല്ലോ. അന്നവർ ഭാവിയുടെ നിഗൂഢമായ കയങ്ങളിലേക്കെടുത്തുചാടാൻ വെമ്പൽകൊള്ളുന്ന രണ്ടു ചെറുപ്പക്കാരായിരുന്നു. രണ്ടുപേർക്കും പ്രതീക്ഷകളുണ്ടു്. ഉദ്ദേശങ്ങളുണ്ടു്. അവയുടെ സഫലീകരണത്തിനു ശ്രമിക്കുന്നുമുണ്ടു്. പൊതുവായി ഏതാണ്ടൊരേ മാർഗ്ഗത്തൂടെ പോകുന്ന അവർ അടുത്തുമുട്ടിയെങ്കിൽ അതു സ്വാഭാവികം മാത്രമായി. ഒരേ ആഫീസിലെ ജോലിക്കാരാണവർ. ഒരേ വീട്ടിൽതന്നെയായിരുന്നു അവരുടെ താമസവും. സാവധാനത്തിൽ അതു സാധാരണമമതാബന്ധവും കവിഞ്ഞു് എന്തോ ഒന്നായിത്തീർന്നു. അവർ രണ്ടുപേരെയും എവിടെ നോക്കിയാലും ഒന്നിച്ചു കാണാം. ആഫീസിലും അതെല്ലാപേർക്കുമറിയാമായിരുന്നു. ആർക്കും അതിൽ

വിശേഷിച്ചൊന്നും പറയാനുമുണ്ടായിരുന്നില്ല.

രാത്രിയിൽ കിടക്കുന്ന സമയത്തു ഗോവിന്ദപ്പിള്ള ശങ്കരപ്പിള്ളയോടു പറയും:—

എടേ! ഈ ആഫീസുജോലിയേ ഒരു മൊരഞ്ഞ പണിയാ. ജീവിതം മുഴുവൻ ഇങ്ങനെ കുത്തിയിരുന്നു നരയ്ക്കുന്നതിനെപ്പററിയൊന്നാലോചിച്ചുനോക്ക്.

ശങ്കര:—നേരാ ചേട്ടാ. ഞാനും പലപ്പോഴും ആലോചിക്കാറുണ്ട്, ഇതുകൊണ്ടു നമുക്കെന്തൊരു ഗുണമാണ് ഉണ്ടാകാൻ പോകുന്നതെന്ന്. കിട്ടുന്നതുകൊണ്ടു കാപ്പി കുടിക്കാൻപോലും തികയുകയില്ലെ പിന്നെന്തോന്നാ ഈ ജോലിയൊണ്ട് ജോലിയൊണ്ട് എന്നു പറയുന്നതിൻറർത്ഥം?

ഗോവി:—വല്ല ശമ്പളക്കൂടുതലോ പ്രമോഷനോ കിട്ടി, ചെലവുകഴിയാൻ പ്രയാസമില്ലാതെവന്നാൽ മതിയായിരുന്നു. അതെങ്ങനാ, ഏതെങ്കിലും ഒരു പ്രമോഷൻ വരുമ്പൊഴുണ്ടല്ലോ, കൈക്കൂലികൊടുത്തോ നുണപറഞ്ഞോ വല്ലോനുമതങ്ങു കൊണ്ടുപോകും. പിന്നേം ബാക്കിയുള്ളോൻ നമശ്ശിവായ എന്നു ജപിച്ചോണം.

ശങ്കര:—അതിനാ ചേട്ടാ ഈ മനുഷ്യരു തമ്മിൽ ഒരു സ്നേഹോം നേരും നെറീം ഒക്കെ വേണമെന്നു പറയുന്നതു്. ഇപ്പോ ചേട്ടനു കിട്ടേണ്ടതു ഞാൻ തട്ടിയെടുക്കാൻ നോക്കുമോ? പട്ടിണികെടന്നാലും മനസ്സു നീറാതെ കഴിയാമല്ലോ.

"ഉം. അതെല്ലാരുമൊന്നും വിചാരിക്കത്തില്ലനിയാ." കണ്ണുമടച്ചു തിരിഞ്ഞുകിടന്നു് നിദ്രയെ ക്ഷണിച്ചുകൊണ്ടു് ഗോവിന്ദപ്പിള്ള പറയും. പിന്നെ ബോധം വീഴുന്നതു് നേരം വെളുക്കുമ്പോഴാണു്. ഉണർന്നാൽ ധൃതിയായി കുളിയും കാപ്പികുടിയുമെല്ലാം ഒന്നിച്ചു കഴിഞ്ഞു് ആഫീസിലേക്കു തിരിക്കുകയായി.

ആയിടയ്ക്കാണു് ഹെഡ്ക്ലാർക്ക് പെൻഷൻപററി പിരിഞ്ഞതു്. ആക്കോ ഒരു പ്രമോഷൻ! ഗോവിന്ദപ്പിള്ളയും ശങ്കരപ്പിള്ളയും ആക്റ്റിങ്ങ് ആണു്. എങ്കിലും ഒരു മാസത്തെ സീനിയാറിററി ഗോവിന്ദപ്പിള്ളയ്ക്കുണ്ടു്. അയാൾ ആ പ്രമോഷൻ തനിക്കു കിട്ടുമെന്നു ന്യായമായി പ്രതീക്ഷിച്ചു. എതിർക്കാനാരെങ്കിലുമുണ്ടെങ്കിൽ അതു ശങ്കരപ്പിള്ളയാണു്. 'പട്ടിണികിടന്നാലും' അയാൾ അതു ചെയ്യുകയില്ല. പോരെങ്കിൽ തൻെറ പ്രതീക്ഷ ന്യായവുമാണു്. ആകപ്പാടെ പതിവിലും കവിഞ്ഞ ഒരു പ്രസാദാത്മകനായി ഗോവിന്ദപ്പിള്ള. കാണുന്നവരോടെല്ലാം അയാൾ ധാരാളം വർത്തമാനം പറയും, ചിരിക്കും. തൻെറ ഭാവിപരിപാടികളെപ്പററിയെല്ലാം ശങ്കരപ്പിള്ളയോടു പറഞ്ഞുകേൾപ്പിക്കും. സ്ഥിരമായ ഒരു വരുമാനം ഉണ്ടായിട്ടുവേണം വിവാഹം ചെയ്യാൻ. സുഖകരവും അന്തസ്സുററതുമായ ഒരു കുടുംബജീവിതം അയാളുടെ ഭാവനയിൽ നിഴലിച്ചു. അയാൾ ആ പ്രതീക്ഷകളെ അയവിറക്കുന്നതിൽ ഒരു പ്രത്യേകാനന്ദം ദർശിച്ചു.

കുറച്ചുദിവസമായിട്ടു ശങ്കരപ്പിള്ളയ്ക്കെന്തോ ഒരു വല്ലായ്മ. ഒരു പരാജയബോധം. ഒപ്പമെന്നു വിശ്വസിച്ചിരുന്ന ആരോ തൻെറ മുമ്പിൽക്കയറുക. ഒരു നിവൃത്തിവുമില്ലെന്ന മനസ്ഥിതിയോടെ താനതു കണ്ടുകൊണ്ടിരിക്കുക. അതിലെന്തോ പന്തികേടുണ്ടു്. മധുരസ്വപ്നങ്ങൾ കണ്ടുകൊണ്ടു് ഗോവിന്ദപ്പിള്ള ഉറങ്ങുമ്പോൾ ശങ്കരപ്പിള്ള കിടക്കയിൽ അങ്ങോട്ടുമിങ്ങോട്ടും കിടന്നുരുളും. അയാൾക്കുറക്കം വരു

ന്നില്ല. ചിന്തയുടെ ചക്രത്തിൽപ്പെട്ട് അയാൾ കറങ്ങുകയാണു്.

ഈ ഭാവം ചിലപ്പോൾ ഗോവിന്ദപ്പിള്ള അറിയാതില്ല. അയാൾ അതിനു യാതൊരു പ്രാധാന്യവും കല്പിച്ചില്ല. എങ്കിലും ചിലപ്പോൾ ഒരു വാത്സല്യത്തോടെ അയാൾ ചോദിക്കും: "എന്താ അനിയാ! ഈയിടെ എന്തോ ഒരു വിചാരമുള്ളതുപോലെ തോന്നുന്നല്ലോ. വല്ല സുഖക്കേടും—"

"ഛേ! ഒന്നുമില്ല ചേട്ടാ!" ശങ്കരപ്പിള്ള ക്ഷണിച്ചുവരുത്തിയ ഒരു പുഞ്ചിരിയോടെ പറയും. ആ അന്വേഷണം അതോടെ നിലയ്ക്കുകയും ചെയ്യും.

ഒരു സുപ്രഭാതത്തിൽ (ശങ്കരപ്പിള്ളയെ സംബന്ധിച്ചിടത്തോളം ആ പ്രയോഗം ശരിയാണു്) ഗോവിന്ദപ്പിള്ളയെ ആഫീസിൽ സ്വാഗതംചെയ്ത വാർത്ത, ശങ്കരപ്പിള്ളയെ ഹെഡ്ക്ലാർക്കായി പ്രമോട്ടുചെയ്തെന്നതാണു്. ഈ ന്യൂസറിയിച്ച ശിപായി കൃഷ്ണപിള്ളയെ വിഴുങ്ങാൻതക്ക വ്യാസത്തിൽ അയാളുടെ വായ് തുറന്നുപോയി. ചെകിട്ടത്തു് ഒരടികിട്ടിയപോലെ അയാൾ പുളഞ്ഞു. ലോകത്തിലുള്ള സകലതിനേയും അയാൾ അവിശ്വസിച്ചു. വാസ്തവം അറിയാനായി അയാൾ ശങ്കരപ്പിള്ളയുടെ അടുക്കലേക്കോടി. ഇല്ല; അയാൾ വന്നിട്ടില്ല! ഈ ലോകത്തിന്റെ മുഴുവൻ ഭാരവും തൂങ്ങുന്ന തലയുമായി അയാൾ തിരിച്ചു് തന്റെ കസേരയിൽ വന്നിരുന്നു. അവിടുത്തെ വർത്തമാനത്തിൽനിന്നു് അയാൾ പലതും ഗ്രഹിച്ചു. മാനേജരുടെ മകളെ ശങ്കരപ്പിള്ള വിവാഹംകഴിക്കാൻപോകയാണു്. വിവാഹത്തിനും മററാവശ്യത്തിനും ഒക്കെയായി അയാൾ ഒരാഴ്ചത്തെ അവധി എടുത്തിരിക്കയാണു്. വഞ്ചകൻ! അപ്പോൾ അയാൾക്കങ്ങനെയാണു പ്രമോഷൻ കിട്ടിയതു്! തന്റെകൂടെ താമസിച്ചുകൊണ്ടു് അയാൾ ചെയ്തുവച്ച വേലയിതാണു്, ഭീരു! തന്റെ മുഖത്തു നോക്കാൻ വയ്യാഞ്ഞിട്ടുംകൂടിയാണു് അയാൾ ഒരാഴ്ചത്തേക്കു് അവധിയെടുത്തതു്. ആകെ വിയർത്ത നെററി നേരിയതിന്റെ അററംകൊണ്ടു് ഒപ്പി അയാൾ കടലാസുകളിന്മേൽ എന്തൊക്കെയോ എഴുതാനും വെട്ടാനും തുടങ്ങി.

അതേ, അന്നു തുടങ്ങിയതാണു് 24 വർഷം പ്രായമായ ഈ വിരോധം. അയാളുടെ ഹൃദയം എത്രമാത്രം മൃദുലമായിരുന്നുവോ അത്രമാത്രം അതുറച്ചു. കരിങ്കല്ലിനേക്കാൾ കട്ടിയായി. ഇതിനിടയിൽ ശങ്കരപ്പിള്ള തന്റെ കുടുംബത്തിന്റെ നിസ്സഹായതയേയും താൻ ഇതിനു നിർബന്ധിതനായ പരിതഃസ്ഥിതികളേയുംപററി ഗോവിന്ദപ്പിള്ളയ്ക്കെഴുതി. തന്റെ നീറുന്ന ഹൃദയത്തോടു ക്ഷമിക്കണമെന്നു് അപേക്ഷിക്കയുംചെയ്തു. പക്ഷേ, ഗോവിന്ദപ്പിള്ളയുടെ കസേരയിൽ അതിൽപ്പിന്നെ ഒരു ശിലാപ്രതിമയാണു് ഇരുന്നു ജോലിനോക്കിയിരുന്നതു്.

പിന്നെയും നീണ്ടവർഷങ്ങൾ ഈ വിരോധത്തിനു പശിമകൂട്ടിക്കൊണ്ടു് കടന്നുപോയി. ഒടുവിൽ ഇതാ ഇന്നലെ ആഫീസിലെ എല്ലാവരേയും നടുക്കിക്കൊണ്ടു് ഗോവിന്ദപ്പിള്ള തന്റെ വിജയക്കൊടി നാട്ടി.

വർഷാവസാനമാകാറായിരുന്നു. സകല കണക്കുകളും ഒരു മാസത്തിനകം പൂർത്തിയാക്കി അയയ്ക്കണമെന്നാണു നിർദ്ദയനായ പുതിയ മാനേജരുടെ നിർദ്ദേശം. എല്ലാവരും ആ പണിയിൽ മുഴുകി. മററൊന്നിനും കുറച്ചു ദിവസത്തേക്കു സമയമില്ല. അതുകൊണ്ടു് ആഫീസിൽ ഒരു ശാന്തതയും

ഗൗരവവും വ്യാപിച്ചിരുന്നു. അപ്പോഴാണ് ഒരു വലിയ കുഴപ്പം നേരിട്ടതു്. വളരെ പ്രധാനമായ ഒരു ഫയൽ കാണാനില്ല! രണ്ടു ദിവസമായി അതുതന്നെയാണന്വേഷിക്കുന്നതു്. ഇല്ല, ഒരിടത്തും കാണുന്നില്ല. ഹെഡ്ക്ലാർക്ക് ശങ്കരപ്പിള്ള അടിമുടി വിയർത്തു. ഭയാനകമായ ഭവിഷ്യത്തു് അയാളുടെ മുഖത്തു തുറിച്ചുനോക്കി. പകരം അങ്ങോട്ടും തുറിച്ചുനോക്കുകയല്ലാതെ അയാളെന്താണു ചെയ്യുക? അതിന്റെ ഗൗരവം അയാൾ തികച്ചും അറിയുന്നുണ്ടു്. കാരണം, ആഫീസിലെ മിക്കവർക്കും അറിയാം, ആ ഫയൽ ഒടുവിൽ അയാളുടെ കൈവശമായിരുന്നെന്നു്. ഗോവിന്ദപ്പിള്ളയ്ക്കും അറിയാമെന്നയാൾക്കറിയാം. വാസ്തവവും അതാണു്. അയാൾ അതു് നോക്കാനായി വീട്ടിൽകൊണ്ടുപോയിരുന്നു. കുട്ടികൾ അതെങ്ങോ എടുത്തു മാററിവച്ചു. ഒന്നുമറിയാത്ത ഭാര്യ അതു പേപ്പറുകാരനു തൂക്കിവില്ക്കുകയും ചെയ്തു. ഭയാനകമായ ഒരു അപരാധബോധം അയാളെ ആകെ യുലച്ചു. തന്റെ സർവ്വസ്വവും നശിക്കുന്നതായി അയാൾക്കു തോന്നി. കുടുംബത്തെ മുഴുവൻ അടുത്ത ഒരു പ്രഭാതത്തിൽ പട്ടിണി അഭിമുഖീകരിക്കും. ഒരുപക്ഷേ ഒരു കിടപ്പാടംപോലും ഇല്ലാതെ തെരുവുതോറും അയാൾ അലയേണ്ടിവരും. ആഫീസുകാര്യത്തിൽ കുഴപ്പംവരുത്തിയ അയാളെ ഒരിടത്തും എടുത്തില്ലെന്നു വരാം.

ഭയത്തിന്റേയും ആശങ്കയുടേയും ഒരു പ്രേതംപോലെയാണ് അയാൾ അന്നു് ആഫീസിൽ ചെന്നതു്. കാരണം, അന്നാണ് മാനേജർ ഈ കാര്യത്തെപ്പററി അന്വേഷിക്കാൻ ആഫീസിലെ എല്ലാവരേയും വിളിച്ചുകൂട്ടുന്നതു്. നാഴികമണി അത്യുച്ചാവശ്യം അയാളുടെ ഹൃദയത്തിൽ ആഞ്ഞടിച്ചു. ഒരു പ്രേതംപോലെ അയാൾ എണീററു മാനേജരുടെ മുറിയിലേക്കു നടന്നു. എല്ലാവരും കൂടിയിട്ടുണ്ടു്. ശാന്തഗംഭീരനായി ഗോവിന്ദപ്പിള്ള ഒരു മൂലയിൽ ഇരിപ്പുണ്ടു്. ഇരുപത്തിനാലുവർഷത്തിനുമുമ്പ് താൻചെയ്ത അപരാധം അതിന്റെ സകല ശക്തികളോടുംകൂടി തിരിഞ്ഞടിക്കുകയാണു്. ഇക്കഴിഞ്ഞ കൊല്ലങ്ങളിലെ ഓരോ ദിവസവും അയാൾ അതിനെപ്പററി പശ്ചാത്തപിച്ചിട്ടുണ്ടു്.

നീണ്ടൊരു പ്രസംഗത്തിനുശേഷം മാനേജർ കുററംഏററു പറയാൻ ആരെങ്കിലും ഉണ്ടോ എന്നു ചോദിച്ചു. ഒരുത്തരും—കുററം ചെയ്തവൻപോലും—അതു പറയുകയില്ലെന്നു് അദ്ദേഹത്തിനറിയാം. എങ്കിലും ഒരു പരീക്ഷണത്തിനു ചോദിച്ചതാണു്.

ശങ്കരപ്പിള്ളയുടെ തല കറങ്ങി. അയാൾക്കു് ബോധക്കേടു വരുന്നതുപോലെ തോന്നി. അയാൾ വല്ലാതെ വിയർത്തു. ഒരു ഇരുട്ടുതന്നെ ചുററുന്നതായി തോന്നി. ഒന്നും കേൾക്കാൻവയ്യ. കാതിലൊരു വലിയ ഇരമ്പൽ!

പെട്ടെന്നു് ആരോ വളരെ മന്ദമായിട്ടെന്നപോലെ പറയുന്നതു് അയാൾ കേട്ടു:— "സാർ! ക്ഷമിക്കണം. എന്റെ കയ്യിൽ നിന്നാണതു് നഷ്ടപ്പെട്ടതു്."

ഷോക്കടിച്ചതുപോലെ ശങ്കരപ്പിള്ള ഞെട്ടിത്തിരിഞ്ഞു. ആരു്?.... ഗോവിന്ദപ്പിള്ള! തല ഒരുവശത്തേക്കു് ചരിച്ചു് മുഖവും കുനിച്ചു് ദീനതയുടെ മൂർത്തീകരണംപോലെ നിൽക്കുകയാണു് ഗോവിന്ദപ്പിള്ള.—ഒരു ഭ്രാന്തനേപ്പോലെ ശങ്കരപ്പിള്ള തന്റെ ഹൃദയഭാഗത്തു് അമർത്തിത്തടവി. ആ നില്ക്കുന്നതു് മനുഷ്യനോ ദേവനോ! അയാളുടെ അവസാനനിമിഷം വരെ ഈ സംഭവം ഒരു കൊട്ടുകാററിന്റെ

ഉഗ്രതയോടെ ഹൃദയത്തിൽ ചൂളംവിളിച്ചു കൊണ്ടിരിക്കും.

യോഗം പിരിഞ്ഞു, വെളിയിൽ വന്നപ്പോൾ ശിപായി കൃഷ്ണപിള്ള അഗാധമായ ബഹുമാനത്തോടുകൂടി ഗോവിന്ദപ്പിള്ളയുടെ മുമ്പിൽവന്നു.

"സാറേ! അതൊരു വലിയ കട്ടപ്പം—" 'ഓ'. വിഷാദാത്മകമായ ഒരു പുഞ്ചിരിയോടെ ഗോവിന്ദപ്പിള്ള അതു സാരമില്ലെന്നാക്കി. ആ ചിരി! അതു കണ്ട കൃഷ്ണപിള്ള പിന്നൊന്നും മിണ്ടാൻ ധൈര്യപ്പെട്ടില്ല.

സഹതാപം പ്രകടിപ്പിച്ച എല്ലാവരുടെയും മുമ്പിൽ ഗോവിന്ദപ്പിള്ള ആ ചിരി ചിരിച്ചു. വിഷാദമൂകമായ ആ ചിരി! അതിന്റെ മുമ്പിൽ അയാളെ അകമഴിഞ്ഞ ബഹുമാനത്തോടേ അല്ലാതെ നോക്കാനാക്കും സാധിച്ചില്ല.

വീട്ടിൽ തിരിച്ചെത്തിയ ഗോവിന്ദപ്പിള്ള കസേരയിലേക്കു വീണു. അതിനോടൊപ്പം ഭയങ്കരമായൊരു പൊട്ടിച്ചിരിയും. വേലക്കാരൻ അതുകണ്ടു നടുങ്ങിപ്പോയി. വളരെ വർഷങ്ങൾകൂടി അയാൾ ഹൃദയം തുറന്നു പൊട്ടിച്ചിരിച്ചതന്നാണു്. "വിഡ്ഢികൾ! മരത്തലയന്മാർ";—അയാൾ ഉഗ്രമായി ചിരിച്ചു. "മനുഷ്യരെല്ലാവരും വിഡ്ഢികളാണു്".—വീണ്ടും ഭയങ്കരമായി അയാൾ ചിരിച്ചു.

അന്നു രാത്രി അയാൾ തന്റെ ഡയറിയെടുത്തു ഇങ്ങനെയെഴുതി:—

"ഇരുപത്തിനാലു വർഷത്തെ എന്റെ തപസ്സ് ഇന്നു ഫലിച്ചിരിക്കുന്നു. പ്രതികാരം! പ്രതികാരം!! ഭയങ്കരമായ പ്രതികാരം!!! അതു് ഇന്നു ഞാൻ സാധിച്ചു. എനിക്കു ചെയ്യാവുന്ന മറേറതൊരു രീതിയെക്കാളും ഭയങ്കരമായി. അയാളുടെ ഹൃദയത്തിന്റെ അവസാനത്തെ മിടിപ്പുവരെയും ഈ ഉഗ്രമായ പ്രതികാരം അയാളെ വേട്ടയാടും. ശാന്തിയെന്നതെന്തെന്നു് ഇനിയും അയാൾ അറിയില്ല. പ്രചണ്ഡമായ ഒരു കൊടുങ്കാററുപോലെ ഇതയാളുടെ ഹൃദയത്തിൽ ചൂളമടിച്ചുകൊണ്ടിരിക്കും........വൈകിട്ടു് എനിക്കൊന്നും കഴിക്കാൻ വിശപ്പുണ്ടായിരുന്നില്ല. പത്തുമണിക്കു കിടന്നു. ഹൃദയത്തിനൊരു കുളിർമ്മ!"

---

അതിഥി—എന്താ അമ്മാവാ! കൊച്ചുകുട്ടികളെപ്പോലെ ഉരുവിട്ടുകൊണ്ടിരിക്കുന്നതു് ?

കാരണവർ—ഒരു പുതിയ വിഷയം പഠിച്ചു് പരീക്ഷയ്ക്കെഴുതാൻപോകയാണു്.

അതിഥി—ഈ എൺപതാംവയസ്സിലോ?

കാരണവർ—ഇപ്പോൾ പഠിക്കയില്ലെങ്കിൽ പിന്നെ എപ്പോഴാണു കുഞ്ഞേ?

# “ജീവിതത്തെ നോക്കിക്കണ്ടു്—”

## സി. ജെ. തോമസ്സ്

കലാകാരന്മാർ നിരന്തരം ആജ്ഞാപിക്കപ്പെടുകയാണു്, ജീവിതത്തെ നോക്കിക്കണ്ടു് കലാസൃഷ്ടി നടത്തണമെന്നു്. പക്ഷെ, ഇന്നേത്തീയതിവരെ കലാസ്വാദനം നടത്തുന്നതും ഈ സമ്പ്രദായത്തിൽ വേണമെന്നു് അനുവാചകരെ ഗുണദോഷിക്കാൻ യാതൊരു മാന്യനും മുതിർന്നിട്ടില്ല. കടൽത്തീരത്തു് നുരയുണ്ടാവുന്നതുപോലെയാണു് കലയുണ്ടാവുന്നതെന്നാണു് ഭാവം. ഉന്നവും ഉദ്ദേശ്യവും ഒന്നുമില്ലാതെ കലയങ്ങു് ഉത്ഭവിയ്ക്കുകയാണത്രേ. കലാകാരൻ സൃഷ്ടിച്ചുകൊള്ളണം, അതു് രാഷ്ട്രീയക്കാരുടെയും വിമർശകന്മാരുടെയും നിർദ്ദേശങ്ങളും നിലപാടുകളും അനുസരിച്ചായിരിക്കുകയുംവേണം. ഇവയെല്ലാം ആർക്കുവേണ്ടിയാണുണ്ടാക്കുന്നതു്, ഇക്കാര്യത്തിൽ അവർക്കെന്തെങ്കിലും ഉത്തരവാദിത്വമുണ്ടോ, ഇതൊന്നും പ്രശ്നങ്ങളേയല്ല. പൊട്ടക്കണ്ണനു് രസിക്കുന്ന ചിത്രങ്ങളും പരിണാമം പൂർത്തിയാകാത്ത ഇരുക്കാലികൾക്കെല്ലാം മനസ്സിലാവുന്ന കാവ്യങ്ങളും രചിക്കണമത്രേ. അതാണു് ഈ “ജനകീയയുഗ”ത്തിന്റെ ആവശ്യം! അതു ചെയ്തില്ലെങ്കിൽ ഉടനെ മുദ്രകുത്തിക്കളയും, ‘പിന്തിരിപ്പൻ’, ‘കമ്മ്യൂണിസ്റ്റ്’, ‘ഭ്രാന്തൻ,’ എന്നൊക്കെ.

നാമാരും പൈപ്പുനന്നാക്കുന്നവനേയും, മുണ്ടലക്കുന്നവനേയും, തോട്ടിയെയും അവരുടെ പണി പഠിപ്പിക്കാൻ തുനിയാറില്ലെങ്കിലും കലാകാരനെ അവന്റെ തൊഴിൽ അഭ്യസിപ്പിക്കാൻ കിണഞ്ഞു പരിശ്രമിക്കാറുണ്ടെന്നു് പണ്ടൊരിക്കൽ ഒരു കലാകാരൻ പരാതിപ്പെട്ടു. കഴ്ചും ശരിയാണു്. കലയുടെ പൂർത്തീകരണം അനുവാചകനും കലാകാരനുമായുള്ള സംസർഗ്ഗത്തിലാണെന്നു് മനസ്സിലാക്കാത്ത, (അഥവാ മനസ്സിലാക്കിയാൽ തന്നെ അതിൽ അനുവാചകനു് ജോലിയൊന്നുമില്ലെന്നു ധരിച്ചിരിക്കുന്ന) ആളുകൾ കലാവിമർശത്തിനിറങ്ങിത്തിരിച്ചാൽ കലാകാരൻ ഇങ്ങിനെയൊക്കെ പറഞ്ഞുപോകും. സമുദ്രത്തിലെ തിരമാലകൾ കരയിൽ വന്നലയ്ക്കുന്നതും നുരചിതറുന്നതും യാതൊരുദ്ദേശ്യത്തോടുകൂടിയുമല്ല. ആരും കാണണമെന്നു് വച്ചിട്ടുമല്ല. ഉദ്ദേശിക്കാനും കാണാനും അവയുടെ പിന്നിൽ മനസ്സുകളുമില്ല. പക്ഷെ കലാകാരന്റെ നിലയതല്ല. അവനെന്തു സൃഷ്ടിച്ചാലും മററാരെങ്കിലുമൊക്കെ കാണണമെന്നു് (കുറഞ്ഞാൽ കാണുമെന്നെങ്കിലും) അവൻ കരുതുന്നുണ്ടു്. ഒന്നും പ്രത്യേകിച്ചു് കരുതിയിട്ടില്ലെന്നു് അവകാശപ്പെടുന്നവരും ഉണ്ടായിരിക്കാം. പക്ഷെ അവരുടെ കൃതികളും നമ്മുടെ ശ്രദ്ധയിൽപെടുമ്പോഴാണല്ലോ ചർച്ചാവിഷയമായിത്തീരുന്നതു്. ഇതിന്റെയർത്ഥം കലാസ്വാദനത്തിൽ രണ്ടുമനസ്സുകൾ പ്രവർത്തിയ്ക്കുന്നുവെന്നാണു്. കലാകാരൻ ചെയ്യുന്നതുകൊണ്ടു് മുഴുവനുമാവുന്നില്ല. ആസ്വദിക്കുന്നവന്റെ മാനസികപ്രവർത്തനത്തെയും അവശ്യഘടകമായി കാണണം. അവൻ സ്വയമേ അന്ധനോ, കണ്ണടച്ചു് അന്ധത അഭിനയിക്കുന്നവനോ ആണെങ്കിൽ കലാസൃഷ്ടിയുടെ പരാജയം കലാകാരന്റെമേൽ ചാരരുതല്ലോ. (കലാകാരന്റെ സ്വന്തമായ പരാജയം വേറെയൊരു വിഷയമാണു്)

കല എന്തിലാണു് വ്യവഹരിക്കുന്നതു് മനുഷ്യവികാരങ്ങളിൽ. ഒരു വികാരമല്ല,

അനേകം വികാരങ്ങൾ. ഭിന്നസാഹചര്യങ്ങളിൽ ഉളവാകുന്ന വിവിധവികാരങ്ങൾ, അവയുടെ കെട്ടുപിണഞ്ഞ സങ്കീർണ്ണതകൾ, ഇവയാണ് കലയുടെ കച്ചവടച്ചരക്ക്. ഈ വികാരങ്ങൾ അനുവാചകനിൽ ഉണർത്തുകയാണ് കലാകാരന്റെ ചുമതല. അതിന് ചായങ്ങൾ, ആകൃതികൾ, വാക്കുകൾ, ശബ്ദങ്ങൾ മുതലായി പലതും ഉപയോഗിക്കാം. മേൽപറഞ്ഞ ഘടകങ്ങളുടെ ചില പ്രത്യേക പ്രയോഗങ്ങൾ അനുവാചകന്റെ ഹൃദയത്തിലെ ചില തന്ത്രികളെ ചലിപ്പിക്കുകയും അങ്ങിനെ വികാരങ്ങൾ ഉദ്ദീപിക്കപ്പെടുകയുമാണ് ചെയ്യുക. അതിന് അവിടെയെങ്ങും തന്ത്രികളില്ലെങ്കിലോ, അപ്പോഴാണു കുഴപ്പമുണ്ടാവുന്നതു്. ജനാധിപത്യമര്യാദപ്രകാരം ചിലർ പറഞ്ഞേക്കും എല്ലാവർക്കും എല്ലാ തന്ത്രികളുമുണ്ടു്; ഇല്ലെന്നു് പറയുന്നവൻ അഹങ്കാരിയും മനുഷ്യവിദ്വേഷിയുമാണെന്നു്. ഇതിന് മറുവടി പറയേണ്ട ആവശ്യമില്ല. ഗാന്ധിസൂക്തങ്ങൾ കാട്ടുപോത്തിന് മനസ്സിലായില്ലെങ്കിൽ അതിൽ ഗാന്ധിജിയ്ക്കു് മാനഹാനിയൊന്നുമില്ല; കാട്ടുപോത്തിനുമില്ല, അതുപറഞ്ഞവൻ ഭ്രാന്തനുമല്ല, പരിണാമസിദ്ധാന്തത്തിന്റെ അർത്ഥം അവൻ മനസ്സിലാക്കി എന്നുമാത്രം. ഒരു ജന്തുവർഗ്ഗത്തിലുള്ള സകല ജീവികൾക്കും ചിന്താശക്തിയും, വികാരങ്ങളും ഒരേ ഗുണത്തിലും അളവിലുമുണ്ടായിരിക്കുമെങ്കിൽ പരിണാമമേ സാദ്ധ്യമല്ലാതായിത്തീരും. ഇനി വാദത്തിനുവേണ്ടി ബുദ്ധിശക്തിയും വികാരതീക്ഷ്ണതയുമെല്ലാം സകലർക്കും ഒരുപോലെയാണെന്നു് സമ്മതിക്കേണ്ടിവന്നാലും ലോകപരിചയം എല്ലാവർക്കും സമമാണെന്നു് വരികയില്ലല്ലോ. കലാവസ്തുക്കൾ ഉൾക്കൊള്ളുന്ന വികാരങ്ങളെല്ലാം യഥാർത്ഥലോകത്തിൽ അനുഭവിച്ചിട്ടുള്ളവർക്ക് കലാസ്വാദനത്തിനു കുറെക്കൂടി എളുപ്പമുണ്ടാവും.

ഒരു കൊലപാതകം വർണ്ണിക്കുമ്പോൾ ഉണ്ടാവുന്ന വികാരം, ഘാതകന് മാത്രമേ ഉണ്ടാകു എന്നല്ല പറഞ്ഞതു്. ഏതെങ്കിലും മാർഗ്ഗത്തിൽ ഒരു കൊലപാതകത്തെ വ്യക്തമായി വിഭാവനചെയ്യുവാൻ കഴിവുകിട്ടിയ്ആൾക്കു് മററുള്ളവരെക്കാൾ അതു് രസിക്കാൻ കഴിയും എന്നുമാത്രം. ശാകുന്തളം വായിച്ചാൽ എനിക്കും എന്റെ ചങ്ങാതിയ്ക്കും കുട്ടികൃഷ്ണമാരാർക്കും ഉണ്ടാകുന്ന ദർശനം ഒന്നായിക്കൊള്ളണമെന്നില്ല. അതു് കാളിദാസന്റെ ഉത്തരവാദിത്വത്തിൽ പെട്ടതല്ല. അനുവാചകരായ ഞങ്ങൾ മൂന്നാളുകളുടെ മാനസികാവസ്ഥ ഭിന്നമായതുകൊണ്ടാണ്. ഞങ്ങൾ മൂവരും ലോകത്തിൽ തന്നെയാണ് താമസം. പക്ഷെ ഞങ്ങളുടെ വിഭിന്നമായ കാഴ്ചശക്തിയനുസരിച്ചു് ഭിന്നമായിട്ടാണ് ഞങ്ങൾ ലോകകാര്യങ്ങൾ ഗ്രഹിച്ചിരിക്കുന്നതു്. എനിക്കു് എന്തോ ചിലതൊക്കെ മനസ്സിലായി, അലങ്കാരപ്രകരണം വായിച്ച എന്റെ ചങ്ങാതിയ്ക്കു് മററു ചിലതെല്ലാം മനസ്സിലായി. മാരാരെപ്പോലുള്ള പണ്ഡിതന്മാർക്ക് ഇതിലുമെല്ലാം അധികം കിട്ടി. ശാകുന്തളത്തിലെ യഥാർത്ഥപ്രമേയം ആദ്യമായി ചൂണ്ടിക്കാണിച്ചതു് ജർമ്മൻ കവിയായ ഗെഥേയായിരുന്നു. (ടി വിഷയത്തെപ്പററി ടാഗോറിന്റെ ലേഖനം നോക്കുക) അനേകായിരം ഇന്ത്യക്കാർ ഉരുവിട്ടു പഠിച്ചിട്ടും ശാകുന്തളത്തിന്റെ സൌന്ദര്യം എന്തേ അവഗണിക്കപ്പെട്ടുപോകാൻ കാരണം? എനിക്കു് തോന്നുന്നതു് കാവ്യത്തെ ജീവിതത്തോടു് തട്ടിച്ചുനോക്കി മനസ്സിലാക്കുന്നതിനു പകരം കലയുടെ വ്യാകരണനിയമങ്ങൾ അനുസരിച്ചു് മാത്രം അതിനെ വ്യാഖ്യാനിക്കുന്ന സമ്പ്രദായം നിലവിലിരുന്നതുകൊണ്ടാണെന്നാണ്. സാധാരണയായി എങ്ങിനെയാണ് നാം ഒരു കാവ്യം മനസ്സിലാക്കുന്നതു്, വാക്കുകൾ അന്വ

യിച്ചു് അൎത്ഥം പറയുക, അടുത്തതായി അലങ്കാരങ്ങൾ അടൎത്തിയെടുത്തു് തരംതിരിക്കുക. ഇത്രയായാൽ പഠനം പൂൎത്തിയായി. മനുഷ്യഹൃദയജ്ഞാനം നിഘണ്ടുവിൽനിന്നു് ലഭിക്കാത്തതുകൊണ്ടു് അതുമാത്രം വിട്ടുകളയുന്നു. അങ്ങിനെ രാമായണം പഠിച്ചുതീൎന്നു, രാമനും സീതയുമായിട്ടുള്ള ബന്ധം മനസ്സിലായില്ലെങ്കിലും! (പല സംസ്കൃതക്കാരോടും സംസാരിക്കുമ്പോൾ തോന്നും സംസ്കൃതം പഠിച്ചവൎക്കു് ഒരിക്കലും കലാബോധമുണ്ടാകയില്ലെന്നു്; അതിനു് മാപ്പു്.) സഹൃദയൻ എന്ന വാക്കിന്റെ അൎത്ഥംതന്നെ നോക്കുക: പണ്ഡിതൻ, രസജ്ഞൻ. കാവ്യം രസിക്കാൻ ഒരു പ്രത്യേക വൎഗ്ഗം വേണമത്രേ. വേണമായിരിക്കാം. പക്ഷേ ആ വൎഗ്ഗത്തിൽ ചേരാനുള്ള ബിരുദം പാണ്ഡിത്യമായിരിക്കരുതു്. ഇംഗ്ലീഷിൽ സഹൃദയൻ എന്നതിനു് സമമായി ഒരു പദമില്ലെന്നു കൂടി സ്മരിച്ചുകൊള്ളട്ടെ. ജീവിതത്തെ കണ്ടറിഞ്ഞവരാണു് ഏററവും നല്ല അനുവാചകർ. ഗെഥേ അങ്ങിനെയൊരാളായിരുന്നു. മധുരപ്പതിനേഴുകാരികൾ ഏതു പരിതഃസ്ഥിതികളിലാണു് കണ്ണടച്ചു് ഗൎഭവതികളായിത്തീരുന്നതെന്നും അതിന്റെ അനന്തരഫലങ്ങൾ എന്തെന്നും ഒക്കെ അദ്ദേഹം വ്യക്തമായി ധരിച്ചിരുന്നു. അതുകൊണ്ടു് ശാകുന്തളം വായിച്ചപ്പോൾ അദ്ദേഹം അവിടെ പരിചിതമുഖങ്ങളും അനുഭവങ്ങളും കണ്ടു. അങ്ങിനെ, ആദ്യമായി കാളിദാസനു് യോജിച്ച അനുവാചകനെ ലഭിച്ചു. പലയിടങ്ങളിലും ഊമബധിരന്മാർ ലോകത്തിൽ ജീവിച്ചു് സംഗീതം മനസ്സിലാവുന്നില്ല എന്നു് പരാതി പറയുകയാണു്. ഇവരുടെ പരാതിയനുസരിച്ചു് കല മാററിത്തീൎക്കാൻ സാധ്യമല്ല. അവരുടെ ശ്രവണേന്ദ്രിയം ശരിപ്പെടുത്തുകയാണു് വേണ്ടതു്. ഉത്തമകലാസൃഷ്ടികളിൽ എപ്പോഴും എന്തെങ്കിലും പുതിയതായി ഉണ്ടായിരിക്കാം. അറിഞ്ഞുകൂടാത്തതു് മനസ്സിലാക്കേണ്ട എന്നു ശഠിച്ചാൽ പിന്നെ വിദ്യാഭ്യാസത്തിനാവശ്യമില്ലല്ലോ. എളുപ്പത്തിൽ മനസ്സിലാകുന്നില്ലെന്നാണു് പരാതിയെങ്കിൽ, അതിനു് അദ്ധ്യാപകന്മാരെയും വിമൎശകന്മാരെയും സമീപിക്കുക എന്നാണു് മറുപടി.

സ്വന്തകാൎയ്യം പറയാമല്ലോ. ആദ്യമായി ഒഥെല്ലോ നാടകം വായിച്ചപ്പോൾ അതു് വളരെ മോശമായ ഒരു നാടകമാണെന്നു് തോന്നി. ഒഥെല്ലേയുടെ കാരണമില്ലാത്ത സംശയവും അയാഗോയുടെ അവിശ്വസനീയമായ ദുഷ്ടതയുമെല്ലാം അതിരുകടന്ന റോമാൻറിസിസമായിട്ടാണ അനുഭവപ്പെട്ടതു്. ഷേക്സ്പീയറുടെ നാമധേയത്തിനുപോലും ഈ ചിന്താഗതിയ്ക്കു് കുലുക്കമുണ്ടാക്കാൻ കഴിഞ്ഞില്ല. (ഞങ്ങൾക്കു് അങ്ങിനെയൊന്നും പററിയില്ല എന്നാരും അഭിമാനിക്കണ്ട. പററിയില്ലെങ്കിൽ അതു് ജ്ഞാനംകൊണ്ടു മാത്രമായിരിക്കണമെന്നില്ല, ഏതു യക്ഷികഥയും വിശ്വസിക്കാനുള്ള ഭോഷത്തംകൊണ്ടുമാവാം) പക്ഷേ പിന്നീടു് അയാഗോമാരെയും അവരുടെ ചൂണ്ടയിൽ തൂങ്ങി സ്വന്തം നാശം വിളിച്ചുവരുത്തുന്ന ഒഥെല്ലോമാരെയും കാണാനിടവന്നു. നാടകം ശരിയ്ക്കു് മനസ്സിലാവുകയും ചെയ്തു. ആ നാടകം മനസ്സിലാകാതിരുന്ന കാലത്തു് ലേഖനമെഴുതിയിരുന്നെങ്കിൽ, സാധാരണജനങ്ങൾക്കു മനസ്സിലാവുന്നതും രുചിക്കുന്നതും മാത്രമേ കലയാവൂ എന്നു് ഞാൻ എഴുതുമായിരുന്നിരിക്കാം. സാധാരണക്കാരന്റെ നിലവാരം എന്നു പറഞ്ഞാൽ പറയുന്നവന്റെ സ്വന്തം നിലവാരം എന്നാണല്ലോ അൎത്ഥം.

സംസ്കൃതത്തിൽ മാത്രമല്ല ഇക്കുഴപ്പം സംഭവിച്ചതു്. ഗ്രീക്കുനാടകങ്ങളുടെ കാൎയ്യ

ത്തിൽ വളരെ ബുദ്ധിഹീനമായ ചിലതൊക്കെ സംഭവിച്ചു. സ്വന്തം ആശയങ്ങൾ കാവ്യത്തിൽ കണ്ടുപിടിക്കാനുള്ള വാസന സാധാരണമാണ്. അതിനുവേണ്ടി കാവ്യത്തെ വലിച്ചുലയ്ക്കുന്നതും കാണാം. ഇംഗ്ലണ്ടിലെ മതഭരിതമായ വിദ്യാഭ്യാസസമ്പ്രദായം ഗ്രീക്ക് സാഹിത്യകൃതികൾക്കെല്ലാം ക്രൈസ്തവാദർശങ്ങൾ കുത്തിത്തിരുകി. ഈഡിപ്പസ് എന്ന നാടകത്തിൽ 'വിധിവിഹിതമേവനും ലംഘിച്ചുകൂടുമോ' എന്ന് കവി ചോദിച്ചു്, "ഒരിക്കലുമില്ല" എന്നൊപ്പിച്ചുത്തരം പറയുകയാണ്. എങ്കിലും ആ നാടകത്തിന്റെ വ്യാഖ്യാതാക്കൾ, സ്വഭാവദൂഷ്യത്തിന് ലഭിക്കുന്ന ശിക്ഷയായി അതിന്റെ ദുരന്തത്തെ വ്യാഖ്യാനം ചെയ്തിട്ടുണ്ട്. ക്രിസ്തു ജനിക്കുന്നതിന് നാനൂറുവർഷംമുമ്പ് കാവ്യം രചിച്ചതും ക്രിസ്തുമതത്തെ നീതീകരിക്കാനാണെന്ന് വിവക്ഷ. ഇത്തരം പണ്ഡിതന്മാരുടേയും ഒന്നും പഠിക്കാതെ കാവ്യം മനസ്സിലാകണമെന്ന് ശഠിക്കുന്നവരുടേയുമിടയിൽ കലാകാരനെന്തുചെയ്യും?

സ്വന്തം ആശയങ്ങൾ കവിയുടെമേൽ വച്ചുകെട്ടുകയെന്നതു് മതഭാഷകർക്കു് മാത്രം വന്നുകൂടിയ ഒരു ബാധയല്ല. മാത്യൂ ആർനോൾഡിന്റെ "പരിത്യക്തനായ ജനമനുഷ്യൻ" എന്ന കവിത, മുലകുടിക്കുന്ന പിഞ്ചുകുഞ്ഞിനെ ഉപേക്ഷിച്ചു് സ്വർഗ്ഗം നോക്കി പോകുന്ന ഒരു മനുഷ്യസ്ത്രീയുടെ കഥയാണ്. ആ കവിത ദുർവ്യാഖ്യാനം ചെയ്യാൻ വിഷമമാണ്. എങ്കിലും വളരെ കഷ്ടപ്പെട്ട് അതിന് ഒരു അർത്ഥം കണ്ടുപിടിച്ചിട്ടുണ്ട്. കുഞ്ഞിനെ ഉപേക്ഷിച്ചും ആത്മാവിനെ രക്ഷിക്കേണ്ടതാണെന്ന്. ആത്മാവില്ലാത്ത മൃഗത്തിനുപോലും തോന്നുന്ന ശിശുസ്നേഹം ആ മനുഷ്യസ്ത്രീയ്ക്കു് കവി കൊടുത്തിട്ടില്ല. എങ്കിലും വ്യാഖ്യാനം വന്നപ്പോൾ അവർ പുണ്യവതിയായി. ഇത്തരം വ്യാഖ്യാനങ്ങളുണ്ടാവുന്നതു് മനുഷ്യവികാരങ്ങളിൽനിന്ന് കലയെ അകററിനിർത്തി വിശദീകരിക്കുന്നതുകൊണ്ടാണ്.

നിർഭാഗ്യകരമായ ഈ അവസ്ഥ ഇന്ന് പ്രത്യേകിച്ചും അപകടകരമാണ്. ഇതു് ജനാധിപത്യയുഗമാണെന്നാണല്ലോ വെയ്പു്. കൂട്ടതലാളുകൾ സാഹിത്യം നിർമ്മിക്കുന്നു. കൂട്ടതലാളുകൾ വായിക്കുകയും ചെയ്യുന്നു. ഈ അവസരത്തിൽ താഴ്ന്നതരം കലാസൃഷ്ടികൾക്കു വേണ്ടിയുള്ള മുറവിളി സാഹിത്യത്തെ സാരമായി അധഃപതിപ്പിക്കും. രാഷ്ട്രീയനേതാക്കന്മാർ അങ്ങിനെ ആവശ്യപ്പെടുന്നതു് മനസ്സിലാക്കാം. ജനങ്ങളുടെ സകല ബലഹീനതകളെയും താലോലിക്കേണ്ടതു് അവരുടെ ചുമതലയാണ്. ജനങ്ങളെ 'പൊക്കാൻ' നടക്കുന്ന ചില സാഹിത്യകാരന്മാർ അങ്ങിനെ പറയുമ്പോഴാണ് അതു് അസംബന്ധമാകുന്നതു്. നമുക്കു് ദഹനക്കേടുണ്ടായാൽ, നാട്ടിലെ ഭക്ഷണസാധനങ്ങൾ എല്ലാം വർജ്ജിച്ചു് പൊടിയരിക്കഞ്ഞിമാത്രം സ്വീകരിക്കണം എന്നു പറയരുതു്. ശരിയായമാർഗ്ഗം ദഹനക്കേടിന് ചികിത്സിക്കുകയാണ്. അതുമാത്രമാണ് നീണ്ടുനില്ക്കുന്ന പദ്ധതി. പാണ്ഡിത്യം എല്ലാവർക്കും ലഭിക്കാൻ എളുപ്പമല്ല. കമ്മബുദ്ധി എല്ലാവർക്കും ഉണ്ടായിയെന്നു വരുകയില്ല. പക്ഷേ എല്ലാവർക്കും ലോകത്തെനോക്കിക്കാണാമല്ലോ. നമ്മുടെ ചുററുമുള്ള ആളുകൾ എങ്ങിനെ ജീവിക്കുന്നു, എന്തു ചിന്തിക്കുന്നു എന്ന് അറിയാൻ കഴിയും. മററുള്ളവരുടെ പുസ്തകങ്ങളിൽനിന്നോ, രാഷ്ട്രീയ പരിപാടികളിൽനിന്നോ അല്ല, നേരിട്ട് തന്നെ, അതു് അനുഭവത്തോടുകൂടിയായിരിക്കണം. അങ്ങിനെ ലോകത്തെക്കണ്ടാൽ മിക്ക സാഹിത്യകൃതികളും മനസ്സിലാകും. ഇതു് കവിമാത്രമല്ല ധരിക്കേണ്ടതു്. അനുവാചകനും അതു് അറിഞ്ഞിരിക്കട്ടെ.

# ചിന്താലോകത്തിൽ

പുഷ്പത്തിൽ സുഗന്ധമെന്നപോലെ നിന്റെ ഈശ്വരൻ നിന്നിൽത്തന്നെയുണ്ടു്. എന്നാൽ സ്വന്തം ശരീരത്തിലെ കസ്തൂരിയെ പുല്ലുകളുടെ ഇടയിൽ തേടിനടക്കുന്ന കസ്തൂരിമാനിനെപ്പോലെ നീ ഈശ്വരനെ വെളിയിൽ അന്വേഷിച്ചു് അലഞ്ഞുതിരിയുന്നു.

— കബീർ

സന്ദർഭോചിതമായി ചെയ്യുന്ന ഉപകാരം ചെറുതെങ്കിലും, ആ സന്ദർഭത്തെ സംബന്ധിച്ചേടത്തോളം അതിൻ ലോകത്തേക്കാൾ വലുപ്പമുണ്ടു്.

— തിരുവള്ളുവർ

പ്രേമത്തിന്റെ നൂൽ ക്ഷമയില്ലാതെ തിടുക്കത്തിൽ പൊട്ടിച്ചുകളയാതിരിക്കൂ.' പൊട്ടിയാൽ വീണ്ടും യോജിപ്പിക്കാൻ പ്രയാസം. അഥവാ യോജിപ്പിച്ചാൽത്തന്നെ അതിൽ കെട്ടുവീഴും.

— റഹീം

ഒരു മുഹൂർത്തം മാത്രമേ നീ ജീവിക്കുന്നുള്ളു എങ്കിലും അതു കുന്തിരിക്കപ്പന്തംപോലെ ജ്വലിച്ചുകൊണ്ടായിരിക്കണം.

— വ്യാസൻ

ഈ വിശ്വം ഒരു മാനസികവ്യാപാരമാണു്; യാന്ത്രികവ്യാപാരമല്ല.

— സർ ജേംസ് ജീൻസ്

രാത്രിയ്ക്കു് ആയിരം കണ്ണുണ്ടു്. പകലിനു ഒന്നേ ഉള്ളു. അസ്തമിക്കുന്ന സൂര്യനോടൊപ്പം, പ്രകാശമാനമായ ലോകത്തിന്റെ വെളിച്ചവും കെടുന്നു. മനസ്സിനു ആയിരം കണ്ണുണ്ടു്: ഹൃദയത്തിനു് ഒന്നേയുള്ളു. പ്രേമം അസ്തമിക്കുമ്പോൾ ഒരു ജീവിതത്തിന്റെ മുഴുവൻ പ്രകാശവും കെട്ടുപോകുന്നു.

— ബോർഡിലൺ

നിങ്ങളുടെ കർമ്മങ്ങളെക്കുറിച്ചു് വിധികല്പിക്കുന്നതു നിങ്ങളുടെ ഉദ്ദേശങ്ങളെക്കൊണ്ടാകുന്നു.

— മുഹമ്മദുനബി

മനസ്സുതന്നെയാണു സ്വർഗ്ഗവും നരകവും സൃഷ്ടിക്കുന്നതു്.

— മിൽടൻ

ബുദ്ധിപരമായ സ്വാതന്ത്ര്യത്തിന്റെ മുന്നോടിയാണു സാമ്പത്തികസ്വാതന്ത്ര്യം.

— ഹെൻറി ഫോർഡ്

---

ഒരു തടിച്ച സ്ത്രീ തീവണ്ടിയിൽനിന്നിറങ്ങിയപ്പോൾ ടാക്സി കാറുകാരൻ അടുത്തു ചെന്നു് —അമ്മേ! ഒന്നാംതരം കാർ. ഇതിൽ കയറാം

പെട്ടെന്നു് ഒരു ലോറിഡ്രൈവർ—അതു പററില്ലമ്മേ! ഞാൻ ലോറി കൊണ്ടുവന്നിട്ടുണ്ടു്.

ഗ്രന്ഥനിരീക്ഷണം

# സ്വതന്ത്രചിന്ത

ഒരു ലേഖകൻ എന്ന നിലയിൽ ഏതാനും വർഷക്കാലം മലയാളത്തിലെ പല പത്രങ്ങളിലും വിഹരിച്ചശേഷം അകാലചരമം പ്രാപിച്ചുപോയ ശ്രീ. കെ. എസ്. മണിയുടെ സാഹിത്യസന്താനങ്ങളെ, ഭർത്തൃഭക്തിയോടും ഭാഷാപോഷണാഭിലാഷത്തോടുംകൂടി ലേഖകപത്നി പുസ്തകരൂപത്തിൽ പ്രസിദ്ധം ചെയ്തിട്ടുള്ളവയിൽ ഒന്നാണ് ഈ "സ്വതന്ത്രചിന്ത". 15 ലേഖനം അടങ്ങിയിട്ടുള്ള ഇതിലെ ഉള്ളടക്കത്തെ മൂന്നായി തരംതിരിക്കാം. ലിംഗബന്ധശാസ്ത്രപരമായുള്ള അദ്ദേഹത്തിന്റെ ചിന്താശകലങ്ങളാണ് ആദ്യത്തെ എട്ടു ഉപന്യാസത്തിലെ ഉള്ളടക്കം. വ്യഭിചാരത്തിന്റെ ചരിത്രം, താലികെട്ടിന്റെ അന്തസ്സാരശൂന്യത, ദാമ്പത്യജീവിതത്തിൽ വ്യഭിചാരം ഉണ്ടായിപ്പോകാനുള്ള കാരണങ്ങൾ, സന്താനനിയന്ത്രണം കൃത്രിമമായി സാധിക്കേണ്ടുന്നതിന്റെ ആവശ്യം തുടങ്ങി പലതും പറയുന്നകൂട്ടത്തിൽ, ബാലികാബാലന്മാരെ ലിംഗബന്ധശാസ്ത്രം അഭ്യസിപ്പിക്കാതിരിക്കുന്നതിന്റെ അനാശാസ്യതയും അദ്ദേഹം ചൂണ്ടിക്കാണിക്കുന്നുണ്ടു്. ഏതു വയോഘട്ടം മുതല്ക്കാണ് ഈ ശാസ്ത്രത്തിന്റെ പ്രാഥമിക പാഠങ്ങൾ ബാലികാബാലന്മാരെ പഠിപ്പിക്കേണ്ടതു് എന്ന് അദ്ധ്യാപകനായിരുന്ന ഗ്രന്ഥകർത്താവ് വിശദമായി പ്രസ്താവിക്കുന്നില്ല. സകലരും അറിഞ്ഞിരിക്കേണ്ട ഈ ശാസ്ത്രം ബാലികാബാലന്മാരെ പഠിപ്പിക്കുന്നതു് അതിന്റെ പ്രായോഗികതയിലേയ്ക്കു് അവരെ ഉത്സുകരാക്കിത്തീർക്കുമെന്നും, അതുകായികമാനസികാരോഗ്യങ്ങൾക്കു ഹാനികരമായിത്തീരുമെന്നും ഉള്ള വസ്തുത മനശ്ശാസ്ത്രജ്ഞന്മാർ പഠിപ്പിക്കാതെതന്നെ ലോകർ മനസ്സിലാക്കിയിരിക്കുകയാണ്. അങ്ങനെയൊരു പ്രായോഗിക പരിജ്ഞാനോത്സുകത ഉളവാക്കാതെ, ഈ ശാസ്ത്രം ബാലികാബാലന്മാരെ പഠിപ്പിച്ചു് ഫലിപ്പിക്കുന്നതെങ്ങനെയെന്ന് അദ്ധ്യാപകനായ ഗ്രന്ഥകർത്താവിനു തെളിയിക്കാൻ കാലം സൗകര്യം നല്കിയില്ലല്ലൊ! വിലയേറിയ ഈ ശാസ്ത്രം വിവാഹം കഴിക്കുന്നവർ അറിഞ്ഞിരിക്കേണ്ടതു് എത്രയും ആവശ്യംതന്നെ.

മതവും ഈശ്വരവിശ്വാസവും കൊണ്ടു് ലോകത്തിൽ വന്നുകൂടിയിട്ടുള്ള അപകടങ്ങളേയും ആപത്തുകളേയും കുറിച്ചു് മൂന്നു് ഉപന്യാസത്തിൽ, ഗ്രന്ഥകാരൻ ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. മനുഷ്യന്റെ പുരോഗതിക്കുവേണ്ടി മതം സർവ്വവ്യാപകവും അതിശക്തിമത്തും ആയി കഴിഞ്ഞ അനേകായിരം വർഷങ്ങളിൽ പ്രവർത്തിച്ചിട്ടുണ്ടെന്നുള്ളതിനു സംശയമില്ല. കലയിലും മതങ്ങളിലും കൂടിയല്ലാതെ മനുഷ്യവർഗ്ഗം പുരോഗമിച്ചിട്ടില്ലെന്നുള്ളതു് മാനവവംശചരിത്രങ്ങൾ പ്രഖ്യാപനം ചെയ്തുകഴിഞ്ഞിട്ടുണ്ടു്. അതേമതങ്ങൾ തന്നെ അവയുടെ സംഘടിതഭാവം, പുരോഹിതന്മാരുടെ ചൂഷണവൈഭവം, ദൈവത്തിന്റെ പേരുപറഞ്ഞു് ബഹുജനങ്ങളെ ഭരിക്കാനുള്ള വ്യക്തികളുടെ ഉത്സാഹം ആദിയായവനിമിത്തം മാനുഷഹൃദയവികാസത്തിനു പലപ്പോഴും കണ്ഠകോടാലികളായി, നിണനദീപ്രവാഹങ്ങളുടെ ഉത്ഭവസ്ഥാനങ്ങളായിത്തീർന്നിട്ടുണ്ടു് എന്നതു് മറച്ചുവയ്ക്കാവുന്ന വസ്തുതയല്ലതാനും. സ്ഥിതിസമത്വസിദ്ധാന്തപ്രചരണത്തിനു് മതങ്ങൾ വിലങ്ങുതടികളായി നിലനില്ക്കുന്നതിനുള്ള കാരണങ്ങൾ

ഏതെല്ലാമാണെന്നു് ഉപന്യാസകൻ വിശദമായി ചൂണ്ടിക്കാണിച്ചിട്ടുണ്ടു്.

ഒടുവിലത്തെ നാലു ഉപന്യാസം സാഹിത്യ ചിന്താപരമായവയാകുന്നു. "ക്ലാസ്സിക്കുകൾ" എന്ന ഉപന്യാസത്തിൽ, പുരാണ കഥാസാഹിത്യത്തിന്റെ മാഹാത്മ്യം സ്ഥിതിചെയ്യുന്നതു് അതിന്റെ വിവിധ വികാരവർണ്ണനകളും, ലൗകിക ജീവിത നാനാത്വവർണ്ണനകളും അടിസ്ഥാനമാക്കിയാകുന്നു എന്നതിനോടു ആരും വിയോജിക്കുമെന്നു തോന്നുന്നില്ല. എന്നാൽ ക്ലാസ്സിക്കുകളിലെ പ്രതിപാദ്യവിഷയങ്ങളെല്ലാം തന്നെ ദേവന്മാരും മനുഷ്യരും തമ്മിലുള്ള ബന്ധത്തിന്റെ നാനാവശങ്ങളും ഉൾക്കൊള്ളുന്നവയാണെന്നും, അവയുടെ മാഹാത്മ്യത്തിനുള്ള ഒരു പ്രധാന കാരണം അതാണെന്നും ഉള്ള അഭിപ്രായത്തെ ബന്ധിച്ചിരിക്കുന്നതു പ്രയോജനപ്രദമായിത്തോന്നുന്നില്ല. പുരാണ കഥാസാഹിത്യത്തിലെ ദേവതത്വത്തെ മാററിവച്ചു പരിശോധിച്ചാലും, രസിക്കാനും ചിന്തിക്കാനും ഉള്ള ഭാഗങ്ങൾ ധാരാളമുണ്ടെന്നുള്ളതിനു സംശയമില്ല. എന്നാൽ സർവ്വവ്യാപിയായ ഒരു അനന്തമഹാശക്തിയുമായി മനുഷ്യനുള്ള ബന്ധത്തിന്റെ ബന്ധുരമായ ചിത്രീകരണങ്ങൾ ഇത്തരം കാവ്യതല്ലജങ്ങളെ നിതാന്തസുന്ദരവും, നിത്യപാരായണാർഹവും ആക്കിത്തീർത്തിട്ടുണ്ടെന്നുള്ളതും ഒരു വസ്തുതയാകുന്നു.

റീയലിസ്പ്രസ്ഥാനത്തിലെ 'സൗന്ദര്യപ്രകാശനപ്രാധാന്യത്തേയും, കലാപരമായി സൗന്ദര്യപ്രകാശനത്തിനുള്ള പരമോന്നതാവസ്ഥയേയുംകുറിച്ചു പ്രതിപാദിക്കുന്ന രണ്ടു ലേഖനം ആധുനിക സാഹിത്യപ്രസ്ഥാനപഠിതാക്കൾക്കു് അല്പം മാർഗ്ഗദർശകമായിരിക്കുന്നുണ്ടു്. പുരാണകഥാസാഹിത്യത്തിലും കാമവികാരത്തിന്റെ അപ്രതിരോധ്യപ്രകടനം കാണിക്കുന്ന ഭാഗങ്ങൾ കാണാവുന്നതിനെ ഗ്രന്ഥകാരൻ ഉദ്ധരിച്ചു കാണിച്ചിരിക്കുന്നു. പക്ഷേ ഇത്തരം കാമപ്രകാശനം തുലോം വിരളവും, ആദ്ധ്യാത്മികവും ദേവപരവും ആയ കാര്യങ്ങൾ ധാരാളവും ആയി അതിൽ വർണ്ണിച്ചിട്ടുണ്ടെന്നുള്ളതു് വിസ്മരിക്കാവുന്നതല്ലല്ലൊ. റീയലിസപ്രസ്ഥാനത്തിൽ അങ്ങനെയല്ല കാണുന്നതു്. സാർവത്രികമായി കാണുന്നില്ലെങ്കിലും എല്ലാവരും എന്നും ആഗ്രഹിക്കുന്നതും, ആരാധിക്കുന്നതും ആയ പാതിവ്രത്യത്തെ അവഹേളിക്കുന്ന കഥകളാണു് ആ പ്രസ്ഥാനത്തിൽ ധാരാളമായി കാണുന്നതു്. വിവിധവ്യഭിചാരഭാവങ്ങൾ, നിരങ്കുശവും എന്നാൽ ലളിതവും ആയി പ്രതിപാദിക്കുന്ന കാര്യത്തിൽ അത്തരം ഗ്രന്ഥകാരന്മാർ ഉത്സുകരായിരിക്കും. മനുഷ്യസമുദായത്തിൽ നിലനിന്നുപോരുന്ന പ്രേമബന്ധപരമായ ആചാരങ്ങളേയും വിശ്വാസങ്ങളേയും തകർക്കുക, വിവാഹബന്ധംതന്നെ അർത്ഥശൂന്യവും അസ്വാതന്ത്ര്യകരവും ആണെന്നു പ്രഖ്യാപിക്കുക, സകലതരം കള്ളത്തരങ്ങളേയും കൊള്ളരുതായ്മകളേയും വിശദമായി കാണിക്കുക, "കല കലയ്ക്കുവേണ്ടിയാണു്" എന്നൊരു അബദ്ധപ്പഞ്ചാംഗം ആവർത്തിച്ചു കൊണ്ടിരിക്കുക ഇതൊക്കെയാണു റീയലിസപ്രസ്ഥാനസാഹിത്യകാരന്മാരുടെ പ്രകൃതം. ആത്മാഭിമാനവിദ്ധ്വംസകവും മനുഷ്യവർഗ്ഗാവഹേളനപരവും ആയ ഇത്തരം പ്രതിപാദനമൊക്കെ ഒരുവിധം സഹിക്കാമായിരുന്നു, പരിഹാരമാർഗ്ഗം വല്ലതും ചൂണ്ടിക്കാണിക്കുന്നു എങ്കിൽ. ലോകത്തിലെ അശാന്തിക്കും, കഷ്ടതകൾക്കും മൂലകാരണങ്ങൾ ഏവയെന്നും, പരിഹാരമാർഗ്ഗങ്ങൾ എന്തെല്ലാമെന്നും 19–ാം നൂററാണ്ടിന്റെ അന്ത്യഘട്ടത്തിൽ ഉദയംചെയ്ത Progressive Literature(പുരോഗമനസാഹിത്യം)

മുഖേന വിശ്വസാഹിത്യകാരന്മാരിൽ പലരും സമർത്ഥമായി ആധുനികചിന്താഗതിക്കനുരൂപമായി സ്ഥാപിച്ചു് ലോകത്തെ പുരോഗമനം ചെയ്യിച്ചുകൊണ്ടിരിക്കുമ്പോൾ മനുഷ്യത്വത്തിന്റെ മഹിമയെ അശേഷം മാനിക്കാതെ, മനുഷ്യന്റെ കുറവുകളേയും കുററങ്ങളേയും ചൂണ്ടിക്കാണിക്കുകമാത്രം ചെയ്തു് പണം സമ്പാദിക്കുന്ന റീയലിസസാഹിത്യകാരന്മാർക്കു് പാശ്ചാത്യലോകത്തു് ഉണ്ടായിരുന്ന മാന്യത മറഞ്ഞുകഴിഞ്ഞിരിക്കുന്ന കാലമാണിതു്. ഈ വസ്തുത ഗ്രന്ഥകർത്താവു് അറിഞ്ഞിരുന്നോ ആവോ?

നാഗരികതയിലേയ്ക്കു് മനുഷ്യവർഗ്ഗം നൈംദിനം നയിക്കപ്പെട്ടുകൊണ്ടിരുന്നിട്ടും വളർച്ചയ്ക്കു വലിയ വിലോപംകൂടാതെ നിലനില്ക്കുന്ന അന്ധവിശ്വാസാനാചാരങ്ങളുടെ ഈ പ്രമത്തതാണ്ഡവകാലഘട്ടത്തിൽ, ജനസമുദായമദ്ധ്യത്തിലും നമ്മളറിയാതെ ഓരോരുത്തരിലും വേരൂന്നി വളർന്നുകൊണ്ടിരിക്കുന്ന ചിന്താസ്വാതന്ത്ര്യത്തെക്കുറിച്ചുഅല്പമൊന്നു ചിന്തിക്കാനും, പലതരം മൂഢവിശ്വാസങ്ങളിൽനിന്നും നമ്മളെ പിന്തിരിപ്പിക്കാനും ശ്രീ. മണിയുടെ "സ്വതന്ത്രചിന്ത" ശക്തിയായി പ്രേരിപ്പിക്കുന്നുണ്ടെന്നുള്ളതിനു സംശയമില്ലതന്നെ.

V. P.

---

ഗ്രന്ഥകർത്താ: കെ. എസ്. മണി B.A., L.T.

പ്രസാധിക: കെ. സി. നാരായണി ബി. ഏ. എൽ. ടി., കൊടുങ്ങല്ലൂർ.

പുറം 120 വില 1 രൂ. 4 ണ.

## സ്നാപകചരിതം ആട്ടക്കഥ

ക്രിസ്തുദേവന്റെ അവതാരത്തെ സംശയരഹിതമായി നേരത്തെതന്നെ ഉദ്ഘോഷണംചെയ്ത വിനയാനതമനസ്കനും, മഹർഷിസത്തമനും ആണു് സ്നാപകയോഹന്നാൻ. യേശുക്രിസ്തുവിനുപോലും ആചാരക്രമാനുസരണം ജ്ഞാനസ്നാനംനല്കി സ്വയം പരിപൂതനും സ്വയം ചരിതാർത്ഥനും ആയിത്തീർന്ന ഈ മഹാപുരുഷൻ, അക്കാലത്തെ ഗലിലിയാധിപനായിരുന്ന ഹാരോദിന്റെ ക്രൂരരാജ്യഭരണത്തെ നിന്ദിച്ചതിന്റെ ഫലമായി അയാൾക്കു് യോഹന്നാനോടു് അടക്കാൻ പാടില്ലാത്ത കോപമുണ്ടായി. അനുദിനം യോഹന്നാനു ലഭിച്ചുകൊണ്ടിരുന്ന ജനസ്വാധീനം കണ്ടുഭയന്നും, സ്ത്രീലമ്പടത്വംകൊണ്ടു് ബുദ്ധി അധഃപതിച്ചും കഴിഞ്ഞുകൂടിയ ആ മനുഷ്യാധമൻ ഈ പുണ്യാത്മാവിനെ കാരാഗൃഹത്തിൽ അടച്ചു കൊന്നതാണു് സ്നാപകചരിതം ആട്ടക്കഥയിലെ പ്രതിപാദ്യവിഷയം. എട്ടുരംഗത്തിലായി അടക്കംചെയ്തിരിക്കുന്ന ഇതിലെ കഥ, കളിച്ചുതീരുന്നതിനു് ൨ മണിക്കൂറിലധികം വേണ്ടിവരുമെന്നു തോന്നുന്നില്ല. ഹിന്ദുപുരാണകഥകളെ ഒഴിച്ചാൽ രണ്ടു മൂന്നു ആട്ടക്കഥമാത്രമേ മലയാളത്തിലെ കഥകളി സാഹിത്യത്തിൽ നിലനില്ക്കുന്നുള്ളു എന്ന വസ്തുതയുടെ വെളിച്ചത്തിൽ സ്വാഗതാർഹമായ ഒരു സമാരംഭമാണു് ശ്രീ. ഒ. എം. സി. നമ്പൂതിരിപ്പാടു് ചെയ്തിരിക്കുന്നതു്. ആടാനും പാടാനും രസിക്കാനും കൊള്ളാവുന്നവിധം ഈ കഥകളി വിരചിതമായിട്ടുണ്ടു്.

“തതസ്സുരാജാനനയേനശാന്താം
കാന്താം സ്വകാന്താം സമധീനകാന്താം”

ഇത്യാദിശബ്ദഭംഗിയുള്ള ശ്ലോകങ്ങളും,

“ഭൂപൻപകച്ചു, പലപാടും നിനച്ചു, ഹൃദി
കോപം നിലച്ചു, നിരൂപിച്ചു;
ബഹുമതി യുദിച്ചു, കരളതിലുറച്ചു
ദയിതയൊടു ഹൃദയഗതി ചെറുതുമരുളാ–
തിരവുതടവറയിലവനഥഗമിച്ചു”

എന്നിങ്ങനെയുള്ള ദണ്ഡകവും ഗ്രന്ഥത്തിനു മഹിമ വളൎത്തുന്നുണ്ടു്. കേരളത്തിൽ ഹിന്ദുക്രിസ്തീയൈക്യം വളൎത്തുന്നതിനു് ഇതിന്റെ ധാരാളമായുള്ള അഭിനയം ക്ഷേത്രങ്ങളിലും പള്ളികളിലും നടത്തുന്നതു് പ്രയോജനകരമായിത്തീരാനിടയുള്ളതിനാൽ, ശ്രീ. നമ്പൂതിരിപ്പാടിന്റെ സദുദ്യമം പ്രശംസനീയംതന്നെയാകുന്നു.

V. P.

ഗ്രന്ഥകൎത്താ: ഓം. എം. സി. നാരായണൻ നമ്പൂതിരിപ്പാടു്, പരിഷന്മുദ്രണാലയം, എറണാകുളം, വില 8 ണ.

## ശ്രീകണ്ഠേശ്വരം ജി. പത്മനാഭപിള്ള

ശബ്ദതാരാവലീകൎത്താവു് എന്ന നിലയിൽ സുപ്രസിദ്ധനായ ശ്രീകണ്ഠേശ്വരം ജി. പത്മനാഭപിള്ളയുടെ ഒരു “ജീവചരിത്രവീക്ഷണ”മാണു് ഈ ഗ്രന്ഥം. ആ വിശ്രുതനിഘണ്ടുവിൽ ചേൎത്തക്ക ആകൃതിയിലും വലുപ്പത്തിലും പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ലഘുജീവിതചരിത്രഗ്രന്ഥം, ആ സാഹിത്യകാരന്റെ ബഹുമുഖങ്ങളായ സാഹിത്യപരിശ്രമങ്ങളെക്കുറിച്ചു് ഒരു വിഹഗവീക്ഷണം നടത്തിയിട്ടു് നിഘണ്ടുനിൎമ്മാണക്രമങ്ങളെ അല്പം വിസ്തരിച്ചു് പ്രതിപാദിച്ചതിനുശേഷം, അവസാനിപ്പിച്ചിരിക്കുന്നു. അത്രത്തോളം അതു സ്വാഗതാൎഹമാണു്.

ആ മഹാസാഹിത്യകാരൻ തന്റെ 81 വൎഷത്തെ ജീവിതകാലത്തിനിടയ്ക്കു് 60 വൎഷവും സാഹിത്യത്തിൽ യത്നം ചെയ്തു് കൈരളീസേവനം നടത്തുകയായിരുന്നു. തുള്ളൽ, ആട്ടക്കഥ, നാടകം, കാവ്യം, ഉപഹാരം, വ്യാഖ്യാനം ആദിയായി പല ശാഖകളിൽ ഉൾപ്പെടുന്ന അൻപതോളം ഗ്രന്ഥങ്ങളുടെ നിൎമ്മാണത്തിനുശേഷമാണു്, കാൽശതാബ്ദക്കാലത്തെ കഠിനപരിശ്രമം മുഖേന ശബ്ദതാരാവലീനിൎമ്മാണം വിജയപ്രദമായി അദ്ദേഹം പരിസമാപിപ്പിച്ചിട്ടുള്ളതു്. ഷഷ്ടിപൂൎത്തി കഴിയുന്നതുവരെയും അനവരതമായ ദാരിദ്ര്യപരിപീഡനത്താൽ അത്യഗാധമായ ദുരിതകച്ഛങ്ങളിൽ അകപ്പെട്ടുകഴിഞ്ഞുകൂടിയിരുന്നതിനിടയ്ക്കു് അതിനെയൊക്കെ നിസ്സാരമാക്കിക്കൊണ്ടു് വളൎന്നും വികസിച്ചും വന്നിരുന്ന ആ മഹാപുരുഷന്റെ സാഹിത്യവാസന സമാരാധനീയമായ ഒന്നാണെന്നുള്ളതിനു സംശയമില്ല. പഠനയോഗ്യവും പ്രബുദ്ധതാജനകവും ആയ അദ്ദേഹത്തിന്റെ മഹച്ചരിത്രം വിപുലമായ തോതിൽ നിൎമ്മിക്കുകയോ നിൎമ്മിപ്പിക്കയോ ചെയ്യുന്നതിനുള്ള സാഹിത്യഭക്തികൂടി അദ്ദേഹത്തിന്റെ മകനായ ശ്രീ. ദാമോദരൻനായർ എം. എ. യിൽ ഉദിച്ചുയൎന്നു വന്നിരുന്നെങ്കിൽ കൈരളീദേവിക്കു് അതു് എത്രയോ വിലയേറിയ ഒരു സമ്പത്തായിത്തീരുമായിരുന്നു! അതിലേയ്ക്കുവേണ്ട സാമഗ്രികളിൽ ഒന്നായിട്ടാണു് ശ്രീ. പരമേശ്വരൻനായരുടെ ഈ ഗ്രന്ഥത്തെ ഞങ്ങൾ വീക്ഷിക്കുക.

V. P.

ഗ്രന്ഥകൎത്താ: പി. കെ. പരമേശ്വരൻനായർ, പ്രസാധകൻ: കെ മാത്യു, ശ്രീചിത്തിരതിരുനാൾ ഗ്രന്ഥശാല, തിരുവനന്തപുരം.
പുറം 24 വില 4 ണ.

## നവരത്നം

സത്യവ്രതൻ, മുകുന്ദൻ, ദേവഹൂതി തുടങ്ങി 9 പുരാണപുരുഷന്മാരുടെ ചരിത്രങ്ങൾ അടങ്ങിയതാണു ലളിതവും സുഗ്രഹവും ആയ ഭാഷയിൽ എഴുതപ്പെട്ടിരിക്കുന്ന ഈ ഗ്രന്ഥം. "കുട്ടികൾക്കു സദാചാരതത്വബോധം ഉളവാക്കുവാൻ ഏററവും പററിയതു പുരാണകഥകൾ ആണെന്നു വിദ്വാന്മാർ അഭിപ്രായപ്പെടുന്ന"തിനെ ആദരിച്ചു്, രണ്ടു ദശകത്തിലധികം അദ്ധ്യാപകവൃത്തിയിൽ ഇരുന്നു് ബാലഹൃദയങ്ങളുമായി ഇടപഴകിയിട്ടുള്ള ഗ്രന്ഥകർത്താവു് ഈ കൃതി രചിച്ചിരിക്കുന്നു. ബാലന്മാൎക്കു പഠനാർഹവും പുരാണപാരായണപരായണന്മാൎക്കു് പരിശോധനാർഹവും ആയ ഒരു ലഘുനിബന്ധമാണിതെന്നുള്ളതിനു സംശയമില്ല.

V. P.

---

*സാഹിത്യശിരോമണി പി. എസ്. സുബ്ബരാമഭട്ടർ, ഗീതാപ്രസ്സ്, തൃശ്ശിവപേരൂർ. പുറം 67 12 ണ.

---

ഗ്രഡേഷൻകമ്മററിയുടെ പരിശോധന

നടന്നുകൊണ്ടിരിക്കയാണു്. അവർ നിങ്ങളുടെ ഗ്രന്ഥശാല പരിശോധിക്കുന്നതിനു മുൻപായി എല്ലാം റിക്കാർഡുകളും ക്രമമായി തയാറാക്കി പൂരിപ്പിച്ചുവയ്ക്കുന്നതു് മതിപ്പുനേടാനും കൂടുതൽ പ്രോത്സാഹനം ലഭിപ്പാനും പ്രയോജനപ്പെടും

ഗ്രന്ഥശാലാസംഘത്തിൻെറ നിർദ്ദേശമനുസരിച്ചു തയാറാക്കിയവ

A അംഗരജിസ്റ്റർ. C പുസ്തകങ്ങളുടെ സ്റ്റോക്കരജിസ്റ്റർ. E ഗ്രന്ഥവിതരണരജിസ്റ്റർ. G നാൾവഴി. H പേരേടു്. I ഇൻവേഡു്. J ഔട്ടുവേഡു്—എന്നിവ

1 കയർ ബുക്കു് 1 ക. 12 ണ. 2 കയർ ബുക്കു് 3 ക. 8 ണ. 3 കയർ ബുക്കു് 5 ക.

D വായനക്കാരുടെ രജിസ്റ്റർ O ഗ്രന്ഥവിതരണരജിസ്റ്റർ—പേരേടു് ഇവ

1 കയർ 1 ക. 8 ണ. 2 കയർ 3 ക. 3 കയർ 4 ക. 8 ണ.

L അക്വിററൻസു് റോൾ. R ഇൻസ്പെക്ഷൻ ഡയറി ഇവ 1 ക. 2 ക. ½ ക. 1 ക.

F മാസവരിരജിസ്റ്റർ 2 ക. M ഉപകരണരജിസ്റ്റർ 6 ണ. P പ്രസിദ്ധീകരണരജിസ്റ്റർ 1 ക.

B പ്രവേശനാപേക്ഷ നൂററുക്കു് 1 ക. 8 ണ. K രസീതുബുക്കു് (100 രസീതു്) 10 ണ.

N മാസാന്ത്യബുക്ക 12 ണ. മാസാന്ത്യഫാറം 100 ക്കു് 2 ക. 8 ണ.

Q ഗ്രാൻറിനപേക്ഷിക്കുവാനുള്ള ഫാറം ഡസനു് 6 ണ.

നല്ല കടലാസ്സ്! ഭംഗിയായ അച്ചടി!! ഉറപ്പായ ബയൻറു്!!!

ആവശ്യമുള്ളവയ്ക്കു് ഉടനെ എഴുതുക:—

ആർ മാധവപ്പൈ
ഇറവൂർ T. C. S.

# ഗ്രന്ഥശാലാസംഘം ബുക്ക് സെലക്ഷൻകമ്മിററി അംഗീകരിച്ച പുസ്തകങ്ങളുടെ ലിസ്റ്റ്

## PART III

## ആഖ്യായിക & നോവൽ

### B

| നമ്പർ | പുസ്തകത്തിൻെറ പേരു് | ഗ്രന്ഥകർത്താവു് | പ്രസാധകർ | വില | | |
|---|---|---|---|---|---|---|
| 1 | വജ്റമാല | ബി. ജി. കുറപ്പു് | | 1 | 4 | 0 |
| 2 | കർമ്മഗതി | വിദ്വ: ടി. കെ. രാമൻമേനോൻ | വിശ്വഭാരതി പ്രസ്സ് & ബുക്കഡിപ്പോ, തൃശ്ശൂർ | 2 | 0 | 0 |
| 3 | പത്മിനി | ബി. ജി. കുറപ്പു് | ധർമ്മദേശം പ്രസ്സ് തിരുവനന്തപുരം | 1 | 8 | 0 |
| 4 | ഛത്രസാൽ | വിദ്വാൻ ടി. കെ. രാമൻമേനോൻ | സരസ്വതി പബ്ലിഷിംഗ് ഹൗസ്, തൃശ്ശൂർ | 2 | 0 | 0 |
| 5 | ചിരിക്കുന്ന മനുഷ്യൻ | വിദ്വ: വടക്കേക്കര കരുണാകരമേനോൻ | Do | 3 | 0 | 0 |
| 6 | കഴുമരം | വിദ്വ: ഇ. കെ. ദിവാകരൻപോററി | നാഷണൽ ബുക്കസ്റ്റാൾ, കോട്ടയം | 1 | 0 | 0 |
| 7 | നീണ്ട നിഴൽ | കോന്നിയൂർ മീനാക്ഷിയമ്മ | എം. കുമാരി ലീല | 2 | 0 | 0 |
| 8 | പുഷ്പകം | Do | | | | |
| 9 | സുഷമ | ബി. ജി. കുറപ്പു് | നരസിംഹവിലാസം ബുക്കഡിപ്പോ, ഉറവൂർ | 1 | 12 | 0 |
| 10 | ഇരുൾ നീങ്ങി | മിസ്സ്. ജെ. ആർ. ജോഷ്വാ | Do | 1 | 0 | 0 |

### C

| നമ്പർ | പുസ്തകത്തിൻെറ പേരു് | ഗ്രന്ഥകർത്താവു് | പ്രസാധകർ | വില | | |
|---|---|---|---|---|---|---|
| 1 | പത്മജാദേവി | ബി. ജി. കുറപ്പു് | വിശ്വഭാരതി പ്രസ്സ് & ബുക്കഡിപ്പോ, തൃശ്ശൂർ | 1 | 8 | 0 |
| 2 | കാമാന്ധത | Do | Do | 1 | 4 | 0 |
| 3 | കർമ്മഫലം | Do | Do | 1 | 8 | 0 |

| നമ്പർ | ഗ്രന്ഥങ്ങളുടെ പേര് | ഗ്രന്ഥകർത്താവ് | പ്രസാധകർ | വില | | |
|---|---|---|---|---|---|---|
| 4 | രാധിക | നടുവിൽമഠം നാരായണയ്യർ | സരസ്വതീ പ്രിൻറിംഗ് & പബ്ലിഷിംഗ് ഹൗസ് തൃശ്ശൂർ | 2 | 8 | 0 |
| 5 | രേണുക | കെ. രാമൻനമ്പ്യാർ | Do | 1 | 8 | 0 |
| 6 | പ്രേമമുദ്ര | എൻ. ജി. എസ്സ്. B. A. | നരസിംഹവിലാസം ബുക്കഡിപ്പോ, തുറവൂർ | 0 | 6 | 0 |
| 7 | കാലത്തിൻെറ കളി | ജോസഫ് ചെരുവത്തൂർ | | 0 | 14 | 0 |
| 8 | മാതൃക | പി. വി. വർഗ്ഗീസ് ആലപ്പുഴ | | 0 | 14 | 0 |

# കവിത (കാവ്യങ്ങൾ)

## B

| നമ്പർ | ഗ്രന്ഥങ്ങളുടെ പേര് | ഗ്രന്ഥകർത്താവ് | പ്രസാധകർ | വില | | |
|---|---|---|---|---|---|---|
| 1 | സാഹിത്യവിനോദം III Part | വെള്ളാശ്ശേരി ഗോവിന്ദമേനോൻ | | 0 | 12 | 0 |
| 2 | സാഹിത്യവിനോദം IV P | Do | | 0 | 12 | 0 |
| 3 | ഭഗവൽസ്തോത്രമാല | വള്ളത്തോൾ | അലയൻസ് പ്രിൻറിംഗ് വർക്ക്സ്, തിരുവനന്തപുരം | 1 | 4 | 0 |
| 4 | കലാസപര്യ | സി. എ. കുഞ്ഞുണ്ണിരാജാ | വിശ്വഭാരതിപ്രസ്സ്. തൃശ്ശൂർ | 1 | 4 | 0 |
| 5 | ഉണ്ണുനീലിസന്ദേശം | വ്യാഖ്യാ. തേമ്പാട്ട ശങ്കരൻനായർ | സരസ്വതി പ്രിൻറിംഗ് & പബ്ളിഷിംഗ് ഹൗസ് തൃശ്ശൂർ | 2 | 8 | 0 |
| 6 | ഒററശ്ലോകങ്ങൾ | അച്യുതത്തു വാസുദേവൻമൂസതു്. | | 1 | 10 | 0 |
| 7 | അരളിപ്പൂക്കൾ | G. കുമാരപിള്ള M. A. | നാഷണൽ ബുക്കസ്റ്റാൾ, കോട്ടയം | 1 | 4 | 0 |
| 8 | മുൾക്കിരീടം | പി. ഭാസ്കരൻ | നാഷണൽ ബുക്കസ്റ്റാൾ, കോട്ടയം | 1 | 0 | 0 |
| 9 | മനുഷ്യൻ | പാലാ. നാരായണൻനായർ | നാഷണൽ ബുക്കസ്റ്റാൾ, കോട്ടയം | 1 | 0 | 0 |
| 10 | ആനന്ദാദർശം | ബ്രഹ്മാനന്ദസ്വാമി ശിവയോഗി | യോഗിനീദേവി. സിദ്ധാശ്രമം ആലത്തൂർ | 2 | 8 | 0 |
| 11 | സുവിശേഷമഞ്ജുഷ | വിദ്വാൻ. ടി. സി. യോഹന്നാൻ | കൈരളീമഠം. പത്തനാപുരം | 0 | 12 | 0 |
| 12 | ഹൃദയാദർശം | Do | Do | 1 | 0 | 0 |

## C

| നമ്പർ | ഗ്രന്ഥങ്ങളുടെ പേര് | ഗ്രന്ഥകർത്താവ് | പ്രസാധകർ | വില | | |
|---|---|---|---|---|---|---|
| 1 | മുന്തിരിക്കല | മാവേലിക്കര അച്യുതൻ | | 0 | 8 | 0 |
| 2 | കവനകൗമുദി | | രവീന്ദ്ര & കമ്പനി, തിരുവനന്തപുരം | 0 | 12 | 0 |
| 3 | പൂമാല | കോട്ടയ്ക്കകത്തു പത്മനാഭൻനായർ | Do | 0 | 12 | 0 |

| നമ്പർ | ഗ്രന്ഥങ്ങളുടെ പേരു് | ഗ്രന്ഥകർത്താവു് | പ്രസാധകർ | വില | | |
|---|---|---|---|---|---|---|
| 4 | പൂങ്കുല | കമലാകരമേനോൻ | | 0 | 8 | 0 |
| 5 | ശ്രീ. ഭൂതനാഥചരിതം | T. N. നാരായണപ്പണിക്കർ | | 0 | 8 | 0 |
| 6 | തിരുനാമകീർത്തനമാല | | ചേന്നമത്തുകളരി ഗ്രന്ഥശാല ചേർത്തല | 0 | 12 | 0 |
| 7 | അശ്രുധാര | ജോസഫ് ചെറുവത്തൂർ | | 0 | 8 | 0 |
| 8 | കണ്ണുനീർപ്പുഴ | പി. എം. മത്തായി. | | 0 | 10 | 0 |

## ചരിത്രം & ജീവചരിത്രം

### A

| നമ്പർ | ഗ്രന്ഥങ്ങളുടെ പേരു് | ഗ്രന്ഥകർത്താവു് | പ്രസാധകർ | വില | | |
|---|---|---|---|---|---|---|
| 1 | ചരിത്രചർച്ച | ഫാദർ സി. കെ. മററം | | 1 | 12 | 0 |

### B

| നമ്പർ | ഗ്രന്ഥങ്ങളുടെ പേരു് | ഗ്രന്ഥകർത്താവു് | പ്രസാധകർ | വില | | |
|---|---|---|---|---|---|---|
| 1 | ശ്രീ സായ്ബാബാ | S. ഗോവിന്ദപ്പിള്ള | ബി. പാറുക്കുട്ടിയമ്മ | 2 | 0 | 0 |
| 2 | എഴുതാപ്പുറം | ആർ. പി. ഗോവിന്ദപ്പിള്ള | ധർമ്മദേശം പ്രസ്സ് തിരുവനന്തപുരം | 0 | 12 | 0 |
| 3 | മതാചാര്യന്മാർ | വിലാ. ഓ കൃഷ്ണപിള്ള. പരി: M.S. മണി വക്കീല. | അലിയൻസ് പ്രിന്റിംഗ് വർക്ക്സ് തിരുവനന്തപുരം | 0 | 10 | 0 |
| 4 | കലാലയശില്പികൾ | എസ്. പരമേശ്വരൻ | | 1 | 0 | 0 |
| 5 | മഹാത്മാ | T. K. രാമൻമേനോൻ | സരസ്വതി പ്രിന്റിംഗ് & പബ്ളിഷിംഗ് ഹൗസ് തൃശ്ശൂർ | 2 | 0 | 0 |
| 6 | ബാപ്പുജി | Do | Do | 2 | 0 | 0 |
| 7 | ജവഹരിലാൽ | Do | Do | 2 | 0 | 0 |
| 8 | സാക്ഷാൽ സി. വി. | N. ബാലകൃഷ്ണൻനായർ | കമലാലയബുക്കഡിപ്പോ. തിരുവനന്തപുരം | 2 | 8 | 0 |
| 9 | കമലാനെഹ്റു | എം. എൻ. രാഘവൻനായർ | എ. എം. തോമസ് തിരുവനന്തപുരം | 0 | 10 | 0 |
| 10 | വേദവ്യാസൻ | എം. ശേഷഗിരിപ്രഭു | നരസിംഹവിലാസം ബുക്കഡിപ്പോ ത്തൂറവൂർ | 0 | 4 | 0 |
| 11 | ഫാ. ഡാമിയൻ | കെ. ററി. മൈക്കിൾ | അൽഫോൻസാ. പബ്ളിക്കേഷൻസ് തിരുവനന്തപുരം | 1 | 10 | 0 |

| നമ്പർ | ഗ്രന്ഥങ്ങളുടെ പേരു് | ഗ്രന്ഥകർത്താവു് | പ്രസാധകർ | വില |
|---|---|---|---|---|
| 12 | മഹാപിതാ അഥവാ വിശുദ്ധ ശവരിയാർ | റവ. ഫാദർ. സി. കെ. മററം | റവ. ഫാദർ. കണിയാമ്പുറം. എറണാകുളം | |
| 13 | ഫ്രെഡറിക്ക് ഒസ്സാനാം അഥവാ ഒരു മാതൃകായുവാവു് | Do | | I 4 0 |
| 14 | സ്മരണാകിരണങ്ങൾ | Do | | |

## C

| | | | | |
|---|---|---|---|---|
| 1 | ശ്രീ ചിത്രസിംഹാസനം | കെ. രാഘവൻപിള്ള | ധർമ്മദേശം പ്രസ്സ് തിരുവനന്തപുരം | 0 8 0 |
| 2 | ധർമ്മഭടൻ | വി. പി ജോസഫ് | വിശ്വഭാരതി പ്രസ്സ് തൃശ്ശൂർ | 0 8 0 |
| 3 | ശ്രീമത് സ്വരൂപാനന്ദതീർത്ഥ സ്വാമികൾ | ആർ. മാധവപ്പയ്യ് | നരസിംഹവിലാസം തുറവൂർ | 0 8 0 |
| 4 | ചരിത്രകേരളം | പി. എ. സെയ്ദുമുഹമ്മദ് | കേരള പബ്ലിക്കേഷൻസ് ഫോർട്ടുകൊച്ചി | |

## ബാലസാഹിത്യം

| | | | | |
|---|---|---|---|---|
| 1 | ബാലകഥാമൃതം | കെ. രാഘവൻപിള്ള | ധർമ്മദേശം പ്രസ്സ് തിരുവനന്തപുരം | 0 8 0 |
| 2 | കഥാവല്ലരി | കെ. രാഘവൻപിള്ള | Do | 0 8 0 |
| 3 | ചിത്രകഥാവലി P. I | ററി എം. രാമൻപിള്ള & മാധവപ്പൈ | നരസിംഹവിലാസം ബുക്കഡിപ്പോ തുറവൂർ | 0 2 0 |
| 4 | ചിത്രകഥാവലി P. II | Do | Do | 0 3 0 |
| 5 | ചിത്രകഥാവലി P. III | Do | Do | 0 4 0 |
| 6 | കഥനപാഠങ്ങൾ P. I | സൂര്യനാരായണപ്പൈ | Do | 0 2 0 |
| 7 | കഥനപാഠങ്ങൾ P. II | Do | Do | 0 2 3 |
| 8 | കഥനപാഠങ്ങൾ P. III | Do | Do | 0 2 6 |
| 9 | കഥനപാഠങ്ങൾ P. IV | Do | Do | 0 3 0 |
| 10 | ആദർശചന്ദ്രിക | പി. വാസുദേവൻപിള്ള | | 1 0 0 |

## യാത്രാവിവരണം

| | | | | |
|---|---|---|---|---|
| 1 | ഇംഗ്ലണ്ടിലെ വിശേഷങ്ങൾ | കെ. സി. ചാക്കോ | സെൻറ് ജോസഫ്സ് ഐ. എസ്സ്. പ്രസ്സ് എൽത്തുരുത്ത് തൃശ്ശൂർ | 1 4 0 |

# ഉപന്യാസങ്ങളും & നിരൂപണങ്ങളും

## A

| നമ്പർ | ഗ്രന്ഥങ്ങളുടെ പേര് | ഗ്രന്ഥകർത്താവ് | പ്രസാധകർ | വില | | |
|---|---|---|---|---|---|---|
| I | കഥയല്ല | കാരൂർ നീലകണ്ഠപ്പിള്ള | നാഷണൽ ബുക്കസ്റ്റാൾ കോട്ടയം | 1 | 0 | 0 |
| 2 | പൂവും കായും P. I | ഫാദർ സി. കെ. മററം | Do | 1 | 4 | 0 |
| 3 | പൂവും കായും P. II | Do | Do | 1 | 4 | 0 |

## B

| നമ്പർ | ഗ്രന്ഥങ്ങളുടെ പേര് | ഗ്രന്ഥകർത്താവ് | പ്രസാധകർ | വില | | |
|---|---|---|---|---|---|---|
| 1 | പ്രബന്ധദീപിക | കെ. രാഘവൻപിള്ള | രവീന്ദ്രാ & കോ. തിരുവനന്തപുരം | 1 | 4 | 0 |
| 2 | സഞ്ജയപൂജ | എം. കൊച്ചുണ്ണിമേനോൻ | വിശ്വഭാരതി പ്രസ്സ് തൃശ്ശൂർ | 1 | 12 | 0 |
| 3 | പൗരസ്ത്യസാഹിത്യപ്രകാശം | ററി. ആർ. നായർ | സരസ്വതി പ്രിൻറിംഗ് & പബ്ലിഷിങ് ഹൗസ് തൃശ്ശൂർ | 3 | 8 | 0 |
| 4 | സംസ്കാരകേദാരം | എസ്. കെ. നായർ | നാഷണൽ ബുക്കസ്റ്റാൾ കോട്ടയം | 1 | 12 | 0 |
| 5 | അന്വേഷണത്തിൻെറ ആരംഭം | എം. ഗോവിന്ദൻ | Do | 2 | 0 | 0 |
| 6 | കൃഷിയും ജീവസംരക്ഷണവും | എം. എ. വെങ്കിടേശ്വരൻ | പി. കെ. ബ്രദേഴ്സ് കോഴിക്കോട് | 2 | 0 | 0 |
| 7 | ചിത്രാവലി | ഫാദർ സി. കെ. മററം | | 1 | 0 | 0 |

## C

| നമ്പർ | ഗ്രന്ഥങ്ങളുടെ പേര് | ഗ്രന്ഥകർത്താവ് | പ്രസാധകർ | വില | | |
|---|---|---|---|---|---|---|
| 1 | ലഘുപ്രബന്ധങ്ങൾ | വിദ്വാൻ ടി. കെ. രാമൻമേനോൻ | സരസ്വതി പബ്ലിഷിങ് ഹൗസ് തൃശ്ശൂർ | 1 | 4 | 0 |
| 2 | വിലയിരുത്തൽ | സി. ജെ. തോമസ്സ് | നാഷണൽ ബുക്കസ്റ്റാൾ കോട്ടയം | 1 | 4 | 0 |
| 3 | ഗ്രാമങ്ങളിലേയ്ക്കു് | കെ. സി. ജോസഫ് | സെൻറ് ജോസഫ്സ് ഐ. എസ്സ്. പ്രസ്സ് എൽത്തുരുത്ത്, തൃശ്ശൂർ | 0 | 7 | 0 |

# ഗാന്ധിയൻസാഹിത്യം

| നമ്പർ | ഗ്രന്ഥങ്ങളുടെ പേര് | ഗ്രന്ഥകർത്താവ് | പ്രസാധകർ | വില | | |
|---|---|---|---|---|---|---|
| 1 | ശാന്തിമയൻ | | ആർ. എം. കുമാർ തിരുവനന്തപുരം | 0 | 12 | 0 |
| 2 | രാഷ്ട്രപിതാവ് | | Do | 2 | 0 | 0 |

# സാമാന്യവിജ്ഞാനം

## A

| നമ്പർ | ഗ്രന്ഥങ്ങളുടെ പേര് | ഗ്രന്ഥകർത്താവ് | പ്രസാധകർ | വില | | |
|---|---|---|---|---|---|---|
| 1 | ശാസ്ത്രദീപിക | ഡാക്ടർ കെ. ഭാസ്കരൻനായർ | | | | |
| 2 | ഭരണഘടനകൾ | എം. പ്രഭ തിരുവനന്തപുരം | | 2 | 8 | 0 |

# നാടകം

## B

| നമ്പർ | ഗ്രന്ഥങ്ങളുടെ പേര് | ഗ്രന്ഥകർത്താവ് | പ്രസാധകർ | വില | | |
|---|---|---|---|---|---|---|
| 1 | പുത്രബലി | അനു: വാനഴി മുകുന്ദമേനോൻ | സരസ്വതി പ്രിന്റിംഗ് & പബ്ളിഷിംഗ് ഹൗസ് തൃശ്ശൂർ | 0 | 12 | 0 |
| 2 | ചന്ദ്രഗുപ്തൻ | വി. കുഞ്ഞുലക്ഷ്മിഅമ്മ | Do | 1 | 4 | 0 |
| 3 | നേരും നുണയും | എസ്. ശങ്കരനാരായണൻ B. A. | നരസിംഹവിലാസം ബുക്കഡിപ്പോ തുറവൂർ | 0 | 12 | 0 |

## C

| നമ്പർ | ഗ്രന്ഥങ്ങളുടെ പേര് | ഗ്രന്ഥകർത്താവ് | പ്രസാധകർ | വില | | |
|---|---|---|---|---|---|---|
| 1 | അകായിലക്ക് | സി. ദാമോദരമേനോൻ | വിശ്വഭാരതിപ്രസ്സ് തൃശ്ശൂർ | 0 | 12 | 0 |
| 2 | പ്രേമദേവത | തമ്പാന്റർ ററി. പി. | തമ്പാന്റർ ടി. പി. ഗവ. പ്രസ്സ് തിരുവനന്തപുരം | 1 | 4 | 0 |
| 3 | പരിഹാരം | എൻ. ബാലകൃഷ്ണൻനായർ | കമലാലയ ബുക്കഡിപ്പോ | 1 | 0 | 0 |
| 4 | ഡോക്ടർ | കരോട്ട കെ. ജനാർദ്ദനൻ | നരസിംഹവിലാസം ബുക്കഡിപ്പോ തുറവൂർ | 0 | 12 | 0 |
| 5 | ചെകുത്താൻവക്കീൽ | കെ. പി. ശങ്കരനാരായണൻനായർ | Do | 0 | 12 | 0 |
| 6 | പ്രേമസീമ. | പി. എൻ. പെരുമ്പളം | Do | 0 | 12 | 0 |
| 7 | അരുണൻ | ജോസഫ് ചെറുവത്തൂർ | | 1 | 0 | 0 |

# കഥകളും & ചെറുകഥകളും

## A

| നമ്പർ | ഗ്രന്ഥങ്ങളുടെ പേര് | ഗ്രന്ഥകർത്താവ് | പ്രസാധകർ | വില | | |
|---|---|---|---|---|---|---|
| 1 | തേക്കപാട്ട് | കാരൂർ നീലകണ്ഠപ്പിള്ള | നാഷനൽ ബുക്കസ്റ്റാൾ കോട്ടയം | 1 | 8 | 0 |

## B

| | | | | | | |
|---|---|---|---|---|---|---|
| 1 | ചെറുകഥകൾ Part I | സി. കുഞ്ഞുരാമമേനോൻ | | 2 | 0 | 0 |
| 2 | കൊച്ചുകള്ളി | ശങ്കരൻ കരിപ്പായി | വിശ്വഭാരതിപ്രസ്സ് & ബുക്കഡിപ്പോ തൃശ്ശൂർ | 1 | 0 | 0 |
| 3 | പാറകളുടെ സംഗീതം | വെട്ടൂർ രാമൻനായർ | നാഷനൽബുക്കസ്റ്റാൾ കോട്ടയം | 1 | 8 | 0 |
| 4 | കൊട്ടകാററിൽനിന്നു | ലളിതാംബിക അന്തർജ്ജനം | Do | 1 | 4 | 0 |
| 5 | യമൻെറ മുൻപിൽ | ഈ. എം. കോവൂർ | Do | 1 | 8 | 0 |

## C

| | | | | | | |
|---|---|---|---|---|---|---|
| 1 | കാഥികൻ | | രവീന്ദ്ര & കമ്പനി തിരുവനന്തപുരം | 0 | 12 | 0 |
| 2 | ഇന്നോ നാളെയോ | ആർ. സുകുമാരൻ | ധർമ്മദേശം പ്രസ്സ് തിരുവനന്തപുരം | 0 | 8 | 0 |
| 3 | പരിതസ്ഥിതി | Do | Do | 0 | 8 | 0 |
| 4 | പ്രേമഭിക്ഷു | Do | Do | 0 | 12 | 0 |
| 5 | ഉയരുന്ന തലമുറ | പുത്തൂർ നാരായണൻനായർ | | 1 | 0 | 0 |
| 6 | പ്രേമത്തിൻെറ പൊൻനിറം | കെ. കെ. കുഞ്ഞുണ്ണിമേനോൻ | വിശ്വഭാരതിപ്രസ്സ് & ബുക്കഡിപ്പോ തൃശ്ശൂർ | 0 | 12 | 0 |
| 7 | സംസാരിക്കുന്ന മൃഗങ്ങൾ | വള്ളികുളം പി. ജി. പിള്ള | നരസിംഹവിലാസം ബുക്കഡിപ്പോ ഇറവൂർ | 1 | 0 | 0 |
| 8 | ഉദ്യാനത്തകടം | പുതിയേട്ടിൽ ശങ്കരനാരായണൻ | Do | 1 | 0 | 0 |
| 9 | നാടൻ മദാമ്മ | എം. കെ. നായർ | Do | 0 | 12 | 0 |
| 10 | വിനോദരശ്മികൾ | എം. ഗോവിന്ദൻനമ്പൂരി | Do | 0 | 8 | 0 |

| നമ്പർ | ഗ്രന്ഥങ്ങളുടെ പേരു് | ഗ്രന്ഥകർത്താവു് | പ്രസാധകർ | വില | | |
|---|---|---|---|---|---|---|
| 11 | കുടിയിറക്കു് | എസ്. പരമേശ്വരൻനായർ | | 0 | 12 | 0 |
| 12 | പൂരംകാണാൻ | ഭരതൻ എരനല്ലൂർ | വിശ്വഭാരതിപ്രസ്സ് & ബുക്കഡിപ്പോ തൃശ്ശൂർ | 0 | 6 | 0 |
| 13 | അഗതിഹൃദം | വി. പി. ജോസഫ് | Do | 1 | 8 | 0 |
| 14 | നിലാവും നിഴലും | ജോസഫ് ചെറുവത്തൂർ | | 1 | 0 | 0 |
| 15 | വികാരവീചിക | Do | | 1 | 0 | 0 |
| 16 | പൊൽക്കിരണങ്ങൾ | പി. ആൽബർട്ട് റൊസാരിയാ ശംഖുംമുഖം | | 0 | 12 | 0 |
| 17 | പ്രണാമം | ചെറിയാൻ ആൻഡ്രൂസ് | നരസിംഹവിലാസം ബുക്കഡിപ്പോ തുറവൂർ | 1 | 0 | 0 |

## മതഗ്രന്ഥങ്ങൾ

### B

| | | | | | | |
|---|---|---|---|---|---|---|
| 1 | ആദ്ധ്യാത്മിക തത്വശാസ്ത്രം എന്ന ശ്രീമത് ഭഗവദ്ഗീത | പരി: ഡി. പി. പട്ടം | | 2 | 0 | 0 |

## പലവക

### B

| | | | | | | |
|---|---|---|---|---|---|---|
| 1 | ലഘുഭക്ഷണം (ഹാസ്യം) | പി. കെ. രാജരാജവർമ്മ | നാഷണൽ ബുക്ക്സ്റ്റാൾ കോട്ടയം | 1 | 4 | 0 |
| 2 | അടുക്കള | ടി. എൻ. കല്യാണിക്കുട്ടിയമ്മ | | 1 | 8 | 0 |

## റഫറൻസ് പുസ്തകങ്ങൾ

| | | | | | | |
|---|---|---|---|---|---|---|
| 1 | ജ്യോതിഷ മാർഗ്ഗദീപിക | വടക്കേക്കര കരുണാകരമേനോൻ | വിശ്വഭാരതിപ്രസ്സ് & ബുക്കഡിപ്പോ തൃശ്ശൂർ | 1 | 8 | 0 |
| 2 | 1908-ലെ ഇൻഡ്യൻ രജിസ്ട്രേഷൻ ആക്ട് | വി. കെ. റപ്പാററി | കെ. വാസുദേവൻപാററി ഉള്ളൂർ | | | |
| 3 | മലക്കറികൃഷി (കിഴങ്ങുവർഗ്ഗം) | രവിനഴ്സറി നന്തൻകോട്ട് | | | | |

# ഗ്രാന്റുവിതരണത്തെപ്പററി

തിരുവിതാംകൂർ കൊച്ചി സംസ്ഥാനത്തിലെ ഗ്രന്ഥശാലകൾക്ക് ഗ്രാന്റുവിതരണം ചെയ്യുന്നതിൽ നേരിട്ടിട്ടുള്ള കാലവിളംബത്തെപ്പററിയും അതിനു ഗ്രന്ഥശാലാസംഘത്തിനുള്ള ചുമതലയെപ്പററിയും പരാമർശിക്കുന്ന ചില കുറിപ്പുകളും മറുപടികളും ഇതിനകം പല പത്രങ്ങളിലും പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. ഗ്രാന്റിനുള്ള രസീതുകൾ കൈപ്പററിയിട്ടും ഗ്രാന്റുകൊടുക്കാതിരിക്കുന്നുവെന്നും ഇങ്ങനെ ഗ്രാന്റു ലഭിക്കാതിരിക്കുന്ന ലൈബ്രറികൾ അധികവും കൊച്ചീ ഭാഗത്താണെന്നും ഇതിനെല്ലാം ഉള്ള ഉത്തരവാദിത്വം ഗ്രന്ഥശാലാസംഘം വഹിക്കേണ്ടതാണെന്നും മററുമാണ് ലേഖകന്മാർ ഉന്നയിച്ചിട്ടുള്ള ആരോപണങ്ങൾ. ഇത്തരുണത്തിൽ ഗ്രന്ഥശാലാസംഘത്തിന്റെ നിലയെപ്പററി ഒരു വിശദീകരണം നൽകി വാദപ്രതിവാദം അവസാനിപ്പിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു. ഗവർമ്മെന്റ് പ്രതിവർഷം നിയമിക്കുന്ന ഒരു ഗ്രേഡേഷൻകമ്മിററിയുടെ ശുപാർശകൾ അനുസരിച്ചാണു ഗ്രന്ഥശാലകൾക്കു ഗ്രാന്റ് നൾകി വരുന്നതു്. ഈ കമ്മിററി സംഘത്തിന്റെ നിയന്ത്രണത്തിനു വിധേയമല്ലെന്നുള്ളതും ഇവിടെ എടുത്തുപറഞ്ഞുകൊള്ളട്ടെ.

ഗവർമ്മെന്റിൽനിന്നും പണം നേരിട്ടു വാങ്ങി ഗ്രന്ഥശാലകൾക്കു കൊടുക്കുന്നതിനു സംഘത്തെ ഇതുവരെ ഗവർമ്മെന്റ് അധികാരപ്പെടുത്തിയിട്ടില്ല. അതുകൊണ്ടു രസീതുകൾ വാങ്ങി സമർപ്പിക്കുന്നതോടൊപ്പം ഗ്രാന്റുവാങ്ങി വിതരണം ചെയ്യുകയെന്ന ചുമതലകൂടി സംഘം നിർവ്വഹിക്കേണ്ടതല്ലേ എന്ന പ്രശ്നം ഉദിക്കുന്നതേയില്ല.

സാങ്കേതികങ്ങളായ തടസ്സങ്ങൾ നിമിത്തമാണു ഗ്രാന്റുവിതരണത്തിൽ കാലവിളംബം ഉണ്ടായിരിക്കുന്നതെന്നാണു ഞങ്ങളുടെ അറിവ്. ഗ്രാന്റുവിതരണത്തിനു നേരിട്ട കാലതാമസത്തിന്റെ പുറകിലുള്ള സാങ്കേതികവൈഷമ്യം ഇതാണെന്നാണു ഞങ്ങൾ മനസ്സിലാക്കുന്നതു്. ഗ്രാന്റ് നൽകേണ്ട ഗ്രന്ഥശാലകളുടെ എണ്ണം വളരെ വർദ്ധിച്ചിട്ടും നാലുകൊല്ലം മുൻപ് തിരുവിതാംകൂർ ഏരിയായിലേക്ക് അനുവദിച്ചിരുന്ന ഒരു ലക്ഷംരൂപമാത്രമാണ് തിരുവിതാംകൂർ കൊച്ചി സംസ്ഥാനത്തെ 1500-ൽപരം ഗ്രന്ഥശാലകൾക്കു ഗ്രാന്റുകൊടുക്കുന്നതിനു 1952-ലും ഗവർമ്മെന്റ് ബഡ്ജററിൽ ഉൾപ്പെടുത്തീട്ടുള്ളതു്. എന്നാൽ ഗ്രേഡേഷൻകമ്മിററിയുടെ ശുപാർശകൾ പ്രയോഗത്തിൽ വരുത്തുവാൻ തുനിഞ്ഞപ്പോഴേയ്ക്കു് ഈ തുക തികച്ചും അപര്യാപ്തമാണെന്നു ഗവർമ്മെന്റിനു ബോദ്ധ്യമാകുകയും ഒരുലക്ഷം രൂപയിൽ കൂടുതൽ വേണ്ടിവന്ന തുക നൽകുന്നതിന് ഗവർമ്മെന്റ് സന്മനോഭാവം പ്രകടപ്പിക്കുകയും ചെയ്തു. ഒരുലക്ഷം രൂപയിൽ ഉൾക്കൊണ്ട ഗ്രാന്റുകൾ യഥാവസരം കൊടുത്തുതീർക്കുകയും ചെയ്തു. ബാക്കിവേണ്ടിവന്ന തുക ഏതിനത്തിൽനിന്നും എടുക്കണമെന്നും എങ്ങിനെയെല്ലാമാണു ടി തുക ഉണ്ടാക്കേണ്ടതെന്നും മററുമുള്ള സാങ്കേതികങ്ങളായ വൈഷമ്യങ്ങൾ ഒന്നിനൊന്നായി ഉയർന്നുവന്നു. എഡ്യൂക്കേഷൻഡിപ്പാർട്ടുമെന്റും ഗവർമ്മെന്റും കൺട്രോളറുമായി ഈ വിഷയത്തിൽ തുടർച്ചയായി എഴുത്തുകുത്തു നടത്തിക്കൊണ്ടിരിക്കയുമാണ്. ഗ്രാന്റുതുക എത്രയും വേഗം കൊടുപ്പിക്കുന്നതിനു സംഘപ്രവർ

ത്തകന്മാർ അധികാരികളെ ദിവസേന സമീപിച്ചുകൊണ്ടിരിക്കയുമാണു ചെയ്യുന്നതു്. 12-8-52-ൽ ഗവർമ്മെൻറിൽനിന്നും വന്ന ഒരു ലററിൽ ലൈബ്രറികൾക്കു കുടിശ്ശികഗ്രാൻറ് കൊടുക്കാൻ അനുവദിച്ചിരിക്കുന്നുവെന്നു വീണ്ടും അറിയിച്ചിട്ടുണ്ടു്; എന്നാൽ അതനുസരിച്ചു് തുക കൊടുപ്പിക്കുന്നതിനു എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെൻറിനെ സമീപിച്ചപ്പോൾ പണത്തിൻെറ അഡ്ജസ്റ്റുമെൻറ് സംബന്ധിച്ചു് വീണ്ടും ഗവർമ്മെൻറിൽനിന്നും ഒരു കല്പനകൂടി ആവശ്യമാണെന്നു അറിയാനിടയായി. ഈ വിഷയത്തിൽ ഗവർമ്മെൻറിനു നിവേദനം നടത്തിയപ്പോൾ രണ്ടു മൂന്നുദിവസത്തിനകം ഫൈനൽ ആർഡർ ആകുമെന്നും ഗ്രഹിക്കാൻ കഴിഞ്ഞിട്ടുണ്ടു്.

കൊച്ചി വിഭാഗത്തിലെ ചില ഗ്രന്ഥശാലകളാണു ഈ വൈഷമ്യത്തിനു കൂടുതൽ പാത്രമായിട്ടുള്ളതെന്ന പ്രാദേശിക വിവേചനത്തെ മുൻനിവൎത്തിയുള്ള ആരോപണവും അടിസ്ഥാനരഹിതമാണു്. ഗ്രന്ഥശാലകൾക്കു ഗ്രാൻറു നൽകുവാനുള്ള ലിസ്ററു തയ്യാറാക്കി ഗവർമ്മെൻറിൽ സമൎപ്പിക്കയല്ലാതെ ഗ്രഡേഷൻകമ്മിയോ ഗ്രന്ഥശാലാസംഘമോ ഗ്രാൻറുവിതരണത്തിൽ കൈക്കൊള്ളേണ്ട രീതിയെപ്പററിയോ മുറയെപ്പററിയോ യാതൊരു നിർദ്ദേശവും നൾക്കുക പതിവില്ല. ഗ്രാൻറുതുക വിതരണംചെയ്യുന്നതു് വിദ്യാഭ്യാസഡയറക്ടർ ആഫീസിൽ നിശ്ചയിക്കുന്ന രീതിയും മുറയും അനുസരിച്ചാണു്. കഴിഞ്ഞകൊല്ലത്തെ ഗ്രാൻറ് ഇനിയും ലഭിച്ചിട്ടില്ലാത്ത ഗ്രന്ഥശാലകളുടെ കൂട്ടത്തിൽ കൊച്ചിവിഭാഗത്തിലും തിരുവിതാംകൂർ വിഭാഗത്തിലും ഉള്ളതും ഉൾപ്പെടുന്നുവെന്നുള്ള പരമാൎത്ഥം ആരോപണംകൊണ്ടുവരുന്നവർ മനസ്സിലാക്കിയിട്ടില്ലെന്നുകാണുന്നതു് ഖേദകരമായിരിക്കുന്നു. ഗ്രന്ഥശാലാപ്രസ്ഥാനത്തിൽ തിരുവിതാംകൂർ—കൊച്ചിയുടെ സംയോജനം കൊച്ചിവിഭാഗത്തിനു പ്രതികൂലമായിത്തീൎന്നിരിക്കുന്നുവെന്ന അടിപ്രായഗതിയും നിരൎത്ഥകമാണെന്നു പറയേണ്ടിയിരിക്കുന്നു. കൊച്ചിൻ ഏരിയായിൽ ഡിപ്പാർട്ടുമെൻറിൻെറ സംപൂൎണ്ണമായ ചുമതലയിൽ ഇരുന്നകാലത്തു് രണ്ടുംമൂന്നുംകൊല്ലമായി ഗ്രാൻറുലഭിക്കാതെയിരുന്ന ചില ഗ്രന്ഥശാലകൾക്കു ഗ്രാൻറു കൊടുപ്പിക്കുക, ഗ്രേഡു് അനുസരിച്ചു് പല ഗ്രന്ഥശാലകളുടേയും ഗ്രാൻറുതുക വർദ്ധിപ്പിക്കുക, താലൂക്കുകേന്ദ്രലൈബ്രറികൾ പ്രാരംഭിപ്പിച്ചു് ഒരു സഹായധനം കൊടുപ്പിക്കുക, പല വായനശാലകൾക്കു ആക്ഷേപമുണ്ടായിരുന്ന പുസ്തകവിതരണം നിവൎത്തി ഗ്രാൻറു മുഴുവൻ പണമായി കൊടുപ്പിക്കുക, തുടങ്ങിയവ സംഘത്തിൻെറ പ്രവൎത്തനഫലമായി ഉണ്ടായ നേട്ടങ്ങളിൽ ചിലതുമാത്രമാണു്. കൊച്ചി വിഭാഗത്തിൽ പുസ്തകം ഉൾപ്പെടെ 75 രൂപാ വീതം ഗ്രാൻറു കിട്ടിവന്നവയ്ക്കു് ഗ്രാൻറു 60 രൂപയായി കുറയ്ക്കുവാൻ ഇടയാനിട്ടുണ്ടെന്ന പരമാൎത്ഥം ഇവിടെ വിസ്മരിക്കുന്നില്ല. ഇതിനു കാരണം ഗ്രാൻറിനുള്ള മൊത്തംതുകയുടെ അപര്യാപ്തതയാണെന്നും ഇതു് ഒരു വെറും താൽക്കാലികമായ ഒരു വ്യവസ്ഥയാണെന്നും ഏററവും കുറഞ്ഞ ഗ്രാൻറ് 120 രൂപ ആക്കുന്നതിനു സംഘം ഉററു പരിശ്രമിക്കയാണെന്നും പ്രസ്താവിച്ചുകൊള്ളട്ടെ.

മേൽ വിവരിച്ച വസ്തുതകളെല്ലാം മനസ്സിലാക്കി ഗ്രന്ഥശാലാപ്രവൎത്തകർ അനാസ്പദമായ ആശങ്കകൾക്കു് വിധേയരാകരുതെന്നു പ്രാൎത്ഥിക്കുകയും പൂൎവ്വാധികം ഉത്സാഹത്തോടുകൂടി ഈ പ്രസ്ഥാനത്തിൽ തുടൎന്നു പ്രവർത്തിക്കണമെന്നു അപേക്ഷിക്കുകയും ചെയ്യുന്നതോടൊപ്പം അനുവദിച്ചു് ഇതുവരെ ഗ്രാൻറു ലഭിച്ചിട്ടില്ലാത്ത ഗ്രന്ഥശാലകൾക്കെല്ലാം നിശ്ചയമായും എത്രയും വേഗം ഗ്രാൻറ് ലഭിക്കുമെന്നു ഉറപ്പുതരുവാനും ഞാൻ ഈ അവസരം വിനിയോഗിച്ചുകൊള്ളട്ടെ.

പി. എൻ. പണിക്കർ,
ജനറൽസെക്രട്ടറി,
തിരു-കൊച്ചി ഗ്രന്ഥശാലാസംഘം.

## ബുക്ക്സെലക്ഷൻ കമ്മിററിയോഗം

ബുക്ക്സെലക്ഷൻകമ്മിററിയുടെ ഒരു യോഗം ആഗസ്ററ് 20-ാം തീയതി വൈകുന്നേരം 6 മണിക്കു സംഘംആഫീസിൽവച്ചു കൂടി. ഹാജരുണ്ടായിരുന്ന അംഗങ്ങൾ: ഡാക്ടർ പി. ജെ. തോമ്മസ്, റവഃ ഫാദർ സി. കെ. മററം, ശൂരനാട്ടു പി. എൻ. കുഞ്ഞൻപിള്ള, കെ. ദാമോദരൻ, പി. എൻ. പണിക്കർ. യോഗത്തിൽ ഡാക്ടർ പി. ജെ. തോമ്മസ് അദ്ധ്യക്ഷതവഹിച്ചു.

### തീരുമാനങ്ങൾ.

1. ബുക്ക് സെലക്ഷൻ കമ്മിററിയുടെ പ്രവർത്തനത്തിനു സഹായകമാകത്തക്കവിധത്തിൽ ഒരു നിയമാവലി തയ്യാറാക്കുന്നതിനു റവഃ ഫാദർ സി. കെ. മററം, ശ്രീ, ശൂരനാട്ടു പി. എൻ. കുഞ്ഞൻപിള്ള, ശ്രീ, കെ. ദാമോദരൻ എന്നിവരുൾപ്പെട്ട ഒരു സബ്കമ്മിററിയെ ചുമതലപ്പെടുത്തി. സബ്കമ്മിററിയുടെ കൺവീനർ റവഃ ഫാദർ സി. കെ. മററമായിരിക്കുന്നതാണ്.

2. കൊച്ചി ഭാഷാപരിഷ്ക്കരണക്കമ്മിററി, ഓറിയൻറൽ മാനുസ്ക്രിപ്ററ്സ്ലൈബ്രറി, യൂണിവേഴ്സിററി പബ്ലിക്കേഷൻസ് ഡിപ്പാർട്ടുമെൻറ് എന്നീ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഗ്രന്ഥങ്ങൾ ബുക്സെലക്ഷൻകമ്മിററി അംഗങ്ങൾക്കു വിതരണം ചെയ്യുന്നതിനുവേണ്ടി ഓരോ പുസ്തകത്തിൻേറയും എട്ടുപ്രതിവീതം ഗ്രന്ഥശാലാസംഘത്തിലേക്കു അയച്ചുകൊടുക്കുന്നതിനു അപേക്ഷിക്കേണ്ടതാണ്.

3. അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ബുക്ക്ലിസ്ററ് പുനഃ പരിശോധന ചെയ്യണമെന്നുള്ള റവഃ ഫാദർ സി. കെ. മററത്തിൻെറ പ്രമേയം അടുത്തകമ്മിററിയിലേക്കു മാററിവച്ചു.

4. ഗ്രന്ഥശാലാസംഘത്തിൻെറ അംഗീകാരത്തിനായി അയയ്ക്കുന്ന പുസ്തകങ്ങളുടെ ഓരോപ്രതികൾ ഏഴു പരിശോധനാക്കമ്മിററിഅംഗങ്ങൾക്കും ഒരുപ്രതി സംഘംആഫീസിലേക്കും അയയ്ക്കേണ്ടതാണ്. ഏതെങ്കിലും ഒരു കമ്മിററി അംഗത്തിനു പുസ്തകം കിട്ടാത്തപക്ഷം ആ പുസ്തകം പരിശോധനയ്ക്കു വിധേയമാക്കുന്നതല്ല. പുസ്തകത്തിൻെറ വിതരണം സംഘം ആഫീസിൽനിന്നും ചെയ്യണമെന്നുണ്ടെങ്കിൽ പുസ്തകങ്ങളുടെ എട്ടുപ്രതിയും വിതരണച്ചെലവിനു രണ്ടുരൂപയും അയച്ചുതരേണ്ടതാണ്.

5. 42 പുസ്തകങ്ങൾ പരിശോധിച്ചു യോഗ്യതയുള്ളവയെ വിവിധഗ്രേഡുകളിലായി അംഗീകരിച്ചു.

## ഗ്രന്ഥശാലാ പ്രവർത്തകരുടെ ശ്രദ്ധയ്ക്കു്

ഗ്രന്ഥശാലാസംഘം ബുക്ക്സെലക്ഷൻകമ്മിററി അംഗീകരിച്ചു സംഘം പ്രസിദ്ധപ്പെടുത്തിയിട്ടുള്ള പുസ്തക ലിസ്റ്റിൽ A ക്ലാസ്സിൽ ഉൾപ്പെടുത്തിയിട്ടുള്ള പുസ്തകങ്ങൾ ഗ്രാൻറു ലഭിച്ചിട്ടുള്ള എല്ലാ വായനശാലക്കാരും നിർബ്ബന്ധമായും വാങ്ങിയിരിക്കേണ്ടതാണ്.

1952-53-ലേയ്ക്കു ഗ്രാൻറിനപേക്ഷിച്ചിട്ടില്ലാത്ത വായനശാലക്കാർ ഉടനെ ഗ്രാൻറിനപേക്ഷിക്കേണ്ടതാണ്.

# ഗ്രന്ഥശാലാവാർത്തകൾ

## ഒരു മാതൃകാപ്രവർത്തകൻ

കൃഷ്ണപുരം മഹാത്മജിസ്മാരക ഗ്രന്ഥശാലയുടെ രക്ഷാധികാരിയായ ശ്രീമാൻ N. കൃഷ്ണപ്പണിക്കർ തികഞ്ഞ ഒരു സാമൂഹ്യപ്ര



വർത്തകനാണ്. വിവിധോദ്ദേശ സഹകരണസംഘം പ്രസിഡൻറായി ദീർഘകാലം സേവനം അനുഷ്ഠിച്ച ഇദ്ദേഹം വിദ്യാഭ്യാസപരമായ പ്രവർത്തനങ്ങളിലേക്ക് തൻെറ ജീവിതം തിരിച്ചുവിട്ടിരിക്കുകയാണ്. പ്രസ്തുത ഗ്രന്ഥശാലയ്ക്കുവേണ്ടി പണികഴിപ്പിച്ചിരിക്കുന്ന കെട്ടിടത്തിന് 3 സെൻറ് സ്ഥലം സംഭാവന ചെയ്തതിനു പുറമേ ഉദാരമായ സംഭാവനയും നല്കിയിട്ടുണ്ട്. സാമ്പത്തികമായ സഹായങ്ങൾ ചെയ്യുന്നതിന് ഈദൃശ പ്രവർത്തകരുടെ സഹകരണം ഓരോ ഗ്രന്ഥശാലയ്ക്കും ലഭിച്ചിരുന്നെങ്കിൽ.

## ഉദാരമായ സംഭാവന

1. കന്നിട ബാപ്പുജിമെമ്മോറിയൽ ഗ്രന്ഥശാലയ്ക്കു കെട്ടിടം നിർമ്മിക്കുന്നതിനായി സ്ഥലത്തെ ഒരു പൗരനും പൊതുകാര്യ പ്രസക്തനുമായ നെട്ടങ്ങോട്ടുവീട്ടിൽ ശ്രീ. റ്റി. ആർ. നാരായണപിള്ള നാലു സെൻറുസ്ഥലം സംഭാവന ചെയ്തിരിക്കുന്നു.

2. തീക്കോയി പീപ്പിൾസ് ലൈബ്രറിക്ക് കെട്ടിടം പണിക്കുവേണ്ടി മൂന്നു സെൻറുസ്ഥലം, പ്രസ്തുത വായനശാലാപ്രസിഡൻറ് ശ്രീ. ജാൺസൺ ജെ. വള്ളിക്കാപ്പൻ B. A. സംഭാവന ചെയ്തിരിക്കുന്നു. കെട്ടിടത്തിൻെറ പണിതീരുന്നതുവരെ വായനശാല നടത്തുന്നതിനു ഒരു കെട്ടിടം സൗജന്യമായി വിട്ടുകൊടുത്തിരിക്കുന്നു. 1-8-52 മുതൽ പ്രസ്തുതഗ്രന്ഥശാലയ്ക്ക് രണ്ടേകാൽ സെൻറു സ്ഥലവും ഒരു കെട്ടിടവും പരേതനായ ശ്രീ. വി. എം. ജോസഫ് വള്ളിക്കാപ്പിൽ അവർകളുടെ സ്മരണയ്ക്കായി ശ്രീമതി ഏലിയാമ്മ ജോസഫ് വള്ളിക്കാപ്പിൽ സംഭാവന ചെയ്തിരിക്കയാണ്.

3. പിരാക്കോട്ട് (മെഴുകമ്മൽ) ജയ് ഹിന്ദ് പബ്ളിക് ലൈബ്രറിക്ക് ഒരു സ്വന്തകെട്ടിടം പണിയുന്നതിനു ശ്രീ. കെ. പരമേശ്വരൻപിള്ള രണ്ടുസെൻറു സ്ഥലം സംഭാവന ചെയ്തിരിക്കുന്നു.

4. ചോരനാട്ട് (അഞ്ചൽ) ശ്രീചിത്തിര തിരുനാൾ ഗ്രന്ഥശാലയ്ക്ക് ഒരു പൊതുകാര്യപ്രസക്തനായ വലിയവിളയിൽ കെ. വിദ്യാധരൻ ദിവംഗതയായ തൻെറ ഭാര്യയുടെ പാവനസ്മരണയ്ക്കായി 2000

ത്തിൽപ്പരം രൂപാ ചെലവുചെയ്തു് പണിതീർത്ത ഒരു കെട്ടിടവും രണ്ടു സെൻറു സ്ഥലവും സംഭാവന ചെയ്തിരിക്കുന്നു.

5. കുന്നത്തൂർ (വിളവംകോട്ട്) മഹാത്മാഗാന്ധി സ്മാരകഗ്രന്ഥശാലയ്ക്കു് ക്രാവിളാകത്തു പുത്തൻ വീട്ടിൽ ജനാർദ്ദനൻ തമ്പി നാലുസെൻറു സ്ഥലം സംഭാവന ചെയ്തിരിക്കുന്നു.

6. ഇളമണ്ണൂർ. കെ. പി. പി. മെമ്മോറിയൽ ലൈബ്രറിക്കു്, കായംകുളം പുനലൂർ റോഡരുകിൽ 4 സെൻറു സ്ഥലവും രണ്ടുമുറിയോടുകൂടി മനോഹരമായ ഒരു കെട്ടിടവും ആവശ്യമുള്ള ഉപകരണങ്ങളും (ഉദ്ദേശം 4000 രൂപാവിലയുള്ളതു്) ഇളമണ്ണൂർ കളങ്ങര വീട്ടിൽ ശ്രീ. പി. നാരായണപിള്ള സംഭാവന ചെയ്തിട്ടുണ്ടു്.

7. വിയ്യൂർ ഗ്രാമീണ വായനശാലയ്ക്കു് മേലു വീട്ടിൽ നാണുമേനോന്റെ പ്രഥമ ചരമവാർഷികത്തിന്റെ പാവനസ്മരണയ്ക്കായി അദ്ദേഹത്തിന്റെ പുത്രൻ ശ്രീ. തോമ്പിൽ ശങ്കുണ്ണിമേനോൻ M. A. 130 രൂപാ വിലയ്ക്കുള്ള 88 പുസ്തകങ്ങളും പുത്രികുമാരി തേറമ്പിൽ അമ്മുക്കുട്ടി 35 രൂ. വിലയ്ക്കുള്ള 33 പുസ്തകങ്ങളും സംഭാവന ചെയ്തിരിക്കുന്നു.

8. മഴവന്നൂർ പബ്ളിക് ലൈബ്രറിക്കു് മന്ദിരം പണിയുന്നതിനു സ്ഥലത്തെ ഒരു പൗരപ്രധാനിയായ ശ്രീ. എം. വി. വക്കിതരകൻ റോഡരുകിലായി ഉദ്ദേശം 250 രൂപാ വിലയുള്ള നാലുസെൻറു സ്ഥലം സംഭാവന നല്കാമെന്നു വാഗ്ദാനം ചെയ്തിരിക്കുന്നു.

9. താമരക്കുടി വിജ്ഞാനോദയം വായനശാലയ്ക്കു് പഴമ്പള്ളിൽ വീട്ടിൽ ശ്രീ. വി. കേശവപിള്ള 300 രൂപയോളം വില വരുന്ന ഒരു സെൻറു സ്ഥലം സംഭാവന ചെയ്തിരിക്കുന്നു.

10. മീനടം പബ്ളിക് ലൈബ്രറിക്കു് രണ്ടു സെൻറു സ്ഥലം ആലയ്ക്കാപ്പറമ്പിൽ മി. ചാക്കോമാത്തൻ സംഭാവന ചെയ്തിരിക്കുന്നു. പ്രമാണം രജിസ്റ്റർ ചെയ്തിട്ടുമുണ്ടു്

### ചിത്തിരതിരുനാൾ ഗ്രന്ഥശാല & വായനശാല, ചോരനാട്ട്

ചോരനാട്ടു് വലിയവിള പുത്തൻവീട്ടിൽ ശ്രീ. കെ. വിദ്യാധരൻ അവർകൾ ഗ്രന്ഥശാലക്കു് സംഭാവനചെയ്ത കെട്ടിടത്തിന്റെ ഉൽഘാടനകർമ്മം 127-ഇടവം 29--നു- ശ്രീ. രാജഗോപാലൻനായർ B. A. B. L., M. L. A. നിർവഹിക്കുകയുണ്ടായി. ശ്രീ. പി. ഒ. തോമസ് യോഗത്തിൽ അദ്ധ്യക്ഷത വഹിക്കുകയും ശ്രീ. ഉമയനല്ലൂർ ബാലകൃഷ്ണപിള്ള പ്രസംഗിക്കുകയും ചെയ്തു.

### റൂറൽ ലൈബ്രറി & റീഡിംഗ് റൂം, പാച്ചല്ലൂർ.

ഈ ഗ്രന്ഥശാലയുടെ പ്രഥമ വാർഷികസമ്മേളനം മേയ് 11-ാംനു- സംസ്കൃത കോളേജ് പ്രിൻസിപ്പാൾ ശ്രീ. എൻ. ഗോപാലപിള്ള M. A. യുടെ അദ്ധ്യക്ഷതയിൽ നടന്നു. പണ്ഡിതമഹോപാദ്ധ്യായശിരോമണി ശ്രീ. കെ. ബാലരാമപ്പണിക്കരും, ശ്രീ. എം. പി. അപ്പൻ M. A. L. T. യും ഓരോ പ്രസംഗങ്ങൾ നടത്തി. തുടന്നു് ശ്രീ. എസ്. ഭാസ്കരപിള്ള പ്രസിഡന്റായും, ശ്രീ. ഏ. വേലായുധൻനായർ, ശ്രീ. എൻ. ശ്രീധരൻ ഇവർ സെക്രട്ടറിമാരായും, കെ. ചന്ദ്രശേ

ഖരൻനായർ ഖജാൻജിയായും 13 പേരടങ്ങിയ ഒരു പുതിയ കമ്മററിയെ തിരഞ്ഞെടുത്തു.

### സഹൃദയഗ്രന്ഥശാല & വായനശാല, നന്ദിയോട്ട്

പ്രസ്തുത വായനശാലയുടെ ഒരു യോഗം ജൂൺ 15–ാം നു-കൂടി. ശ്രീ. കെ. ഭാസ്കരൻ Bsc. പ്രസിഡൻറായും, ശ്രീ. എസ്. പി. കുറുപ്പ് വൈസ്പ്രസിഡൻറായും, ശ്രീ. കെ. രാമചന്ദ്രൻ ശ്രീ. കെ. വിശ്വംഭരൻ ഇവർ സെക്രട്ടറിമാരായും, ശ്രീ. എസ്. കെ. നാരായണൻ ഖജാൻജിയായും ഒരു പുതിയ പ്രവർത്തകസമിതിയെ രൂപീകരിച്ചു.

### സർക്കാർ ഗ്രാമീണവായനശാല, അരണാട്ടുകര, തൃശ്ശൂർ

ഈ വായനശാലയുടെ 13–ാമതു വാർഷികസമ്മേളനം ഏപ്രിൽ 27–ാനു- പ്രൊഫസർ. ടി. ജെ. ജോർജ് അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. രാത്രി 'സ്ത്രീധനം' എന്ന നാടകം വായനശാല അംഗങ്ങൾ അഭിനയിക്കുകയുണ്ടായി.

### മഹാത്മാഗാന്ധി റീഡിംഗ്റൂം & ലൈബ്രറി, ഇരിങ്ങാലക്കുട

ഈ വായനശാലയുടെ ഒരു പൊതുയോഗം ജൂൺ 15–ാനു- ശ്രീ. ടി. നാരായണമേനോൻ B. A. L. T. യുടെ അദ്ധ്യക്ഷതയിൽ നടന്നു. പുതിയ ഭരണസമിതിയിലേക്ക് ശ്രീ. വി. രാമൻമേനോൻ, B. A. B. L. എൻ. കരുണാകരമേനോൻ എന്നിവരെ പ്രസിഡൻറായും സെക്രട്ടറിയായും തെരഞ്ഞെടുത്തു.

### തിലക്ക്ലബ്ബ് & ഫ്രീ റീഡിംഗ് റൂം, തൃക്കണാർവട്ടം, എറണാകുളം

ഈ വായനശാലയുടെ 5–ാമതു വാർഷികസമ്മേളനം ശ്രീ. തമ്മനത്തു അരവിന്ദാക്ഷൻെറ അദ്ധ്യക്ഷതയിൽ ഏപ്രിൽ 19–ാനു- നടത്തി. ശ്രീ. സി. ഉണ്ണിരാജാ, കെ. ആർ. ചുമ്മാർ. ടാററാപുരം സുകുമാരൻ എന്നിവർ യോഗത്തിൽ പ്രസംഗിച്ചു. യോഗാനന്തരം "രണ്ടിടങ്ങഴി" എന്ന കഥാപ്രസംഗവും, സോമൻ & പാർട്ടിയുടെ ഒരു ഏകാങ്കനാടകവുമുണ്ടായിരുന്നു.

### Y. M. A. വായനശാല, കലവൂർ

ഈ വായനശാലയുടെ 5–ാമതു വാർഷികസമ്മേളനം ശ്രീ. K. K. നാരായണൻ അവർകളുടെ അദ്ധ്യക്ഷതയിൽ നടന്നു. തുടന്നു് ശ്രീ. T. N. വാസുക്കുറുപ്പാശാൻ. പ്രസിഡൻറായും, P. K. വേലായുധൻ വൈസ്പ്രസിഡൻറായും, പി. വി. കരുണാകരൻ സെക്രട്ടറിയായും P. K. തങ്കപ്പൻ ഖജാൻജിയായും 11 പേരടങ്ങിയ ഒരു പുതിയ ഭരണസമിതിയെ തിരഞ്ഞെടുത്തു.

### കൊഞ്ചിറ ഗ്രാമോദ്ധാരണ വായനശാല, വെമ്പായം, പിരപ്പൻകോട്ട് P. O.

ഈ ഗ്രന്ഥശാലയുടെ പ്രഥമവാർഷികസമ്മേളനം ശ്രീ. ററി. വി. തോമ്മസിൻെറ അദ്ധ്യക്ഷതയിൽ നടന്നു. ശ്രീ. ഐ. അമ്പ്രോസ്, ജെ. രാജഗോപാലൻനായർ കാട്ടായിക്കോണം ശ്രീധർ, M. L. A., ശ്രീ. N. N. പണ്ടാരത്തിൽ M. L. A., എന്നിവർ പ്രസംഗിച്ചു. തുടന്നു് ശ്രീ. ഗോവിന്ദക്കുറുപ്പ് പ്രസിഡൻറായും, കുഞ്ഞുകൃഷ്ണപിള്ള സെക്രട്ടറിയായും ഒരു

പുതിയ പ്രവത്തകസമിതിയെ തെരഞ്ഞെടുത്തു.

## കുററിപ്പുഴ ജവഹർ വായനശാല, അയിരൂർ

ഈ വായനശാലയുടെ ഒരു പൊതുയോഗം 29-5-52-ൽ കൂടി. ശ്രീ. രണ്ടാം മുറ കലസുന്നായ്ക്കരെ പ്രസിഡൻറായും, എ. വി. നളിനാക്ഷൻനായരെ സെക്രട്ടറിയായും 7 പേരടങ്ങിയ ഒരു പുതിയ കമ്മററിയെ തിരഞ്ഞെടുത്തു.

## ആർട്ടിസ്ററു് രാജാ രവിവമ്മ ഗ്രന്ഥശാല, മണമ്പൂരു്.

പ്രസ്തുതഗ്രന്ഥശാലയുടെ ഒരു വിശേഷാൽപൊതുയോഗം 31 - 5 - 52 -ൽ കൂടി. സ്ഥലത്തെ കമ്മ്യൂണിസ്ററ് പാട്ടിയിൽനിന്നും സംഭാവനയിൽ ലഭിച്ച 97 പുസ്തകങ്ങൾ (100രൂ. വിലയ്ക്കു്) സ്വീകരിച്ചു് പാട്ടിക്കു് നന്ദി രേഖപ്പെടുത്തുന്ന പ്രമേയം പാസ്സാക്കി. ഹിന്ദിക്ലാസ്സിലെ സാധുക്കുട്ടികൾക്കു് ഗ്രന്ഥശാലയിൽനിന്നും ടെക്സ്ററു ബുക്കുകൾ സൗജന്യമായി കൊടുക്കുന്നതിനും തീരുമാനിച്ചു.

## ജ്ഞാനപ്രദായിനി ഗ്രന്ഥശാല & വായനശാല, പുലിയൂർ.

ഈ വായനശാലയുടെ പ്രഥമവാർഷികയോഗം മേയ് 7-ാനു- ശ്രീ. സി. എൻ. ശങ്കുണ്ണിമൂസ്സതു് അവർകളുടെ അദ്ധ്യക്ഷതയിൽകൂടി. ശ്രീ. സി. എൻ. ശങ്കുണ്ണിമൂസ്സതു് പ്രസിഡൻറായും, കെ. വേലായുധൻപിള്ള വൈസ് പ്രസിഡൻറായും, എം. കെ. രാമകൃഷ്ണകാർണവർ സെക്രട്ടറിയായും എം. എൻ. നമ്പൂതിരി ഖജാൻജിയായും 13 പേരുൾപ്പെട്ട ഒരു കമ്മററിയെ തിരഞ്ഞെടുത്തു.

## പബ്ളിക് ലൈബ്രറി & റീഡിങ്ങ്റൂം, കടയിരുപ്പ്.

ഈ വായനശാലയുടെ ഒരു പൊതുയോഗം 30-5-52-ൽകൂടി. ശ്രീ. കെ. വി. തോമ്മസിനെ പ്രസിഡൻറായും വി. പി. ഗീവറുഗീസിനെ സെക്രട്ടറിയായും 10 പേരടങ്ങിയ ഒരു പുതിയ ഭരണസമിതിയെ തിരഞ്ഞെടുത്തു.

## ആശാൻ സ്മാരക സ്വതന്ത്ര വായനശാല, മാമ്പള്ളി.

കായിക്കര ആശാൻ സ്മാരകവായനശാലയും, മാമ്പള്ളി സ്വതന്ത്രവായനശാലയും കൂടി ആശാൻ സ്മാരക സ്വതന്ത്ര വായനശാല എന്ന പേരിൽ സംയോജിപ്പിച്ചു് ഒരു പുതിയ ഭരണസമിതിയെ തിരഞ്ഞെടുത്തു. ഭരണസമിതിയുടെ പ്രസിഡൻറായി കെ. പി. വാമദേവനേയും, സെക്രട്ടറിമാരായി എസ്. വിശ്വനാഥൻ, കെ. സുധാകരൻ എന്നിവരേയും ഖജാൻജിയായി കെ. രാജുവിനേയും നോമിനേററു ചെയ്തു.

## ദേശീയവായനശാല, കരുകുററി.

ഈ ഗ്രന്ഥശാലയുടെ ഒരു യോഗം മേയ് 25-ാനു- ശ്രീ. പി. വി. ജോസപ്പിൻെറ അദ്ധ്യക്ഷതയിൽകൂടി. ശ്രീ. പി. വി. പോൾ B. A. B. T. യെ പ്രസിഡൻറായും, ശ്രീ. ഇ. സി. ചെറിയാൻ, പി. പി. പൈലി എന്നിവരെ സെക്രട്ടറിമാരായും പി. ജെ. പൌലോസ് ഖജാൻജിയായും 13 പേരടങ്ങിയ ഒരു പുതിയ കമ്മററിയെ തിരഞ്ഞെടുത്തു.

## ഗ്രന്ഥശാലായൂണിയൻ ജനറൽ ബാഡി യോഗം

പത്തനാപുരം—ചെങ്കോട്ട ഗ്രന്ഥശാലായൂണിയൻെറ ജനറൽബോഡിയോഗം പ്രസിഡൻറ് ശ്രീ. കെ. ഗോവിന്ദൻനായരുടെ അദ്ധ്യക്ഷതയിൽകൂടി. അസൗകര്യം നിമിത്തം രാജി സമർപ്പിച്ച വി. ഒ. തോമ്മസ് വൈദ്യൻെറ സ്ഥാനത്ത് സെക്രട്ടറിയായി ശ്രീ. പി. ആർ. രാമകൃഷ്ണപിള്ളയെ തിരഞ്ഞെടുത്തു.

## ഒരു തിരുത്ത്

1348-ാം നമ്പർ അംഗഗ്രന്ഥശാലയുടെ പേര് കലാസേവിനിഗ്രന്ഥശാല, തിപ്പമല, കരിങ്കൽ എന്നു തിരുത്തി വായിക്കേണ്ടതാണ്.

## അഭിപ്രായത്തിനുവന്നിട്ടുള്ള പുസ്തകങ്ങൾ

| | പേര് | ഗ്രന്ഥകർത്താവ് | വില | | |
|---|---|---|---|---|---|
| 1. | എൻെറ നാരായണൻ | എം. കെ. വാസു | 0 | 8 | 0 |
| 2. | ജയന്തി | വെന്നി വാസുപിള്ള | 0 | 8 | 0 |
| 3. | രാഗതരംഗം | Do | 0 | 8 | 0 |
| 4. | പ്രേമലഹരി | മുട്ടത്തു സുധ | 0 | 8 | 0 |
| 5. | ചങ്ങാതികൾ | പരി: ജെ. പി. മത്തായി എം. ഏ. | 0 | 15 | 0 |
| 6. | കുഴിമാടം | കാനം ഈ. ജെ. ഫിലിപ്പ് | 0 | 15 | 0 |
| 7. | സ്ഥാപകചരിതം | ഒ. എം. സി. നമ്പൂതിരിപ്പാട് | 0 | 8 | 0 |
| 8. | ധ്രുവചരിതം | ഒളപ്പമണ്ണ വാസുദേവൻനമ്പൂതിരിപ്പാട് | 0 | 8 | 0 |
| 9. | കനകാംബുജം | കോന്നനാത്തു ജാനകിഅമ്മ | 0 | 8 | 0 |
| 10. | സപത്നി | പ്രേംജി | 0 | 8 | 0 |
| 11. | വിദേശരത്നങ്ങൾ | വിവ: ഏ. ദിവാകരൻ | 1 | 0 | 0 |
| 12. | സ്വാതന്ത്ര്യദിനത്തിൽ | സി. ഏ. കിട്ടുണ്ണി | 1 | 4 | 0 |
| 13. | ഒറവങ്കര നീലകണ്ഠൻ നമ്പൂതിരിയുടെ കൃതികൾ | | 3 | 0 | 0 |
| 14. | വായനശാലയിൽ | ജോസഫ് മുണ്ടശ്ശേരി | 1 | 8 | 0 |
| 15. | നിലച്ചഗാനം | കെ. എം. തോമ്മസ് | 0 | 10 | 0 |
| 16. | സൗഭാഗ്യം കീ. ജയ് | പി. എം. പൈലി | 0 | 12 | 0 |
| 17. | ഹൃദയം | വെള്ളായണി | 0 | 8 | 0 |
| 18. | കലാലഹരി | കുന്നത്തൂർ പി. ശിവശങ്കരപ്പിള്ള | 0 | 6 | 0 |
| 19. | ഉയരുന്ന ചൈന | ടി. ഏ. ശങ്കർ | 1 | 8 | 0 |
| 20. | ശ്രീകണ്ഠേശ്വരം ജി. പത്മനാഭപിള്ള | പി. കെ. പരമേശ്വരൻനായർ | 0 | 4 | 0 |
| 21. | ഒരു മാതൃകായുവാവ് | റവ: ഫാദർ സി. കെ. മററം | 1 | 8 | 0 |
| 22. | പൂവും കായും I | | 1 | 4 | 0 |
| 23. | Do II | Do | 1 | 4 | 0 |
| 24. | ഭാഷാസഹായി | ഏ. കെ. | 1 | 8 | 0 |

# GRANDHALOKAM

*A MONTHLY*

**OFFICIAL ORGAN OF THE**

**Travancore-Cochin Library Association**

## ADVERTISEMENT TARIFF

| | | |
|---|---|---|
| **FRONT COVER PAGE** | ... | (Reserved) |
| **BACK COVER PAGE** | ... | Rs. 70 per insertion. |
| | ... | Rs. 60 per insertion, if three insertions or more. |
| **COVER PAGE 2** | ... | Rs. 60 per insertion. |
| | ... | Rs. 40 per insertion, if |
| | ... | three consecutive |
| | ... | insertions or more. |
| **COVER PAGE 3** | ... | Rs. 50 per insertion. |
| | ... | Rs. 40 per insertion if |
| | ... | three consecutive insertions or more. |
| **ANY OTHER PAGE** | ... | Rs. 40 per insertion. |
| **HALF PAGE** | ... | Rs. 25 .... |
| **QUARTER PAGE** | ... | Rs. 15 .... |
| **BELOW QUARTER PAGE** | ... | Rs. 10 .... |

*For further details apply to:*

*THE MANAGER*
**GRANDHALOKAM,**
PATTOM, TRIVANDRUM.

L. No. 592. 20-7-48. Reg. No. T. 189. M. 5854.

# തിരു-കൊച്ചി ഗ്രന്ഥശാലാസംഘം ഭരണസമിതി

പ്രസിഡൻറ്: ശ്രീ. പറവൂർ ററി. കെ. നാരായണപിള്ള ബി. ഏ., ബി. എൽ.
വൈസ്പ്രസിഡൻറ്: 1. ശ്രീ. സി. നാരായണപിള്ള ബി.ഏ. ബി.എൽ.
ടി 2. ശ്രീ. കെ. എം. അഗസ്റ്റിൻ ബി. ഏ. ബി. കോം.

ശ്രീ. പി. എൻ. പണിക്കർ (ജനറൽ സെക്രട്ടറി)
,, എൻ. കേശവപിള്ള (ട്രഷറർ)
,, എൻ. അഗസ്ത്യലിംഗംപിള്ള
,, ജെ. കേശവൻ
,, ഏ. പി. ഉദയഭാനു B. A & B. L.
,, ഫാദർ സി. കെ. മററം എം. ആർ. ഏ. എസ്., എഫ്. ആർ. എസ്സ്. ഏ. (ലണ്ടൻ).
,, നീലവന ആർ. മാധവൻനായർ (പ്ര. സ: അംഗം)
,, എൻ. ഏ. നൂർമഹമ്മദ് ബി. ഏ. ബി. എൽ., എം. എൽ. ഏ.
,, എൻ. ഗോപാലപിള്ള എം. ഏ.

ശ്രീ. എം. തോമസ് എം. ഏ. എൽ. ററി. (ആണററി ജോയിൻറ് സെക്രട്ടറി)
,, സി. കെ മാണി ബി. ഏ. ബി. എൽ
,, എൻ. പി. വർഗ്ഗീസ് ബി. ഏ. ബി. എൽ; എം. എൽ. ഏ. (പ്ര. സ: അംഗം)
റവ. J. W. റസ്സാലം ബി. ഏ. ബി. ഡി.
ശ്രീ. കെ. കൊച്ചുകുട്ടൻ (മിനിസ്റ്റർ).
,, എം. കെ. മേനോൻ
,, പനമ്പിള്ളി ഗോവിന്ദമേനോൻ എം. ഏ ബി. എൽ., (മിനിസ്റ്റർ).
ഡാ. പി. കെ. നാരായണപിള്ള എം. ഏ. പിഎച്ച്. ഡി. (പ്ര. സ: അംഗം)
ശ്രീ. ജോസഫ് ചാഴിക്കാട

# ഗ്രന്ഥാലോകം

മാസികയ്ക്കുള്ള ലേഖനങ്ങൾ, അഭിപ്രായത്തിനുള്ള ഗ്രന്ഥങ്ങൾ (രണ്ടു പ്രതികൾ), മണിയാർഡറുകൾ, അപേക്ഷകൾ, മററു എഴുത്തുകുത്തുകൾ മുതലായവ മാനേജർ, തിരു-കൊച്ചി ഗ്രന്ഥശാലാസംഘം ആഫീസ്, പട്ടം, തിരുവനന്തപുരം, എന്ന മേൽവിലാസത്തിൽ അയയ്ക്കണം.

മാനേജർ.

Printed and Published by P. N. Panikkar for the Travancore-Cochin Granthasala Samgham at the Prakash Printing & Publishing House, Statue Junction, Tvm.